www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 22 | 2017 JUNE 17 | ₹10

## ബദ്റിൽ എന്ത് സംഭവിച്ചു?



## ബദ്റിലെ ഗുണപാഠം

സകാത്തിലൂടെ ധനം ശുദ്ധീകരിക്കുക | പ്രതികരണത്തിന്റെ റമദാൻ പാഠം

മനസ്സുകളോട് സംവദിക്കുന്ന വേദഗ്രന്ഥം | കൂടിയാലോചയുടെ അനിവാര്യത

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0022 / 2017 ജൂൺ 10 / 1438 റമദാൻ 15 / പുസ്തകം 01 / ലക്കം 22


# ബദ്റിൽ എന്ത് സംഭവിച്ചു?


സുഫ്‌യാൻ അബ്ദുസ്സലാം / 10





**മുഖമൊഴി**

കൂടിയാലോചനയുടെ അനിവാര്യത / 05
എഡിറ്റർ

**ക്വുർആൻ പഠനം**

പ്രതികരണത്തിന്റെ റമദാൻ പാഠം / 06
ശമീർ മദീനി

**പാരന്റിംഗ്**

ആരാധനകൾ ശീലമാകാൻ / 30
അശ്റഫ് എകരൂൽ

**കവിത**

കറുത്തമാനവും വെളുത്ത പ്രതീക്ഷകളും / 34
അബൂ മുഫീദ്

**ലേഖനങ്ങൾ**

മനസ്സുകളോട് സംവദിക്കുന്ന വേദഗ്രന്ഥം / 07
മെഹ്ബൂബ് മദനി ഒറ്റപ്പാലം

നിറഞ്ഞ മനസ്സ് / 17
ഇബ്നു അഹ്മദ് പൂക്കാടഞ്ചേരി

ബദ്റിലെ ഗുണപാഠം / 18
മൂസ സ്വലാഹി, കാര

സകാത്തിലൂടെ ധനം ശുദ്ധീകരിക്കുക / 22
ഉസ്മാൻ പാലക്കാഴി

പ്രവാചകന്മാരുടെ പ്രത്യേകതകൾ / 26
ഹുസൈൻ സലഫി, ഷാർജ

സ്രഷ്ടാവ് സൃഷ്ടികളെ പോലെയല്ല / 28
എസ്.എ ഐദീദ് തങ്ങൾ



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### ചിന്തിച്ച് ജീവിക്കുക

കുടുംബം, ജോലി, സമ്പത്ത്, ആരോഗ്യം...മനുഷ്യൻ തിരക്കിലാണ്. സൂര്യോദയം മുതൽ അസ്തമയം വരെ അവൻ ഓടിക്കൊണ്ടിരിക്കുന്നു. ജീവിതത്തോടുള്ള അമിതമായ ആർത്തിയാണവന്. സമ്പത്തിനോടുള്ള അടങ്ങാത്ത ഭ്രമം മനുഷ്യത്വത്തെ കവർന്നെടുത്തുകൊണ്ടിരിക്കുന്നു. വിനോദങ്ങളോടുള്ള തീരാത്ത കൊതി അവനെ അന്ധനാക്കുന്നു. രമിച്ചും രസിച്ചും കുടിച്ചും മദിച്ചും കാലം കഴിക്കുന്നു. സുഖാനുഭൂതികളിലും ആഢംബരങ്ങളിലും ആസ്വാദനങ്ങളിലും മുഴുകി ജീവിക്കുമ്പോൾ അവൻ സൃഷ്ടിച്ച സ്രഷ്ടാവിനെ വിസ്മരിക്കുന്നു.

ജീവിതം ഒരു പരീക്ഷണമാണ്. ആരോഗ്യവും സമ്പത്തും സന്താനങ്ങളുമെല്ലാം പരീക്ഷണമാണ്. ഈ പരീക്ഷണത്തിലെ വിജയമാണ് ജീവിതലക്ഷ്യം. 'പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും' എന്നത് അല്ലാഹുവിന്റെ മുന്നറിയിപ്പാണ്. അവൻ വാഗ്ദാനം ലംഘിക്കാത്തവനാണ്.

മരണമെന്ന മഹായാഥാർഥ്യത്തിന് കീഴ്പെടേണ്ടവനാണ് മനുഷ്യൻ. ഉറ്റവരും ഉടയവരും ആറടി മണ്ണിൽ നമ്മെ അടക്കം ചെയ്ത് തിരിച്ച് പോകും. മണ്ണിൽ നിന്നുള്ള സൃഷ്ടിക്ക് മണ്ണിലേക്കുള്ള മടക്കം. പിന്നീടാണ് യഥാർഥ ജീവിതം. ഘടികാരസൂചി ചലിച്ചുകൊണ്ടേയിരിക്കും. അതിനെ പിടിച്ചു നിർത്താൻ മനുഷ്യൻ അശക്തനാണ്. എങ്കിലും മനുഷ്യൻ അധർമങ്ങളിൽ ആണ്ടുപോകുന്നു!

ഇരുട്ടിൽ നടക്കാൻ വെളിച്ചം അനിവാര്യമാണ്. അല്ലെങ്കിൽ അപകടങ്ങൾ സംഭവിക്കും. 'നേർപഥം' വെളിച്ചം കാട്ടിക്കൊടുക്കുക എന്ന ധർമമാണ് ചെയ്യുന്നത്. നന്നായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്, സത്യം ഗ്രഹിക്കുവാൻ താൽപര്യമുള്ളവർക്ക് നേർപഥം വഴികാട്ടുന്നു. ലളിതമായ ഭാഷയിൽ, അകക്കാമ്പുള്ള ലേഖനങ്ങളാൽ വാരിക സമ്പന്നമാണ്. അഭിനന്ദനങ്ങൾ.

**-മുജാഹിദ്, ജാമിഅ അൽഹിന്ദ്**

### ക്വുർആനിലെ കഥകൾ

'നേർപഥം' റമദാൻ സ്പെഷ്യൽ പതിപ്പിലെ ഓരോ വിഭവവും ആസ്വാദ്യകരമായിരുന്നു. സൂക്ഷിച്ചുവെക്കേണ്ട ഒന്നായി സ്പെഷ്യൽ പതിപ്പിനെ അണിയിച്ചൊരുക്കിയത് അഭിനന്ദനമർഹിക്കുന്നു. ക്വുർആനില കഥകളുമായി ബന്ധപ്പെട്ട ലേഖനം പ്രത്യേകം പരാമർശമർഹിക്കുന്നു.

അല്ലാഹുവിന്റെ വിധി നീതിപൂർണമാണെന്നും അവന്റെ കാരുണ്യം കുറ്റമറ്റതാണെന്നും അവന്റെ നിയമാവലികൾ യുക്തി പൂർണമാണെന്നും അവ ഭൂതത്തിലോ, വർത്തമാനത്തിലോ, ഭാവിയിലോ മാറ്റങ്ങൾക്ക് വിധേയമല്ലെന്നുമുള്ള ശക്തമായ താക്കീതാണ് ക്വുർആൻ കഥകൾ നൽകുന്നത്. സ്രഷ്ടാവിനെ ധിക്കരിച്ച് ശാഠ്യം കാണിക്കുന്നവർ അവന്റെ ശിക്ഷകൾക്ക് അർഹരാണെന്നും നേരെ ചൊവ്വെ ചിന്തിച്ചും പഠിച്ചും അവന് സമർപ്പിതനായവന് ഇഹപര ജീവിതത്തിൽ സമാധാനവും സൗഭാഗ്യവും നേടാവുന്നതാണെന്ന സത്യം പല സംഭവകഥകളുടെ പുനരാവിഷ്കാരണത്തിലൂടെ അല്ലാഹു മനുഷ്യന് കാണിച്ച് കൊടുക്കുകയാണ് ക്വുർആൻ കഥകൾ. ക്വുർആൻ കഥകൾ തനി സത്യങ്ങളുടെ വിവരണങ്ങളാണ്. ഊഹങ്ങളോ ഭാവനകളോ അതിനെ വികൃതമാക്കുന്നില്ല. യാഥാർഥ്യങ്ങളുടെ ഇഷ്ടികക്കല്ലുകളാൽ പടുത്തുയർത്തപ്പെട്ട ആശയങ്ങളുടെ എടുപ്പുകളാണവ. നല്ല വായനാനുഭവം പകർന്ന ലേഖനം. അശ്റഫ് എകരൂലിന് പ്രത്യേകം അഭിനന്ദനങ്ങൾ.

**- മുഹമ്മദ് മുഹ്സിൻ, സുൽത്താൻ ബത്തേരി**

### എന്റെ അനുഭവം

ഞാൻ ഒരു ദിവസം ബന്ധുവീട്ടിൽ നിന്നും വരികയായിരുന്നു. അപ്പോൾ എന്റെ രണ്ടുകൂട്ടുകാർ നേർപഥത്തിന് വരിക്കാരെ ചേർക്കുവാൻ നടക്കുന്നത് കണ്ടു. എന്നെ കണ്ടപ്പോൾ വരിചേരാൻ നിർബന്ധിച്ചു. അവരെ ഒഴിവാക്കി വിടാൻ കഴിഞ്ഞില്ല. ഒരു വർഷത്തിനുള്ള പൈസ കൊടുത്തപ്പോൾ ഞാൻ കരുതി; എന്തിനാണിത്? ഇപ്പോൾ തന്നെ നിരവധി മാസികകളും വാരികകകളും ഉണ്ട്! ഇപ്പോർ ഇറങ്ങിക്കൊണ്ടിരിക്കുന്ന പല ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളും പരസ്പരം മാന്യമല്ലാത്ത രീതിയിൽ വിമർശിക്കുന്നവയാണ്. ഒടുവിൽ കാശുകൊടുത്ത് വരിക്കാരനായി. ഒരു ശനിയാഴ്ച്ച പോസ്റ്റുമാൻ 'നേർപഥം' കൊണ്ടു തന്നു. വായിച്ചു നോക്കിയപ്പോൾ വല്ലാത്ത ഒരു അനുഭൂതി. ലളിതം, പഠനാർഹം. ഒരു ലേഖനം തന്നെ ചിലപ്പോൾ രണ്ടു വട്ടം വായിക്കും. ഇപ്പോൾ നേർപഥം വരാൻ കാത്തിരിക്കുന്നു; ഞാൻ മാത്രമല്ല, വീട്ടിൽ എല്ലാവരും. സർവശക്തൻ വിജയം നൽകുമാറാകട്ടെ.

**-ശഫീഖ് ചുങ്കത്തറ**

# കൂടിയാലോചനയുടെ അനിവാര്യത

മനുഷ്യർ വ്യത്യസ്ത കഴിവുകൾ നൽകപ്പെട്ടവരാണ്. അല്ലാഹു ഏതെങ്കിലുമൊക്കെ കഴിവുകൾ ഓരോരുത്തർക്കും നൽകിയിട്ടുണ്ടാകും. നൽകപ്പെട്ട കഴിവുകൾ നന്മയുടെ മാർഗത്തിൽ വിനിയോഗിക്കുന്നവരും തിന്മയുടെ മാർഗത്തിൽ വിനിയോഗിക്കുന്നവരുമുണ്ട്. തന്റെ കഴിവുകളെക്കുറിച്ച് ബോധമില്ലാതെ നിഷ്ക്രിയരായി കാലം തള്ളിനീക്കുന്നവരുമുണ്ട്. അവനവന്റെ കഴിവുകൾ മനസ്സിലാക്കി അതിനെ പരിപോഷിപ്പിച്ച് നന്മയുടെ മാർഗത്തിൽ ജീവിതം നയിക്കുക എന്നതാണ് വിശ്വാസികൾക്ക് കരണീയമായിട്ടുള്ളത്.

സാമൂഹിക ജീവിതത്തിൽ പരിഹരിക്കപ്പെടേണ്ട പല പ്രശ്നങ്ങളും മനുഷ്യന് അഭിമുഖീകരിക്കേണ്ടി വരും. അത്തരം ഘട്ടങ്ങളിൽ പകച്ചുനിൽക്കാതെ പ്രശ്നപരിഹാരത്തിന് ശ്രമിക്കേണ്ടതുണ്ട്. ചില തീരുമാനങ്ങൾ ഒറ്റക്കെടുക്കേണ്ടതായിരിക്കും. കൂടിയാലോചിച്ച് തീരുമാനിക്കേണ്ട കാര്യങ്ങളിൽ കൂടിയാലോചന നടത്തൽ അനിവാര്യമാണ്. കൂടിയാലോചന നടത്തുക എന്നത് അല്ലാഹു വിശ്വാസികളോട് കൽപിച്ച കാര്യമാണ്. കൂടിയാലോചനയുടെ അഭാവം നികത്താനാവാത്ത പല പ്രശ്നങ്ങളും സമൂഹത്തിൽ ഉണ്ടാക്കുമെന്നതിൽ സംശയമില്ല.

കുടുംബനാഥൻ കുടുംബാംഗങ്ങളുമായി കൂടിയാലോചിച്ചായിരിക്കണം കുടുംബകാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്. ഒരു സംഘടനയുടെ നേതൃത്വം കൂടിയാലോചനയിലൂടെ തീരുമാനങ്ങളെടുക്കാതിരിക്കുകയും തലപ്പത്തിരിക്കുന്ന ഒരു വ്യക്തിയോ, ഏതാനും ചിലരോ അവരുടെ തീരുമാനം മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുകയും ചെയ്താൽ അതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും.

ഒരു വിഷയത്തിൽ മറ്റൊരാളുമായി കൂടിയാലോചന നടത്തുമ്പോൾ അക്കാര്യത്തിൽ അയാളുടെ അഭിപ്രായം കൂടി അറിയാൻ സാധിക്കും. ചിലപ്പോൾ അതിനെക്കാൾ നല്ലൊരഭിപ്രായവും നിർദേശവും അയാൾക്കു പറയാനുണ്ടാകും. അയാൾക്കത് ഒരു അംഗീകാരമായും മാന്യസ്ഥാനം ലഭിച്ചതായും തോന്നുകയും ചെയ്യും. മാത്രമല്ല മാനസികമായ അടുപ്പവും ഇണക്കവും ഉണ്ടാവുകയും ചെയ്യും.

മറ്റുള്ളവരുടെ അഭിപ്രായങ്ങളെ നിരുപാധികം സ്വീകരിക്കുവാനല്ല കൂടിയാലോചിക്കണമെന്നു പറയുന്നത്. മറിച്ച് വ്യത്യസ്ത ബൗദ്ധിക നിലവാരമുള്ളവരുടെ അഭിപ്രായങ്ങൾ നല്ലൊരു തീരുമാനത്തിലെത്താൻ സഹായിച്ചേക്കും. കൂടുതൽ യുക്തവും പ്രായോഗികവും ഏറ്റവും ഉപകാരപ്രദവുമായ തീരുമാനം തെരഞ്ഞെടുക്കുവാൻ സാധിക്കും. അതിലെല്ലാമുപരിയായി അവർക്കു കൂടി യോജിപ്പുള്ളതും തൃപ്തികരവുമായ തീരുമാനമായിരിക്കും അത്. തങ്ങളുടെ കൂടി അഭിപ്രായപ്രകാരമുള്ള തീരുമാനമായതിനാൽ അത് നടപ്പിലാക്കുന്നതിൽ യാതൊരു എതിർപ്പും അവരിൽനിന്ന് ഉണ്ടാവുകയുമില്ല.

വിശുദ്ധ ക്വുർആനിലെ ഒരു അധ്യായത്തിന്റെ പേരു തന്നെ കൂടിയാലോചന (ശൂറാ) എന്നാണ്. അതിൽ സത്യവിശ്വാസികളുടെ ചില ഗുണങ്ങൾ വിവരിക്കുന്നതിനിടയിൽ അല്ലാഹു പറയുന്നു: “അവരുടെ കാര്യം അവർക്കിടയിൽ കൂടിയാലോചിക്കപ്പെടുന്നതായിരിക്കും” (ശൂറാ: 38).

കൂടിയാലോചിച്ച് തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുവാനാണ് അല്ലാഹു കൽപിക്കുന്നത്. ഏതു തീരുമാനവും നടപ്പിലാകണമെങ്കിൽ അവന്റെ സഹായം അനിവാര്യമാണല്ലോ. അല്ലാഹുവിൽ ഭരമേൽപിച്ച് അവന്റെ മാർഗത്തിൽ കെട്ടുറപ്പോടെ മുന്നോട്ടു നീങ്ങുക. അവന്റെ സഹായം കിട്ടുമെന്നതിൽ സംശയമില്ല.

ശമീർ മദീനി
shameermadeeni@gmail.com



# പ്രതികരണത്തിന്റെ റമദാൻ പാഠം

**"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (ക്വുർആൻ: 41:34,35)**

**അ**നിഷ്ടകരമായ പലതരത്തിലുള്ള അനുഭവങ്ങളും നമ്മുടെയൊക്കെ ജീവിതത്തിലുണ്ടാകാറുണ്ട്. എല്ലാവരും എല്ലായ്പ്പോഴും നാം ഇഷ്ടപ്പെടുന്ന രൂപത്തിൽ തന്നെ പ്രതികരിക്കുക്കയെന്നത് സംഭവ്യമല്ല. ചിലപ്പോൾ നാം അങ്ങേയറ്റം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന മഹദ് വ്യക്തികളെ ആളുകൾ അവഹേളിക്കുകയും പരിഹസിക്കുക്കയും ചെയ്യുന്ന സ്ഥിതിവിശേഷങ്ങൾ ഉണ്ടാകാം. ചിലപ്പോൾ നമ്മെത്തന്നെയും ദേഹോപദ്രവങ്ങളേൽപിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്ന രംഗങ്ങളുമുണ്ടായേക്കാം. ഇതൊന്നും മനുഷ്യജീവിതത്തിൽ സംഭവിക്കാത്തതല്ല.

ഇത്തരം സന്ദർഭങ്ങളിൽ വൈകാരികമായി പ്രതികരിക്കുന്നവരാണ് മനുഷ്യരിൽ ഭൂരിഭാഗവും. എടുത്തുചാടി പലതും ചെയ്തുകൂട്ടിയ ശേഷം അതിൽ ഖേദിച്ചതുകൊണ്ട് കാര്യമില്ല. ഇത്തരം എടുത്തുചാട്ടത്തെ ഇസ്‌ലാം വിലക്കുന്നു. "സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി." (ക്വുർആൻ 49:6).

വൈകാരിക വിക്ഷോഭങ്ങൾ പ്രകടിപ്പിക്കാൻ ആർക്കും കഴിയും. എന്നാൽ വിവേകപൂർണവും പരിപക്വവുമായ പ്രതികരണത്തിന് നല്ല മനസാന്നിധ്യവും നിശ്ചയദാർഢ്യവുമുള്ളവർക്കേ സാധിക്കുകയുള്ളൂ.

നബിﷺയുടെ കാലത്ത് വിവരമില്ലാത്ത ഒരു ഗ്രാമീണൻ പള്ളിയിൽ മൂത്രമൊഴിച്ചു. ഇത് കണ്ട സ്വഹാബിമാർ ദേഷ്യത്തോടെ അയാളുടെ നേർക്ക് ഓടിയടുക്കുവാൻ തുനിഞ്ഞപ്പോൾ നബിﷺ അവരെ വിലക്കി. ആ ഗ്രാമീണൻ മൂത്രമൊഴിച്ചു കഴിഞ്ഞപ്പോൾ അനുചരന്മാരോട് ഒരു ബക്കറ്റ് വെള്ളം ഒഴിച്ച് അവിടെ വൃത്തിയാക്കുവാൻ നിർദേശിച്ചു. എന്നിട്ട് അവർക്ക് അവരുടെ ദൗത്യത്തെക്കുറിച്ച് ഓർമിപ്പിച്ചുകൊണ്ട് ഉപദേശം നൽകി. അതോടൊപ്പം ആ ഗ്രാമീണനെ വിളിച്ച് ഇപ്രകാരം ഉപദേശിച്ചു: 'ഇത് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിനെ ആരാധിക്കുവാനുള്ള ആരാധനാലയമാണ്. ഇവിടെ മലമൂത്രവിസർജ്ജനം പാടുള്ളതല്ല...."(ബുഖാരി).

എടുത്തുചാട്ടത്തിന്റെ വിവേക ശൂന്യമായ പ്രതികരണമാണ് അവിടെ ഉണ്ടായതെങ്കിൽ എന്തായിരിക്കും ഫലം? മൂത്രമൊഴിച്ച് കഴിയുന്നതിനു മുമ്പെ അയാളെ വിരട്ടി ഓടിക്കുമ്പോൾ അയാൾക്കുണ്ടാകുന്ന വേദനക്കും അസ്വസ്ഥതക്കുമൊപ്പം പള്ളി മുഴുവൻ വൃത്തികേടാകുമായിരുന്നു. ഒരു ബക്കറ്റ് വെള്ളം കൊണ്ട് പരിഹരിച്ച പ്രശ്നത്തിന് അതിന്റെ പത്തിരട്ടി വെള്ളവും അധ്വാനവും വേണ്ടിവരുമായിരുന്നു.

ഇത്തരത്തിലുള്ള നിരവധി പാഠങ്ങൾ കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ് നബിﷺ മനുഷ്യരാശിക്ക് പകർന്നു നൽകിയിട്ടുണ്ട്. മനസ്സിന്റെ സമചിത്തത കൈവിടാതെ സൂക്ഷിക്കാൻ സാധിക്കുന്നവർക്കേ ഈ ലോകത്ത് വിജയം നേടാനാകൂ. പാരത്രിക വിജയവും അവർക്കുതന്നെയെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

മനസ്സിനെ നിയന്ത്രിച്ച് പാകപ്പെടുത്താൻ റമദാൻ വ്രതാനുഷ്ഠാനത്തിലൂടെ സത്യവിശ്വാസികളെ പരിശീലിപ്പിക്കുകയാണ്. ആഗ്രഹങ്ങളെയും വികാരങ്ങളെയും കടിഞ്ഞാണിട്ട് നിയന്ത്രിച്ച് പക്വതയുടെയും വിവേകത്തിന്റെയും ഉന്നത തലങ്ങളിലേക്ക് വ്രതം വിശ്വാസിയെ ആനയിക്കുന്നു.

ഇത്തരം നിയന്ത്രണങ്ങളുടെ പാഠങ്ങൾ വിസ്മരിച്ചു കൊണ്ടുള്ള കേവല പട്ടിണി ഇസ്‌ലാം താൽപര്യപ്പെടുന്നില്ല. നബിﷺ പറഞ്ഞു: "മോശമായ വാക്കും പ്രവൃത്തിയും ഉപേക്ഷിക്കാതെ ഒരാൾ കേവലം അന്നപാനീയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിന് യാതൊരു താൽപര്യവുമില്ല." (ബുഖാരി).

വൈകാരികതക്ക് തിരികൊളുത്തി പലതരത്തിലുള്ള നേട്ടങ്ങളും കൊയ്യാൻ ശത്രുക്കൾ ശ്രമിക്കുമ്പോൾ ശത്രുക്കളുടെ അത്തരം ദുഷ്ടലാക്കുകൾ തിരിച്ചറിഞ്ഞ് ആത്മനിയന്ത്രണത്തോടെ പക്വമായി പ്രതികരിക്കാൻ സത്യവിശ്വാസികൾക്കു സാധിക്കേണ്ടതുണ്ട്. നാഥൻ അനുഗ്രഹിക്കട്ടെ! ആമീൻ. ●

മെഹ്ബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com



# മനസ്സുകളോട് സംവദിക്കുന്ന വേദഗ്രന്ഥം

**നാം** മനുഷ്യർ, കരുണാവാരിധിയായ അല്ലാഹുവിന്റെ വൈവിധ്യമാർന്ന സൃഷ്ടി ജാലങ്ങളിൽ സവിശേഷ ബുദ്ധിയാൽ ആദരിക്കപ്പെട്ട സമൂഹം. ഭൂമിയിലെ നമ്മുടെ സമാധാനപരമായ ജീവിതത്തിന് ആവശ്യമായതെല്ലാം സൃഷ്ടികർത്താവ് നൽകിയിട്ടുണ്ട്. വിശപ്പ് ശമിപ്പിക്കാൻ സ്വാദിഷ്ഠമായ ഭക്ഷ്യ വസ്തുക്കൾ, കുടിക്കാൻ ശുദ്ധജലവും പഴച്ചാറുകളും, ഉടുക്കാൻ അലങ്കാരമാർന്ന വസ്ത്രങ്ങൾ, സഞ്ചരിക്കാൻ ഉചിതമായ വാഹനങ്ങൾ... ഇങ്ങനെ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. എന്നാൽ നമ്മുടെ മനസ്സമാധാനത്തിനും ആത്മീയദാഹമകറ്റാനും അതിലുപരി മരണാനന്തര ജീവിതത്തിലെ മോക്ഷത്തിനുമായി അല്ലാഹു നൽകിയ അനുഗൃഹീത ഗ്രന്ഥമാണ് ക്വുർആൻ.

അതെ, ക്വുർആൻ നമുക്ക് വേണ്ടി നമ്മുടെ നാഥൻ അവതരിപ്പിച്ച നൻമയാർന്ന ഗ്രന്ഥമാണ്. എന്നാൽ പല കാരണങ്ങളാൽ ഈ ദൈവിക ഗ്രന്ഥത്തെക്കുറിച്ച് മനുഷ്യരിലധികവും അജ്ഞരാണ്. ദൈവദൂതൻമാരിൽ അവസാന കണ്ണിയായ മുഹമ്മദ് നബിﷺയിലൂടെയാണ് അതിന്റെ അവതരണമുണ്ടായത്. ദൈവിക ഗ്രന്ഥത്തെ അടുത്തറിയാനും അതിനനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്താനും നാം ശ്രമിച്ചിട്ടില്ലെങ്കിൽ പര്യവസാനം ദുരന്തമായിരിക്കുമെന്നതിൽ സംശയമില്ല. ക്വുർആനിനെ കുറിച്ച് അതൊരു പ്രത്യേക വിഭാഗത്തിനോ, ഗോത്രത്തിനോ വേണ്ടി മാത്രം അവതരിക്കപ്പെട്ട ഒരു ഗ്രന്ഥമാണെന്ന് നാം വിചാരിച്ചെങ്കിൽ അത് നമ്മുടെ അറിവില്ലായ്മയിൽ നിന്നുയിർകൊണ്ട തെറ്റുധാരണ മാത്രമാണ്. സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിന്റെ കലാമുകളാണ് അഥവാ സംസാരങ്ങളാണ് ക്വുർആനിക വചനങ്ങൾ. മനുഷ്യരെ അന്ധവിശ്വാസങ്ങളുടെയും അബദ്ധധാരണകളുടേയും കൂരിരുട്ടിൽ നിന്ന് ദൈവിക സന്ദേശങ്ങളുടെ തെളിമയാർന്ന സരണിയിലേക്ക് നയിക്കുകയെന്നതാണ് ക്വുർആനിന്റെ ലക്ഷ്യം. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: "അലിഫ് ലാം റാ, മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ വേ

ണ്ടി നിനക്ക് നാം അവതരിപ്പിച്ചു തന്നിട്ടു ഗ്രന്ഥമാണിത്. അതായത് പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്" (14:1).

അന്തിമ വേദഗ്രന്ഥമായ ക്വുർആനിനെ ലോകാവസാനം വരെ യാതൊരു വിധ മാറ്റത്തിരുത്തലുകൾക്കും വിധേയമാക്കപ്പെടാതെ സംരക്ഷിക്കുമെന്നത് അല്ലാഹുവിന്റെ പ്രഖ്യാപനമാണ്. മറ്റൊരു വേദഗ്രന്ഥത്തിനും ഈ പ്രത്യേകത അവകാശപ്പെടാനില്ലെന്നതാണ് യാദാർഥ്യം. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്" (15:9).

ഒരു ഗ്രന്ഥം ദൈവികമാണോ എന്നു പരിശോധിക്കാൻ ഏതെല്ലാം മാനദണ്ഡളുണ്ടോ, അതെല്ലാം വെച്ചു നോക്കിയാലും ക്വുർആൻ അല്ലാഹു അവതരിപ്പിച്ചത് തന്നെയാണെന്ന് ബോധ്യപ്പെടുമെന്നുള്ളത് അത്ഭുതാവഹം തന്നെയാണ്. ഇത്തരമൊരാശയത്തിലേക്ക് വിരൽ ചൂണ്ടുന്ന ദൈവിക വചനം കാണുക: "അവർ ക്വുർആനെ പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യം കണ്ടെത്തുമായിരുന്നു" (4:82).

ഇത്തരമൊരു ഗ്രന്ഥം കൊണ്ടുവരാനുള്ള ക്വുർആനിന്റെ വെല്ലുവിളി ഏറ്റെടുക്കാനും ഇന്നേവരെ ആർക്കും സാധിച്ചിട്ടില്ല. ക്വുർആനിന്റെ ദൈവികതയിലേക്ക് ഇതും സൂചന നൽകുന്നു: "നമ്മുടെ ദാസന് നാം അവതരിപ്പിച്ച് കൊടുത്തതിനെ (ക്വുർആനിനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത് പോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ച് കൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല. മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ച് കൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്" (2:23,24).

**ക്വുർആനിന്റെ സ്വാധീനം**

വിശ്വാസത്തിന്റയും സംസ്കാരത്തിന്റെയുമെന്നല്ല മുഴുമേഖലകളിലും അധമത്വത്തിന്റെ പടുകുഴിയിലാണ്ടു കിടന്നിരുന്ന ഒരു സമൂഹത്തെ ലോകാവസാനം വരെയുള്ള മുഴുവൻ മനുഷ്യർക്കും മാതൃകയാക്കാൻ പോന്ന യോഗ്യരാക്കി മാറ്റാൻ നബിﷺക്ക് സാധിച്ചത് ക്വുർആനിന്റെ പിൻബലം കൊണ്ട് മാത്രമാണ്. അല്ലാഹു പറയുന്നു: "രാജാവും പരമ പരിശുദ്ധനും പ്രതാപശാലിയും യുക്തിമാനുമായ അല്ലാഹുവെ ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (62:1,2).

**ദൈവികവചനങ്ങളിലൂടെ പഠിപ്പിക്കുന്ന ഏകദൈവാരാധനയും പരലോക വിശ്വാസവും ബോധ്യപ്പെട്ടതോടെ തുല്യതയില്ലാത്ത പരിവർത്തനം ആ സമൂഹത്തിൽ സാധ്യമാവുകയിരുന്നു. അങ്ങനെ ക്വുർആനിന്റെ അവതരണത്തിനനുസരിച്ച് അതിന്റെ അന്തഃസത്ത മുഴുവൻ ഉൾക്കൊണ്ട ഒരു സമൂഹം വളർന്നുവന്നു.**

ദൈവികവചനങ്ങളിലൂടെ പഠിപ്പിക്കുന്ന ഏകദൈവാരാധനയും പരലോക വിശ്വാസവും ബോധ്യപ്പെട്ടതോടെ തുല്യതയില്ലാത്ത പരിവർത്തനം ആ സമൂഹത്തിൽ സാധ്യമാവുകയിരുന്നു. അങ്ങനെ ക്വുർആനിന്റെ അവതരണത്തിനനുസരിച്ച് അതിന്റെ അന്തഃസത്ത മുഴുവൻ ഉൾക്കൊണ്ട ഒരു സമൂഹം വളർന്നു വന്നു.

ക്വുർആനിന്റെ അനുകരണാതീതമായ വശ്യത അവിശ്വാസികളെപ്പോലും അമ്പരപ്പിച്ചിരുന്നു. പേരും പെരുമയും നിമിത്തം ക്വുറൈശീ ഗോത്രത്തിന്റെ സുഗന്ധച്ചെടി എന്നു വരെ വിശേഷിക്കപ്പെട്ടിരുന്ന വലീദ് ബ്നുമുഗീറ നബിﷺയുടെ അരികിൽ വന്നു. പ്രവാചകൻﷺ അദ്ദേഹത്തിന് ക്വുർആൻ വചനങ്ങൾ ഓതിക്കൊടുത്തു. ഇതു മുഖേന അദ്ദേഹത്തിന്റെ ഹൃദയത്തിൽ അൽപം അലിവുണ്ടായതുപോലെയായി. ഈ സംഭവം ക്വുറൈശീനേതാവായ അബൂജഹല് ബ്നു ഹാഷിം അറിഞ്ഞു. ഉടനെത്തന്നെ അയാൾ വലീദിന്റെ അടുക്കലെത്തി ഇങ്ങനെ പറഞ്ഞു:

"ഹേ, പിതൃവ്യാ! നിങ്ങളുടെ ജനത നിങ്ങൾക്ക് അൽപം സമ്പത്ത് ശേഖരിച്ചു തരാനുദ്ദേശിക്കുന്നു." വലീദ് ചോദിച്ചു: "എന്തിനാണത്?" അബൂജഹൽ: "നിങ്ങൾക്ക് തരുവാൻ തന്നെ. കാരണം, നിങ്ങൾ മുഹമ്മദിന്റെ പക്കലുള്ളത് ചോദിക്കുവാൻ വേണ്ടി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്നുവല്ലോ." വലീദ്:"ഞാൻ ക്വുറൈശികളുടെ കൂട്ടത്തിൽ ധാരാളം ധനമുള്ളവനാണെന്ന് അവർക്കറിയാമല്ലോ." അബൂജഹൽ:"എങ്കിൽ നിങ്ങൾ മുഹമ്മദ് കൊണ്ടു വന്ന കാര്യത്തോട് വെറുപ്പുളവാക്കുമാറുള്ള വല്ലതും ക്വുറൈശികൾ അറിയുന്നതിന് വേണ്ടി പറയുക തന്നെ വേണം." വലീദ്: "ഞാൻ അദ്ദേഹത്തെ കുറിച്ച് എന്തു പറയാനാണ്? അല്ലാഹുവാണ് സത്യം! നിങ്ങളിലാരും എന്റെയെത്ര കവിതകളറിയുന്നവരല്ല. ഗാനമോ ജിന്നുകളുടെ കവിതയോ എന്റെയത്ര നിങ്ങൾക്കറിയില്ല. അല്ലാഹുവാണ് സത്യം! മുഹമ്മദ് പറയുന്നത് (ക്വുർആൻ) ഇതിനോടൊന്നും സാമ്യമില്ലാത്തതാണ്. അല്ലാഹുവാണ് സത്യം! അവൻ പറയുന്ന കാര്യങ്ങൾക്ക് വല്ലാത്തൊരു മാധുര്യമുണ്ട്. അതിന്റെ താഴെ വരുന്നതിനെയെല്ലാം അത് (ക്വുർആൻ) ചവിട്ടിത്താഴ്

ത്തുക തന്നെ ചെയ്യും. അത് ഉന്നതിയിലെത്തും. അതിന്നുപരിയായി ഒന്നും നിലകൊള്ളുകയില്ല." അബൂജഹൽ: "എങ്കിലും താങ്കൾ അതിനെക്കുറിച്ച് എന്തെങ്കിലും (എതിർത്ത്) പറയാതെ താങ്കളുടെ ജനത തൃപ്തരാവില്ല." വലീദ്: "ശരി, എങ്കിൽ നിങ്ങളെന്നെ ഒഴിവാക്കിത്തരിക. ഞാനൊന്നാലോചിക്കട്ടെ." ആലോചനക്ക് ശേഷം അദ്ദേഹം പറഞ്ഞു: "ഇത് മറ്റാരിൽ നിന്നോ ഉദ്ധരിക്കപ്പെടുന്ന സിഹ്റാണ് അഥവാ മാരണമാണ്" (ഇബ്നുകഥീർ 4/534).

നബി ﷺ ക്വുർആൻ പാരായണം ചെയ്യുമ്പോൾ അതിന്റെ സ്വാധീന വലയത്താൽ അവിടുത്തെ എതിർക്കുന്ന സത്യനിഷേധികൾ പോലും സാഷ്ടാംഗം ചെയ്ത ചരിത്രവും ഇത്തരുണത്തിൽ സ്മരണീയമാണ്.

**ക്വുർആൻ പഠനം**

അല്ലാഹു നമ്മുടെ നന്മക്കായി അവതരിപ്പിച്ച ഗ്രന്ഥം പഠിക്കൽ ഓരോരുത്തരുടെയും ബാധ്യതയാണെന്നതിൽ സംശയമില്ല. ദൈവിക വചനങ്ങളുടെ പഠനത്തിലൂടെ മാത്രമാണ് നമുക്ക് നല്ല സംസ്കാരവും സ്വഭാവവുമുള്ളവരായി മാറാൻ കഴിയുക. പഠനത്തിന് വളരെയെളുപ്പമുള്ളതാണ് അതിന്റെ ശൈലി. അല്ലാഹു തന്നെ അക്കാര്യം പറയുന്നത് കാണുക: "തീർച്ചയായും ആലോചിച്ച് മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (54:32).

മനുഷ്യരിൽ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവരാണെന്ന് നബി ﷺ പഠിപ്പിച്ചിട്ടുണ്ട്. ക്വുർആൻ പഠന രംഗത്ത് ഗുണാത്മക രീതിയിലുള്ള അസൂയ അനുവദനീയമാണെന്ന് വരെ നബി ﷺ പറഞ്ഞിട്ടുണ്ട്. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം.അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "രണ്ട് കാര്യങ്ങളിലല്ലാതെ അസൂയ ഇല്ല. ഒരാൾ; അല്ലാഹു അയാൾക്ക് ക്വുർആൻ പഠിപ്പിച്ചു. അയാളാകട്ടെ രാപ്പകലുകളിൽ ക്വുർആൻ പാരായണം ചെയ്യുന്നു. അപ്പോൾ അയാളുടെ അയൽവാസി അതു കേൾക്കുകയും ശേഷം (ഇപ്രകാരം) പറയുകയും ചെയ്യുന്നു:'എനിക്കും ഇയാൾക്ക് നൽകപ്പെട്ടതുപോലെ നൽകപ്പെട്ടിരുന്നുവെങ്കിൽ അയാൾ അനുഷ്ഠിക്കുന്നത് പോലെ കർമങ്ങൾ ഞാനും അനുഷ്ഠിക്കുമായിരുന്നു..." (ബുഖാരി).

ക്വുർആൻ പഠിക്കാനും പാരായണത്തിനുമായി ഒരുമിച്ചു കൂടുന്നതിന്റെ മഹത്ത്വം തിരുദൂതർ വിശദീകരിച്ചതിങ്ങനെയാണ്: "ഒരു വിഭാഗം അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിൽപെട്ട ഒരു പള്ളിയിൽ ഒരുമിച്ച് കൂടുകയും അല്ലാഹുവിന്റെ കിതാബ് പാരായണം ചെയ്യുകയും അവർ അത് അന്യോന്യം പഠിക്കുകയുമായാൽ അവരുടെ മേൽ ശാന്തത വന്നിറങ്ങുകയും കാരുണ്യം അവരെ മൂടുകയും മലക്കുകൾ അവരെ പൊതിയുകയും അല്ലാഹു തന്റെ അടുക്കലുള്ളവരിൽ അവരെ അനുസ്മരിക്കുകയും ചെയ്യും. തീർച്ച" (മുസ്ലിം).

ക്വുർആൻ പാരായണത്തിന്റെ പ്രതിഫലത്തെ റസൂൽ ﷺ പഠിപ്പിച്ചതിപ്രകാരമാണ്: "അല്ലാഹുവിന്റെ കിതാബിൽ നിന്നും (ക്വുർആനിൽ നിന്നും) ആരെങ്കിലും ഒരു അക്ഷരം ഓതിയാൽ അവന് അത് കൊണ്ട് ഒരു പുണ്യമുണ്ട്. ഒരു പുണ്യം അതിന്റെ പത്തിരട്ടിയാണ്. അലിഫ് ലാം മീം എന്നത് ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അലിഫ് ഒരു അക്ഷരമാണ്. ലാം ഒരു അക്ഷരമാണ്. മീമ് ഒരു അക്ഷരമാണ്" (സുനനുത്തിർമിദി).



ക്വുർആൻ പാരായണം ശ്രദ്ധിച്ചു കേൾക്കാനും അതിന്റെ അർഥം മനസ്സിലാക്കി ചിന്തിക്കുവാനും വിശ്വാസികൾ തയ്യാറാവണം. അല്ലാഹു പറയുന്നു: "ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (7:204). "നിനക്ക് നാം അവതരിപ്പിച്ച് തന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ച് നോക്കുന്നതിനും ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി" (38:29).

**മനഃശ്ശാന്തി ക്വുർആനിലൂടെ**

ദൈവികവചനങ്ങളുടെ പാരായണവും പഠനവും മനുഷ്യമനസ്സുകൾക്ക് പകർന്നുനൽകുന്ന സമാധാനം വർണനകൾപ്പുറം മാധുര്യമാർന്നതാണ്. കാരുണ്യവാനായ രക്ഷിതാവ് തന്നെ പറയുന്നു: "ഹേ മനുഷ്യരേ, നിങ്ങളുടെ നാഥനിൽ നിന്നുള്ള സദുപദേശവും മനസ്സുകളിലുള്ള രോഗത്തിനു ശമനവും നിങ്ങൾക്ക് വന്നു കിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നു കിട്ടിയിരിക്കുന്നു)" (10:57).

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചിരിക്കുന്നു" (17:82). ദൈവസ്മരണയിലൂടെ മാത്രമാണ് അനിർവചനീയമാം വിധത്തിൽ മനസ്സുകൾക്ക് സമാധാനം ലഭിക്കുകയുള്ളൂ എന്നതും നാം മനസ്സിലാക്കേണ്ടതാണ്: "അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നത് വരെ. ശ്രദ്ധിക്കുക, അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്"(13:28).

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com





# ബദ്‌റിൽ എന്ത് സംഭവിച്ചു?

**ഹിജ്‌റ രണ്ടാം വർഷം റമദാൻ 17. ഇസ്‌ലാമിക ചരിത്രത്തിലെ നിർണായക സംഭവമായ ബദ്ർ യുദ്ധം നടന്ന ദിവസം. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും അസ്തിത്വം ചോദ്യം ചെയ്യപ്പെട്ടിരുന്ന ഒരു ഘട്ടത്തിൽ ബദ്ർ എന്ന സ്ഥലത്തു വെച്ച് നടന്ന യുദ്ധത്തെക്കുറിച്ച് ഒരു അവലോകനം.**

## യുദ്ധകാരണം

മക്കയിൽ നിന്നും ക്വുറൈശികളുടെ കച്ചവട സംഘം സിറിയയെ ലക്ഷ്യമാക്കി നീങ്ങി. വ്യാപാര നേട്ടങ്ങളാണ് പ്രത്യക്ഷ്യ ലക്ഷ്യമെങ്കിലും മദീനയിൽ സ്വൈര്യമായി കഴിയുന്ന മുഹമ്മദിﷺന്റെയും അനുയായികളുടെയും ഉന്മൂലനമാണ് ആ യാത്രയുടെ ഗൂഢോദ്ദേശ്യം. അല്ലാഹുവിന്റെ സന്ദേശം പ്രവാചകന് ലഭിച്ചു. തീർച്ചയായും കച്ചവടസംഘം തടയപ്പെടണം. അവർ നേട്ടമുണ്ടാക്കിക്കൂടാ. നബി(സ്വ) അനുയായികളുടെ കൂടെ പുറപ്പെട്ടു. ഹിജ്‌റ രണ്ടാം വർഷം ജുമാദുൽ ഊലയിലായിരുന്നു സംഭവം. പ്രവാചകന്റെ കൂടെ 30 ഒട്ടകങ്ങളിലായി 150 മുഹാജിറുകൾ. പക്ഷേ, അവരെ പിടിക്കാൻ സധിച്ചില്ല. ദുൽ ഉശൈറയിൽ എത്തിയപ്പോഴാണ് കച്ചവട സംഘം രക്ഷപ്പെട്ട വിവരം പ്രവാചകനും അനുയായികളും അറിയുന്നത്. ഈ സംഘം സിറിയയിൽ നിന്ന് മടങ്ങുമ്പോൾ അവരെ തടയാൻ നബിﷺ തീരുമാനിക്കുകയായിരുന്നു.ഇതാണ് ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലം.

വർത്തക സംഘം സിറിയയിൽ നിന്നും മടക്കമാരംഭിച്ചു. അമ്പതിനായിരം സ്വർണ നാണയങ്ങൾ വിലമതിക്കുന്ന സ്വത്തുക്കൾ ആയിരം ഒട്ടകങ്ങളാണ് ചുമന്നിരുന്നത്. മക്കയിൽ പ്രവാചകനെയും വിശ്വാസികളെയും സമാധാനപരമായി ജീവിക്കാൻ അനുവദിക്കാതിരുന്ന ക്വുറൈശികളുടെ ഈ സാമ്പത്തിക ശേഖരണ

ത്തിന്റെ കാര്യമായ ഉദ്ദേശ്യം മദീനയെ തകർക്കുക എന്നത് മാത്രമാണെന്ന് മനസ്സിലാക്കിയ പ്രവാചകൻﷺ ഈ ഗൂഢലക്ഷ്യത്തെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ തീരുമാനിച്ചു. അവരുടെ ആക്രമണങ്ങളുടെയും ശത്രുതയുടെയും വിദ്വേഷത്തിന്റെയും മുനയൊടിക്കാൻ കിട്ടുന്ന സുവർണാവസരം. പ്രവാചകൻﷺ ജനങ്ങളോട് പുറപ്പെടാൻ ആഹ്വാനം ചെയ്തു. ആരെയും നിർബന്ധിച്ചില്ല. താൽപര്യമുള്ളവർ മാത്രം പുറപ്പെട്ടു. ഒരു യുദ്ധം പ്രതീക്ഷിച്ചല്ല യാത്ര. അതുകൊണ്ട് തന്നെ സ്വഹാബികളിൽ പലരും മദീനയിൽ തന്നെ തങ്ങി. മദീനയിൽ ഇമാമായി അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂമിؓനെ നിശ്ചയിച്ചു.

### മുസ്‌ലിം സൈന്യം ബദ്റിലേക്ക്

82 മുഹാജിറുകളും 61 ഔസുകാരും 170 ഖസ്റജുകാരും അടക്കം 313 പേരാണ് നബിﷺയുടെ കൂടെയുണ്ടായിരുന്നത്. സുബൈറുബ്നുൽ അവ്വാമിؓന്റെയും മിഖ്ദാദുബ്നു അസ്‌വദിؓന്റെതുമായി രണ്ട് കുതിരകൾ. എഴുപത് ഒട്ടകങ്ങൾ. പ്രവാചകൻﷺ തന്നെ സർവസൈന്യാധിപൻ. പൊതുനേതൃത്വം മിസ്അബ്ബ്നുഉമൈറിؓന്. വെളുത്ത പതാകയേന്തി അദ്ദേഹം മുന്നിൽ. വലതുഭാഗത്ത് സുബൈറുബ്നുൽ അവ്വാമും ഇടത് ഭാഗത്ത് മിഖ്ദാദ്ബ്നു അസ്‌വദുംؓ നേതൃത്വം നൽകി. അലിയ്യിബ്നു അബീത്വാലിബ്ؓ മുഹാജിറുകൾക്കും സഅദ്ബ്നു മുആദ്ؓ അൻസ്വാരികൾക്കും നേതൃത്വം നൽകി.

മദീനയിൽ നിന്ന് മലമ്പാതകൾ താണ്ടി പ്രവാചകനും അനുയായികളും മുന്നോട്ടു നീങ്ങി. ബിഅ്റു റൗഹായിൽ അൽപം വിശ്രമിച്ച് ബദ്റിന് നേരെ നീങ്ങി. സ്വഫ്റ എന്ന സ്ഥലത്തെത്തിയപ്പോൾ ബസ്ബസുബ്നു അംറിؓനെയും അദിയ്യുബ്നു അബിസ്സ്ഗ്ബാؓയിനെയും ബദ്റിന്റെ ഭാഗത്തേക്ക് അയച്ചു. വർത്തക സംഘത്തിന്റെ സഞ്ചാരം നിരീക്ഷിച്ചറിയാൻ വേണ്ടിയായിരുന്നു അത്.

### അബൂസുഫ്‌യാന്റെ ദൂതൻ മക്കയിൽ

അതേസമയം കച്ചവടസംഘവും ജാഗ്രതയിൽ തന്നെയായിരുന്നു. അതിബുദ്ധിമാനായിരുന്ന അബൂസുഫ്‌യാൻ വിവരങ്ങളറിയാൻ ആളുകളെ നിശ്ചയിച്ചിരുന്നു. നബിയുടെയും സ്വഹാബിമാരുടെയും നീക്കം മണത്തറിഞ്ഞ അബൂസുഫ്‌യാൻ വിവരമറിയിക്കാൻ മക്കയിലേക്ക് ദംദമുബ്നുഅംറിനെ അയച്ചു. അയാൾ മക്കയിലെത്തി വിളിച്ചു പറഞ്ഞു: "ഹേ ക്വുറൈശികളുടെ സമൂഹമേ, അബൂസുഫ്‌യാന്റെ കൂടെയുള്ള നിങ്ങളുടെ ധനം പിടിച്ചെടുക്കാൻ മുഹമ്മദും സംഘവും പുറപ്പെട്ടിരിക്കുന്നു. ഉടൻ പുറപ്പെടുക, സഹായമെത്തിക്കുക."

### ക്വുറൈശിസൈന്യം വൻസന്നാഹത്തോടെ

അബൂലഹബ് അല്ലാത്ത എല്ലാ ക്വുറൈശി പ്രമുഖരും പുറപ്പെട്ടു. അബൂലഹബ് പകരം ആളെ അയച്ചു. 1300 യോദ്ധാക്കളടങ്ങുന്ന വൻസൈന്യം സർവസന്നാഹങ്ങളുമായി യാത്രയാരംഭിച്ചു. നൂറ് കുതിരകൾ, 600 പടയങ്കികൾ, കണക്കില്ലാത്ത ഒട്ടകങ്ങൾ... അബൂജഹൽ സർവസൈന്യാധിപൻ. മക്കാ സൈന്യത്തിന് ആവേശമായി ഇബ്‌ലീസും കൂടെയുണ്ടായിരുന്നു. ക്വുറൈശികളുടെ ശത്രു ഗോത്രമായ ബനൂബക്ർ ഗോത്രക്കാരുടെ ആക്രമണങ്ങളിൽ നിന്ന് ഞാൻ നിങ്ങളെ രക്ഷിക്കാം എന്ന് സുറാഖത്തിന്റെ വേഷം ധരിച്ച ഇബ്‌ലീസ് വാഗ്ദത്തം നൽകി. മക്കക്കാർ അസ്ഫാൻ തഴ്‌വരയും കടന്ന് ഖദീദ് പിന്നിട്ട് ജുഹ്ഫയിലെത്തി.

ഇതിനകം അബൂസുഫ്‌യാനും സംഘവും ചെങ്കടൽതീര മാർഗം രക്ഷപ്പെട്ടു. ഞങ്ങൾ രക്ഷപ്പെട്ടെന്നും ഇനി നിങ്ങൾ മടങ്ങിപ്പോവുക എന്നും അബൂസുഫ്‌യാൻ പട്ടാള സംഘത്തെ അറിയിച്ചു. ചിലർ മടങ്ങി. പക്ഷേ, യുദ്ധക്കൊതിയനായ അബൂജഹലിന്റെ ദുരഭിമാനം പിറകോട്ടു പോകാൻ സമ്മതിച്ചില്ല. ബദ്റിൽ വന്നിറങ്ങി മൂന്ന് ദിവസം താമസിച്ച് ഒട്ടകങ്ങളെയറുത്ത് കള്ളും കുടിച്ച് ഭൃത്യകളെക്കൊണ്ട് പാട്ടു പാടിച്ച് ജയഭേരി മുഴക്കിയേ അടങ്ങൂ എന്ന വാശിയിലായിരുന്നു അയാൾ. അതോടെ പട്ടാള സംഘത്തെ നേരിടുക എന്നത് മുസ്‌ലിംകൾക്ക് ബാധ്യതയായി.

### പ്രവാചകൻﷺ കൂടിയാലോചനയിൽ

ബദ്ർ താഴ്‌വരയുടെ അതിർത്തിയിൽ ഉദ്‌വത്തുൽ ഖുസ്‌വായിലെ മണൽകുന്നിനു പിന്നിൽ ക്വുറൈശികൾ തമ്പടിച്ചു. മുസ്‌ലിം സൈന്യം ദുഫ്റാൻ താഴ്‌വരയിലാണ്. നബിﷺ സ്വഹാബിമാരോട് കൂടിയാലോചിച്ചു. തെക്കോട്ടു വന്നുകൊണ്ടിരിക്കുന്ന വർത്തക സംഘം, വടക്കോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന പട്ടാളസംഘം. ഏതിനെ നേരിടണം? ശക്തികുറഞ്ഞ വർത്തക സംഘത്തെ നേരിട്ടാൽ പോരെ എന്ന് ചിലർക്കൊക്കെ തോന്നിയ സന്ദർഭത്തിൽ അബൂബക്ർ സിദ്ദീക്ؓവും ഉമർؓവും നബിﷺയുടെ അഭിപ്രായത്തോട് യോജിച്ചു. അതായത് പട്ടാള സംഘവുമായി യുദ്ധത്തിലേർപെടുക എന്ന അഭിപ്രായം. അപ്പോൾ മുഹാജിറുകളുടെ കൂട്ടത്തിൽ നിന്നും മിഖ്ദാദുബ്നു അസ്‌വദ്ؓ ഇപ്രകാരം പറഞ്ഞു: "അങ്ങയോട് അല്ലാഹു എന്തു കൽപിച്ചുവോ അതിലേക്ക് അങ്ങ് പോയിക്കൊള്ളുക.ഇസ്‌റാഈല്യർ മൂസാനബിയോട് താനും തന്റെ റബ്ബും പോയി യുദ്ധം ചെയ്തുകൊള്ളുക, ഞങ്ങളിവിടെ ഇരിക്കുകയാണ് എന്ന് പറഞ്ഞതു പോലെ ഞങ്ങൾ ഒരിക്കലും പറയുകയില്ല..."

അൻസ്വാരികളുടെ നേതാവായ സഅദ്ബ്നു മുആദ്ؓ പറഞ്ഞു: "ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുകയും അങ്ങ് കൊണ്ടുവന്നതിനെയെല്ലാം ശരിവെക്കുകയും അങ്ങേക്ക് പ്രതിജ്ഞ നൽകുകയും ചെയ്തവരാണ്. ഈ സമുദ്രം വിലങ്ങിൽ കടന്നുപോകുവാൻ അങ്ങ് കൽപിച്ചാലും ഞങ്ങൾ സമുദ്രത്തിൽ ഇറങ്ങുവാൻ തയ്യാറാണ്." പ്രവാചകൻ ﷺ വളരെ സന്തോഷിച്ചു. അദ്ദേഹം പ്രഞ്ഞു: "അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നടക്കുവിൻ, സന്തോഷിക്കുവിൻ. ആ ജനങ്ങൾ വീണുകിടക്കുന്ന സ്ഥാനങ്ങൾ ഞാൻ കാണുന്നതു പോലെ തോന്നുന്നു."

## മുസ്‌ലിം സൈന്യം മുന്നോട്ട്

അസാഫിർ കുന്നുകൾ താണ്ടിക്കടന്ന്, ദിയത്തും ഹനാനും പിന്നിട്ട് അവർ ബദ്റിലെത്തി. നബിﷺയും കൂട്ടുകാരനായ അബൂബക്റുംؓ വിവരങ്ങളറിയാൻ പുറത്തിറങ്ങി. വഴിയിൽ ഒരു വൃദ്ധനെ കണ്ടു. ക്വുറൈശികളെക്കുറിച്ചും മുഹമ്മദിനെയും അനുചരന്മാരെയും കുറിച്ചും നബിﷺ അയാളോട് ആരാഞ്ഞു. ആരാണെന്ന് പറയാതെ വിവരം പറയില്ലെന്ന് ആദ്യം അയാൾ ശഠിച്ചെങ്കിലും പിന്നീട് ഇപ്രകാരം പറഞ്ഞു: "മുഹമ്മദും അനുയായികളും ഇന്ന ദിവസം പുറപ്പെട്ടിരിക്കുന്നു. ഞാൻ അറിഞ്ഞത് സത്യമാണെങ്കിൽ അവർ ഇന്ന് ഇന്നയിടത്തെത്തിക്കാണും. ക്വുറൈശികൾ ഇന്ന ദിവസം പുറപ്പെട്ടിരിക്കുന്നു. അവരും ഇന്ന് ഈ സ്ഥലത്തെത്തിക്കാണും." അയാൾ ചോദിച്ചു: "നിങ്ങൾ ആരാണ്?" നബി ﷺ പറഞ്ഞു: "വെള്ളത്തിൽ നിന്നുള്ളവരാണ്." നബി ﷺയും കൂട്ടുകാരനും ഉടനെ സ്ഥലം വിട്ടു. അയാൾ ഇങ്ങനെ പിറുപിറുത്തുകൊണ്ടിരുന്നു: "വെള്ളത്തിൽ നിന്നുള്ളവരോ?"

ക്വുറൈശികളുടെ നീക്കങ്ങൾ മനസ്സിലാക്കാൻ നബിﷺ അലിയ്യുബ്നു അബീത്വാലിബ്, സുബൈറുബ്നുൽ അവ്വാം, സഅ്ദുബ്നു അബീ വക്വാസ് എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘത്തെ നിയോഗിച്ചു. ബദ്റിലെ വെള്ള സ്ഥലത്തു നിന്നും രണ്ടു കുട്ടികളെ അവർ കണ്ടുമുട്ടി. പ്രവാചകന്റെ അടുക്കലേക്ക് അവരെ കൂട്ടിക്കൊണ്ടുവന്നു. ഉദ്വതുൽ ഖുസ്വയുടെ അപ്പുറത്തുള്ള കുന്നിന്റെ പിന്നിലാണ് ക്വുറൈശികളുള്ളതെന്ന് അവരിൽ നിന്നും അറിയാൻ കഴിഞ്ഞു. ഒമ്പതും പത്തും ഒട്ടകങ്ങളെയാണ് അവർ ഓരോ ദിവസവും അറുക്കുന്നത് എന്ന കാര്യവും അവർ പറഞ്ഞു. ക്വുറൈശി പ്രമുഖരായ ഉത്ബത്, ശൈബത്, അബൂജഹൽ, ഉമയ്യതുബ് ഖലഫ് തുടങ്ങിയ പ്രമുഖരൊക്കെ ഉണ്ടെന്ന് അവർ അറിയിച്ചു. പ്രവാചകൻﷺ ഇപ്രകാരം പറഞ്ഞു: "ഇത്, മക്ക തന്നെയാണ് വന്നിരിക്കുന്നത്! മക്കയുടെ കരളിന്റെ മണികളെല്ലാമുണ്ട്!"

അന്ന് രാത്രിയിൽ ഒരു മഴ പെയ്തു. ആ മഴ മുശ്‌രികുകൾക്ക് ഉപദ്രവമാവുകയും മുസ്‌ലിംകൾക്ക് ഗുണകരമായി ഭവിക്കുകയും ചെയ്തു. മുശ്‌രികുകൾ തമ്പടിച്ച സ്ഥലം ചെളി നിറയുകയും മുസ്‌ലിംകളുടെ സ്ഥലം ഉറക്കുകയും സഞ്ചാരയോഗ്യമാവുകയും ചെയ്തു. അവരുടെ അകവും പുറവും തണുത്തു.

**മുന്നൊരുക്കങ്ങൾ, തന്ത്രങ്ങൾ**

പ്രവാചകനും അനുയായികളും മുന്നോട്ടു നീങ്ങി. ഇശാഅ് സമയമായപ്പോഴേക്കും ബദ്റിലെ വെള്ളസ്ഥലത്തെത്തി. അവിടെ നിൽക്കാൻ തീരുമാനിച്ചു. ഹുബാബുബ്നുൽ മുൻദിർؓ ചോദിച്ചു:

"ഈ താവളം തിരഞ്ഞെടുത്തത് അല്ലാഹുവിന്റെ കൽപന പ്രകാരമാണോ അതോ അങ്ങയുടെ സ്വന്തം അഭിപ്രായ പ്രകാരമാണോ? അതല്ല, യുദ്ധ തന്ത്രമായിട്ടാണോ?" നബി ﷺ പറഞ്ഞു: "എന്റെ അഭിപ്രായ പ്രകാരം മാത്രമാണ്. യുദ്ധ തന്ത്രവുമാണ്." ഹുബാബ് ؓ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, എങ്കിൽ ഇവിടെയല്ല നല്ലത്, അൽപം കൂടി നീങ്ങിയാൽ വെള്ള സ്ഥലത്തിന്റെ മുന്നിൽ നിൽക്കാം. അവിടെ കുഴിയുണ്ടാക്കി വെള്ളം നിറക്കാം. മക്കക്കാർക്ക് വെള്ളം ലഭിക്കുകയുമില്ല." നബിﷺ ആ അഭിപ്രായം അംഗീകരിച്ചു.

സൈന്യം അങ്ങോട്ടു നീങ്ങി. രാവ് പകുതി പിന്നിട്ടപ്പോൾ അവിടെയെത്തി. കുഴികൾ കുഴിക്കുകയും വെള്ളം നിറക്കുകയും ചെയ്തു. നബി ﷺക്ക് വേണ്ടി ഒരു പന്തൽ നിർമിക്കുകയും ചെയ്തു. യുദ്ധക്കളം മുഴുവനും കാണുവാൻ പാകത്തിലായിരുന്നു പന്തലിന്റെ സ്ഥാനം. നബിﷺയുടെ സംരക്ഷണ ചുമതല സഅ്ദ്ബ്നു മുആദ്ؓവിന്റെ നേതൃത്വത്തിലുള്ള ഒരു പറ്റം അൻസ്വാരീ യുവാക്കൾക്കായിരുന്നു. പന്തൽ നിർമാണത്തിന്റെ അഭിപ്രായം മുന്നോട്ടു വെച്ചതും സഅ്ദ് തന്നെയായിരുന്നു.

തുടർന്ന് നബിﷺ സൈന്യത്തെ യുദ്ധസന്നദ്ധമാക്കി ഒരുക്കി നിർത്തുകയും യുദ്ധക്കളം മുഴുവനും നടന്നു കാണുകയും ചെയ്തു. പിന്നീട് ഒരു മരത്തടിയുടെ പിറകിൽ നിന്ന് നബിﷺ നമസ്കാരത്തിൽ മുഴുകുകയും ചെയ്തു.

മുസ്‌ലിം സൈന്യം ശാന്തമായി ആ രാത്രി കഴിച്ചു കൂട്ടുകയും അവർക്ക് ചെറിയ ഒരു മയക്കം ബാധിക്കുകയും ചെയ്തു. ഒരു വെള്ളിയാഴ്ച്ച രാവായിരുന്നു അത്. ഹിജ്റ രണ്ടാം വർഷത്തിലെ റമദാൻ മാസം പതിനേഴാം തീയതി.

നേരം പുലർന്നു. മുസ്‌ലിം സൈന്യത്തെ വീക്ഷിക്കാൻ ക്വുറൈശികൾ ഉമൈറുബ്നു വഹബിനെ ഉത്തരവാദപ്പെടുത്തി. നിരീക്ഷിച്ചു വന്ന ഉമൈർ ക്വുറൈശികളോടായി പറഞ്ഞു: "300 പുരുഷന്മാർ, പോഷക സൈന്യങ്ങളോ സഹായസൈന്യങ്ങളോ ഇല്ല. എങ്കിലും ക്വുറൈശികളേ, അവർ മരണം വരിക്കാൻ തയ്യാറായി നിൽക്കുന്നു. അവരെ രക്ഷിക്കാൻ അവരുടെ വാളുകൾ മാത്രം. അല്ലാഹുവാണ് സത്യം! നിങ്ങളിലൊരാളെ കൊന്നിട്ടല്ലാതെ അവരിലൊരാളും കൊല്ലപ്പെടുകയില്ല."

### ശത്രുക്കൾക്കിടയിൽ അഭിപ്രായവ്യത്യാസം

അതിനിടയിൽ ക്വുറൈശികൾക്കിടയിൽ വീണ്ടും അഭിപ്രായവ്യത്യാസം തലപൊക്കി. മദീനക്കാരുമായി ഒരു യുദ്ധത്തിന് നിൽക്കാതെ മടങ്ങിപ്പോവുകയാണ് ഉചിതം എന്ന് അവരിൽ പലർക്കും തോന്നി. ഹകീമുബ്നു ഹിസാം ഉത്ബയുടെ അടുക്കൽ ചെന്ന് ക്വുറൈശി സൈന്യത്തിന്റെ മടക്കം ആവശ്യപ്പെടുകയും അബൂജഹലിനെ കാര്യം പറഞ്ഞു ബോധ്യപ്പെടുത്താൻ ഉത്ബയെ ഏൽപിക്കുകയും ചെയ്തു.

ഏറ്റുമുട്ടലുണ്ടായാലുള്ള ഭവിഷ്യത്തുക്കളെക്കുറിച്ച് ഉത്ബ ജനങ്ങളുടെ മുമ്പിൽ വിശദീകരിച്ചു. മുഹമ്മദും കൂട്ടരും എന്തുമായിക്കൊള്ളട്ടെ നമുക്ക് മടങ്ങാം, യുദ്ധത്തിൽ നാം പരസ്പരം സഹോദരങ്ങൾ തന്നെയാണ് മരിച്ചു വീഴുക എന്നൊക്കെയായിരുന്നു ഉത്ബയുടെ വിശദീകരണത്തിന്റെ രത്നച്ചുക്കം. പക്ഷേ, അബൂജഹൽ യുദ്ധത്തിൽ തന്നെ ഉറച്ചു നിന്നു. നമുക്കും മുഹമ്മദിനുമിടയിൽ അല്ലാഹു വിധി നടത്തട്ടെ എന്നും ഉത്ബക്ക് ബോധം നശിച്ചിരിക്കുകയാണെന്നും ഉത്ബയുടെ മകനായ അബൂഹുദൈഫ മുസ്‌ലിംകളുടെ കൂട്ടത്തിൽ ഉള്ളതിനാലാനാണ് ഉത്ബ ഇങ്ങനെയൊക്കെ പറയുന്നത് എന്നും അബൂജഹൽ പറഞ്ഞു. ബോധം നശിച്ചത് ആർക്കാണെന്ന് പിന്നീട് ബോധ്യമാവുമെന്ന് ഉത്ബ പ്രതികരിച്ചു. നേരത്തെ മുസ്‌ലിം സൈന്യവുമായി ഏറ്റുമുട്ടി കൊല്ലപ്പെട്ട അംറുബ്നുൽ ഹദ്‌റമിയുടെ സഹോദരനായ ആമിറിനെ അബൂജഹൽ കൂട്ടുപിടിച്ചു. സഹോദരന്റെ കൊലപാതകത്തിന് പ്രതികാരം ചെയ്യാനുള്ള സന്ദർഭമാണിതെന്ന് പറഞ്ഞ് ആമിറിനെ അബൂജഹൽ ചൊടിപ്പിച്ചു.

ആമിർ തന്റെ പ്രതികാര ദാഹം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു. അത്രയുമായപ്പോൾ ജനങ്ങൾ ഉത്ബയുടെ അഭിപ്രായം തള്ളിക്കളയുകയും അബൂജഹലിന്റെ വാദം അംഗീകരിക്കുകയുമുണ്ടായി. അതോടെ ഒഴിവാക്കപ്പെടുമായിരുന്ന യുദ്ധത്തിന്റെ കറുത്ത മേഘങ്ങൾ അന്തരീക്ഷത്തിൽ വീണ്ടും ഉരുണ്ടുകൂടി.

## സൈന്യങ്ങൾ മുഖാമുഖം

രണ്ടു സൈന്യങ്ങളും അഭിമുഖമായി നിന്നു. നബി ﷺ ഇപ്രകാരം പ്രാർഥിച്ചു: "അല്ലാഹുവേ, ക്വുറൈശികൾ അവരുടെ ധിക്കാരവും ദുരഭിമാനവുമായി എത്തിയിരിക്കുന്നു. അവർ നിന്നോടു വിരോധം പുലർത്തുന്നു, നിന്റെ ദൂതനെ കളവാക്കുകയും ചെയ്യുന്നു. നീ എന്നോട് വഗ്ദാനം ചെയ്ത നിന്റെ സഹായം ഞാൻ ചോദിക്കുന്നു. ഇവരെ നീ പരാജയപ്പെടുത്തേണമേ. ഉത്ബയെ ഉദ്ദേശിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: "ഇക്കൂട്ടരിൽ ആരിലെങ്കിലും നന്മ അവശേഷിക്കുന്നുണ്ടെങ്കിൽ അത് ചുവന്ന ഒട്ടകപ്പുറത്തിരിക്കുന്ന ഇയാളിൽ മാത്രമാണ്. അയാളെ അവർ അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ."

പ്രവാചകൻﷺ സൈന്യത്തെ ശരിയാക്കിക്കൊണ്ടിരുന്നു. സവാദ്ബ്നു ഉസ്‌യത് വരിയിൽ നിന്ന് തെറ്റിനിൽക്കുന്നത് കണ്ടപ്പോൾ അദ്ദേഹം കയ്യിലുണ്ടായിരുന്ന അമ്പ്കുറ്റികൊണ്ട് സവാദിന്റെ വയറിന്മേൽ കുത്തി 'നേരെ നിൽക്കൂ സവാദേ' എന്ന് പറഞ്ഞു. 'അല്ലാഹുവിന്റെ ദൂതരേ, അങ്ങ് എന്നെ വേദനിപ്പിച്ചു, എനിക്ക് പകരം ചെയ്യണം' എന്ന് സവാദ് പറഞ്ഞു. പ്രവാചകൻﷺ അദ്ദേഹത്തിന്റെ വയർ കാണിച്ചു കൊണ്ട് 'പകരം ചെയ്യൂ' എന്ന് പ്രതിവചിച്ചു. സവാദ്رضي الله عنه പ്രവാചകനെ കെട്ടിപ്പിടിച്ച് അദ്ദേഹത്തിന്റെ വയറിൽ ഗാഢമായി ചുംബിച്ചു. പ്രവാചകൻ ചോദിച്ചു: "സവാദേ ഇങ്ങനെ ചെയ്യാൻ എന്താണ് താങ്കളെ പ്രേരിപ്പിച്ചത്?" സവാദ്رضي الله عنه പറഞ്ഞു: "അങ്ങ് കാണുന്ന കാര്യം ഇതാ വന്നെത്തിയിരിക്കുന്നു. അവസാനമായി എന്റെയും അങ്ങയുടെയും തൊലികൾ തമ്മിലൊന്ന് സ്പർശിക്കണമെന്ന് ഞാൻ ആഗ്രഹി ച്ചുപോയി." നബിﷺ അദ്ദേഹത്തിന് വേണ്ടി പ്രാർഥിച്ചു. പ്രവാചകനിൽ നിന്ന് നിർദേശം ലഭിച്ചാലല്ലാതെ യുദ്ധം ആരംഭിക്കരുതെന്ന് അദ്ദേഹം സൈന്യത്തിന് നിർദേശം നൽകി. അദ്ദേഹവും അബൂബക്റും പന്തലിലേക്ക് മടങ്ങി.

### അബൂജഹലിന്റെ പ്രാർഥന

ക്വുറൈശികളുടെ നേതാവ് അബൂജഹലും പ്രാർഥനയിൽ തന്നെയായിരുന്നു. അയാളുടെ പ്രാർഥന ഇപ്രകാരമായിരുന്നു: "അല്ലാഹുവേ, അവൻ ഞങ്ങളുടെ കുടുംബബന്ധങ്ങളെ മുറിച്ചിരിക്കുന്നു. ഞങ്ങൾക്കറിയാത്ത പലതും അവൻ കൊണ്ടുവന്നിരിക്കുന്നു. അവനെ നീ പരാജയപ്പെടുത്തേണമേ. അല്ലാഹുവേ, ഞങ്ങളിൽ ഏതു കക്ഷിയാണ് നിനക്ക് ഏറ്റവും പ്രിയങ്കരവും തൃപ്തികരവുമെങ്കിൽ അവർക്ക് നീ ഇന്ന് സഹായം ചൊരിയേണമേ."

### യുദ്ധം ആരംഭിക്കുന്നു

കഠിനനും ദുഃസ്വഭാവിയുമായ അസ്‌വദ്ബ്നു അബ്ദിൽ അസദിന്റെ അരങ്ങേറ്റത്തോടെയായിരുന്നു യുദ്ധാരംഭം. 'മുസ്‌ലിംകളുടെ ഹൗദിൽ നിന്ന് ഞാൻ വെള്ളം കുടിക്കും. സമ്മതിച്ചില്ലെങ്കിൽ ഹൗദ് ഞാൻ തകർക്കും' എന്ന് ആക്രോശിച്ചു കൊണ്ടായിരുന്നു അയാൾ ചാടിപ്പുറപ്പെട്ടത്. അയാളെ നേരിടാൻ പ്രവചകന്റെ പിതൃവ്യനായ ഹംസرضي الله عنه യുദ്ധക്കളത്തിലേക്ക് ഇറങ്ങി. രണ്ടു വെട്ടോടു കൂടി ഹംസرضي الله عنه അയാളുടെ കഥ കഴിച്ചു. ക്വുറൈശികളുടെ കൂട്ടത്തിലെ മൂന്നു പ്രമുഖരാണ് പിന്നീട് ഇറങ്ങിയത്. ഉത്ബ, ശൈബ, ഉത്ബ

തിന്റെ മകൻ വലീദ് എന്നിവരായിരുന്നു അവർ. അവർ ദ്വന്ദയുദ്ധത്തിന് വെല്ലുവിളിച്ചു. മൂന്ന്അൻസ്വാരികൾ അവരെ നേരിടാൻ മുന്നോട്ടു വന്നപ്പോൾ ക്വുറൈശികൾ ചോദിച്ചു: "നിങ്ങളാരാണ്?"അവർ പറഞ്ഞു: "അൻസ്വാറുകളുടെ സംഘം."

ഉത്ബയും ശൈബയും വലീദും അതിന് ഇങ്ങനെയാണ് പ്രതികരിച്ചത്: "ഞങ്ങൾക്ക് നിങ്ങളെക്കൊണ്ട് കാര്യമില്ല, ഞങ്ങളുടെ പിതൃവ്യപുത്രന്മാരെയാണ് ഞങ്ങൾക്കാവശ്യം." ഒരാൾ വിളിച്ചു പറഞ്ഞു: "മുഹമ്മദേ, ഞങ്ങളുടെ നാട്ടുകാരിൽ ഞങ്ങളോട് യോജിക്കുന്നവരെ ഞങ്ങളുടെ അടുത്തേക്ക് അയക്കൂ." ഉബൈദത്തുബ്നുൽ ഹാരിഥ്ؓ, ഹംസؓ, അലിؓ എന്നിവരോട് പ്രവാചകൻﷺ ഇറങ്ങാൻ ആവശ്യപ്പെട്ടു. ഉബൈദത്ത് ഉത്ബയെ നേരിട്ടു. ഹംസؓ ശൈബത്തിനെയും അലിؓ വലീദിനെയും നേരിട്ടു. ശൈബത്തും വലീദും യുദ്ധക്കളത്തിൽ ഉടനെ മരിച്ചു വീണു. ഉബൈദത്തും ഉത്ബയും ഏറെനേരം പൊരുതി. ഉബൈദത്ത്ؓവിന്റെ കാൽ വെട്ടേറ്റു തൂങ്ങി. അലിؓവും ഹംസؓവും ഉബൈദത്തിന്റെ സഹായത്തിനെത്തി. അവർ ഉത്ബയെ വകവരുത്തി. യുദ്ധം കഴിഞ്ഞുള്ള മടക്കത്തിൽ മദീനയിലേക്കുള്ള വഴിമധ്യേ ഉബൈദത്ത്ؓ മരണപ്പെടുകയുണ്ടായി.

ദ്വന്ദയുദ്ധം അവർക്ക് നൽകിയത് ദുരന്തമായിരുന്നു എന്ന് പറയേണ്ടതില്ലല്ലോ. അവരുടെ മൂന്ന് കുതിരപ്പടയാളികളാണ് മരിച്ചുവീണത്. അതും അവരിലെ പ്രമുഖർ. അതോടെ അവരുടെ കോപാഗ്നി ആളിക്കത്തി. ദ്വന്ദയുദ്ധം അവസാനിപ്പിച്ച് ഒരു കൂട്ട ആക്രമണത്തിനാണ് പിന്നീട് അവർ മുതിർന്നത്. കൂട്ടാക്രമണത്തെ സമചിത്തത കൈവെടിയാതെ മുസ്‌ലിം സൈന്യം നേരിട്ടു. ആക്രമണത്തെക്കാൾ അവർ പ്രതിരോധത്തിൽ കേന്ദ്രീകരിച്ചു. അല്ലാഹുവോട് അവർ സദാ പ്രർഥിച്ചു.

**പ്രവാചകന്റെ പ്രാർഥന**

പ്രവാചകൻﷺ പന്തലിൽ പ്രാർഥനയിൽ മുഴുകി: "അല്ലാഹുവേ, നീ എന്നോട് ചെയ്ത വാഗ്ദാനം പുലരണേ. അല്ലാഹുവേ, നിന്റെ കരാറും നിന്റെ വാഗ്ദാനവും തന്നെ ഞാൻ തേടുന്നു." യുദ്ധം വീണ്ടും മുറുകുകയാണ്. വീണ്ടും പ്രവാചകൻﷺ പ്രാർഥിച്ചു: "അല്ലാഹുവേ, ഈ കൊച്ചുസംഘം ഇവിടെ വെച്ച് നശിപ്പിക്കപ്പെടുകയാണെങ്കിൽ ഈ ഭൂമിയിൽ നിന്നെ മാത്രം ആരാധിക്കാൻ ആരുമുണ്ടാകില്ല." പ്രാർഥനയുടെ മനസ്സാന്നിധ്യം കാരണം റസൂൽﷺയുടെ തോളിൽ നിന്ന് തട്ടം വീണതു പോലും അദ്ദേഹം അറിഞ്ഞില്ല. സ്വിദ്ദീക്ؓ ആണ് അതെടുത്തു കൊടുത്തത്. അദ്ദേഹം പറഞ്ഞു: "മതി പ്രവാചകരേ, അങ്ങ് അങ്ങേയറ്റം അങ്ങയുടെ രക്ഷിതാവിനോട് തേടിയിരിക്കുന്നു."

## മലക്കുകൾ ഇറങ്ങുന്നു

അല്ലാഹുവിന്റെ സഹായം ഇറങ്ങാറായി. അവൻ മലക്കുകൾക്ക് സന്ദേശം നൽകി: "ഞാൻ നിങ്ങളുടെ കൂടെയുണ്ട്. വിശ്വസിച്ചവരെ സ്ഥൈര്യമായി നിറുത്തൂ." അവിശ്വാസികളുടെ ഹൃദയത്തിൽ നാം ഭയം ഉളവാക്കുന്നതാണ്. പ്രവാചകൻﷺക്ക് വഹ്‌യ് വന്നു: "തുടരെയിറങ്ങിക്കൊണ്ടിരിക്കുന്ന ആയിരം മലക്കുകളാൽ ഞാൻ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും." നബിﷺയെ ചെറിയ ഒരു തൂക്കിയുറക്കം പിടികൂടി. അതിൽ നിന്ന് ഞെട്ടിയുണർന്ന് അദ്ദേഹം പറഞ്ഞു: "അബൂബക്ർ, സന്തോഷിക്കുക, ഇതാ ജിബ്‌രീൽ! അദ്ദേഹം തന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചാണ് എത്തിയിരിക്കുന്നത്. അല്ലാഹുവിന്റെ സഹായം എത്തിക്കഴിഞ്ഞു."

പ്രവാചകൻﷺ പന്തലിൽ നിന്നും പുറത്തേക്കിറങ്ങി. അദ്ദേഹം പടയങ്കി അണിഞ്ഞിരിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ശത്രുക്കൾ പരാജയപ്പെടുക തന്നെ ചെയ്യും. അവർ തോറ്റോടിപ്പോകും." തുടർന്ന് അദ്ദേഹം ഒരു പിടി മണ്ണു വാരി ശത്രുക്കളുടെ നേരെ തിരിഞ്ഞു. ശാഹത്തിൽ വുജൂഹ് (മുഖങ്ങൾ വികൃതമാവട്ടെ) എന്ന് പറഞ്ഞുകൊണ്ട് അത് അവർക്കു നേരെ വീശിയെറിഞ്ഞു. ആ മണ്ണ് ശത്രുപക്ഷത്തെ ഓരോരുത്തരുടെയും കണ്ണിലും മൂക്കിലും പതിച്ചു. ഇതിനെക്കുറിച്ചാണ് അല്ലാഹു ഇങ്ങനെ പറഞ്ഞത്: "നീ എറിഞ്ഞ സന്ദർഭം നീയല്ല എറിഞ്ഞത് മറിച്ച്, അല്ലാഹുവാണ് എറിഞ്ഞത്."

മുഹമ്മദ് നബിﷺ അനുയായികളോടായി ഇങ്ങനെ പറഞ്ഞു: "മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈകളിലാണോ അവനാണ് സത്യം, ഇന്ന് ക്ഷമാപൂർവം പ്രതിഫലം കാംക്ഷിച്ചുകൊണ്ട് മുന്നോട്ടു പോയി യുദ്ധം ചെയ്യുകയും എന്നിട്ട് കൊല്ലപ്പെടുകയും ചെയ്യുന്നവനെ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുക തന്നെ ചെയ്യും. ആകാശങ്ങളെയും ഭൂമിയെയും പോലെ വിശാലമായ സ്വർഗത്തിലേക്ക് മുന്നിട്ട് പോവുക."ഇതുകേട്ട ഉമൈറുബ്നുൽ ഹമാം പറഞ്ഞു: "മതി, മതി." റസൂൽ ﷺ ചോദിച്ചു: "നീ എന്തിനാണ് മതി, മതി എന്ന് പറയുന്നത്?" ഉമൈർ പറഞ്ഞു: "ഒന്നുമല്ല പ്രവാചകരേ, അക്കൂട്ടത്തിൽ പെടാനുള്ള ആഗ്രഹം കൊണ്ടു പറഞ്ഞതാണ്." നബിﷺ പറഞ്ഞു: "നീ അക്കൂട്ടത്തിൽ തന്നെ." കുറച്ച് ഈത്തപ്പഴം കഴിച്ചുകൊണ്ടിരിക്കുകയായിരുന്ന ഉമൈർؓ അത് തീരുന്നത് വരെ കാത്തിരുന്നാൽ തന്നെ അതു ദീർഘിച്ച ജീവിതമായിപ്പോവുമെന്ന് പറഞ്ഞ് ഈത്തപ്പഴം വലിച്ചെറിഞ്ഞു യുദ്ധമുഖത്തേക്ക് ചാടി വീര മരണം വരിച്ചു.

## മുസ്‌ലിം സൈന്യം മലക്കുകളുടെ സഹായത്താൽ മുന്നോട്ട്

അതുവരെ പ്രതിരോധത്തിലൂന്നി നിന്നിരുന്ന മുസ്‌ലിം സൈന്യം പ്രവാചകന്റെ നിർദേശങ്ങൾ കേട്ടതോടു കൂടി ആക്രമണത്തിന്റെ മൂർച്ച കൂട്ടി. നേരത്തെ ആക്രമണോൽസുകരായിരുന്ന ക്വുറൈശികൾ ഇതിനകം ക്ഷീണിച്ചിരുന്നു. ഈ സാഹചര്യം മുസ്‌ലിംകൾ ശരിക്കും ഉപയോഗപ്പെടുത്തി. അവർ അവരുടെ ജീവനെക്കാളും സ്നേഹിക്കുന്ന പ്രവാചകൻﷺ അങ്കി അണിഞ്ഞ് പടക്കളത്തിൽ നിൽക്കുന്നു! അവർ ആവേശഭരിതരാവാൻ പിന്നെയെന്തു വേണം?!

തിരുമേനി വീണ്ടും ആവർത്തിച്ചു: "ശത്രുസംഘം തോൽപിക്കപ്പെടും. അവർ പിന്തിരിഞ്ഞോടും." മുസ്‌ലിംകൾ യുദ്ധക്കളത്തിൽ അടരാടി. അല്ലാഹുവിന്റെ മലക്കുകൾ അവർക്ക് സഹായം ചൊരിഞ്ഞു.

ഇബ്നു സഅദ് താരീഖിൽ ഇക്‌രിമയിൽ നിന്നും ഉദ്ധരിക്കുന്നു: "അന്ന് ഒരാളുടെ തല വീണു കിടക്കുന്നതായി കാണാം. ആരാണ് അരിഞ്ഞു വീഴ്ത്തിയതെന്ന് അറിയില്ല. മറ്റൊരാളുടെ കൈ അറ്റു വീഴുന്നത് കാണാം. പക്ഷേ, ആരാണ് അത് വെട്ടി വീഴ്ത്തിയതെന്ന് അറിയുകയില്ല. ഒരാൾ അബ്ബാസുബ്നുഅബ്ദുൽമുത്തലിബിനെ തടവുകാരനാക്കി. അദ്ദേഹവുമയി നബിയുടെ മുന്നിലെത്തി. അബ്ബാസ് നബിﷺയോട് പറഞ്ഞു: "അല്ലാഹുവാണ് സത്യം, എന്നെ തടവുകാരനാക്കിയത് ഇയാളല്ല. സുമുഖനും സുന്ദരനുമായ ഒരാൾ ഒരു കുതിരപ്പുറത്തു വന്നാണ് എന്നെ തടവുകാരനാക്കിയത്. അയാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല." അപ്പോൾ അൻസ്വാരി പറഞ്ഞു: "അല്ല പ്രവാചകരേ, ഞാനാണ് ഇദ്ദേഹത്തെ തടവുകാരനാക്കിയത്." നബിﷺ പറഞ്ഞു: "മിണ്ടാതിരിക്കൂ, മാന്യനായ ഒരു മലക്കിനാൽ അല്ലാഹു നിന്നെ ശക്തനാക്കുകയായിരുന്നു."

### ഇബ്‌ലീസ് പിന്തിരിഞ്ഞോടുന്നു

നേരത്തെ സൂചിപ്പിച്ച പോലെ ഇബ്‌ലീസ് സുറാഖത്ത്ബ്നു മാലികിന്റെ വേഷത്തിൽ യുദ്ധരംഗത്തുണ്ടായിരുന്നു. ബഹുദൈവവിശ്വാസികളെക്കൊണ്ട് അല്ലാഹുവിന്റെ മലക്കുകൾ കാണിക്കുന്ന പ്രവർത്തനങ്ങൾ കണ്ടപ്പോൾ അവൻ പിന്തിരിഞ്ഞോടാൻ തുടങ്ങി. യഥാർഥത്തിൽ സുറാഖയാണെന്ന് തെറ്റിദ്ധരിച്ച് ഹാരിഥ് ബ്നുഹിശാം വഴിയിൽ വെച്ച് ഇബ്‌ലീസിനെ തടഞ്ഞു നിർത്താൻ ശ്രമിച്ചു. ഇബ്‌ലീസ് ഹാരിഥിന്റെ നെഞ്ചത്തു ഒരു കുത്തു കുത്തി തള്ളിയിട്ടു ഓടി രക്ഷപ്പെട്ടു. ഓടിപ്പോകുന്ന സുറാഖത്തിനെ നോക്കിക്കൊണ്ട് മുശ്‌രിക്കുകൾ പറഞ്ഞു: "സുറാഖത്തേ, നീ എങ്ങോട്ടാണ്? നീ ഞങ്ങളുടെ അയൽവാസിയാണെന്നും നീ ഞങ്ങളെ കൈവെടിയുകയില്ലെന്നുമൊക്കെ നീ ഞങ്ങളൊട് പറഞ്ഞിട്ടില്ലായിരുന്നോ?" അവൻ പറഞ്ഞു: "നിങ്ങൾ കാണാത്തത് ഞാൻ കാണുന്നു. ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അവൻ കഠിനമായി ശിക്ഷിക്കുന്നവനാണ്."

### ക്വുറൈശികൾ ബലഹീനരാകുന്നു

ക്വുറൈശീ സൈന്യത്തിന്റെ ബലഹീനതകൾ വെളിപ്പെട്ടു തുടങ്ങി. അവർക്കിടയിൽ ഭയവിഹ്വലതകളുടെയും നിരാശയുടെയും അടയാളങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. യുദ്ധം അതിന്റെ അവസാനത്തോട് അടുത്തു തുടങ്ങി. മുസ്‌ലിം സൈന്യത്തിനു മുന്നിൽ അടിയറവു പറയുകയല്ലാതെ മറ്റൊരു മാർഗവും അവരുടെ മുന്നിൽ ഇല്ലായിരുന്നു. അവസാനത്തെ പിടിവള്ളി എന്നോണം അബൂജഹൽ സൈന്യത്തിന് ആവേശം നൽകാൻ ശ്രമിക്കുകയുണ്ടായി. അയാൾ ഇപ്രകാരം വിളിച്ചു പറയുന്നുണ്ടായിരുന്നു: "സുറാഖത്തിന്റെ വഞ്ചന നിങ്ങളെ ബലഹീനരാക്കാതിരിക്കട്ടെ. ഉത്ബയുടെയും ശൈബയുടെയും വലീദിന്റെയും മരണം നിങ്ങളെ ദുർബലരാക്കാതിരിക്കട്ടെ. കാരണം അവർ ധൃതി കാണിക്കുകയാണുണ്ടായത്. ലാത്തയാണ്, ഉസ്സയാണ് സത്യം! അവരെ (മുസ്‌ലിംകളെ) ബന്ധിതരാക്കാതെ നാം മടങ്ങുകയില്ല." പക്ഷേ, ഈ ആർത്തനാദങ്ങൾക്ക് പ്രത്യേകിച്ച് ഫലമൊന്നും ഉണ്ടായില്ല. കാരണം യുദ്ധത്തിന്റെ കടിഞ്ഞാൺ മുസ്‌ലിം സൈന്യത്തിന്റെ നിയന്ത്രണത്തിലായി കഴിഞ്ഞിരുന്നു.

### അബൂജഹലിന്റെ പതനം

അതിനിടക്കാണ് ആ സുപ്രധാന സംഭവം അരങ്ങേറിയത്. അബ്ദുറഹ്മാനുബ്നു ഔഫ് رضي الله عنه പറയുന്നു: "ഞാൻ ബദറിന്റെ യുദ്ധമുഖത്തായിരുന്നു. എന്റെ വലതുഭാഗത്തും ഇടതുഭാഗത്തും യുദ്ധം പരിചയിച്ചിട്ടില്ലാത്ത ചെറുപ്രായക്കാരായ രണ്ടു പേരുണ്ടായിരുന്നു. അതിലൊരാൾ മറ്റവൻ കേൾക്കാതെ എന്നോടു ചോദിച്ചു: "അമ്മാവാ, എനിക്ക് അബൂജഹലിനെ ഒന്ന് കാണിച്ചു തരാമോ?" ഞാൻ ചോദിച്ചു: "എന്തിനാ എന്റെ സഹോദര പുത്രാ? അയാളെ നീ എന്തു ചെയ്യും?"

അവൻ പറഞ്ഞു:"അയാൾ അല്ലാഹുവിന്റെ തിരുദൂതരെ ചീത്ത പറയുന്നു. അല്ലാഹുവാണ് സത്യം ഞാൻ അയാളെ കണ്ടുമുട്ടിയാൽ ഞങ്ങളിലൊരാൾ മരിച്ചിട്ടല്ലാതെ എന്റെ ശരീരം അയാളുടെ ശരീരത്തെ വേർപെടുകയില്ല." എനിക്ക് അത്ഭുതമായി. രണ്ടാമനും എന്നോട് അപ്രകാരം തന്നെ പറഞ്ഞു. ഞാൻ നോക്കുമ്പോൾ അബൂജഹൽ ജനങ്ങൾക്കിടയിൽ ചുറ്റി നടക്കുകയാണ്. അബൂജഹലിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവരോട് പറഞ്ഞു: "നിങ്ങൾ കാണുന്നില്ലേ? അയാളാണ് നിങ്ങൾ അന്വേഷിച്ചു

കൊണ്ടിരിക്കുന്ന നിങ്ങളുടെയാൾ."കേൾക്കേണ്ട താമസം അവർ രണ്ടുപേരും അബൂജഹലിന്റെ അടുക്കലേക്ക് കുതിച്ചോടി. അവർ രണ്ടു പേരും കൂടി അബൂജഹലിനെ വധിച്ചു. പിന്നീടവർ നേരെ റസൂൽ ﷺ യുടെ തിരു സന്നിധിയിൽ ചെന്നു. നബിﷺ അവരോട് ചോദിച്ചു: "നിങ്ങളിൽ ആരണ് അയാളെ കൊന്നത്?" രണ്ടുപേരും പറഞ്ഞു 'ഞാൻ, ഞാൻ" എന്ന്. നബിﷺ അവരോട് ചോദിച്ചു: "നിങ്ങൾ നിങ്ങളുടെ വാളുകൾ തുടച്ചുവോ?" അവർ പറഞ്ഞു: "ഇല്ല." പ്രവാചകൻ അവരുടെ വാളുകൾ പരിശോധിച്ചതിനു ശേഷം പറഞ്ഞു: "നിങ്ങൾ രണ്ടു പേരും കൂടിയാണ് അയാളെ വധിച്ചത്."

മുആദ്ബ്നു അംറ്, മുഅവ്വിദ്ബ്നു അഫ്റാ എന്നിവരായിരു ആ ചെറുപ്പക്കാർ. മുഅവ്വിദ് ഇതേ യുദ്ധത്തിൽ തന്നെ രക്തസാക്ഷിയയതു കാരണം അബൂജഹലിന്റെ ഉപേക്ഷിത വസ്തുക്കൾ നബിﷺ മുആദ്ബ്നു അംറിന് പിന്നീട് നൽകുകയുണ്ടായി.

യുദ്ധം അവസാനിച്ചു. അബൂജഹലിനെന്തു സംഭവിച്ചു എന്നറിയാൻ പ്രവാചകന് ആകാംക്ഷയായി. യുദ്ധക്കളത്തിൽ അവസാനശ്വാസവുമായി മല്ലിടുകയായിരുന്നു അബൂജഹൽ. അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ അയാളുടെ കഴുത്തിൽ കാലു വെച്ചു കൊണ്ട് ചോദിച്ചു: "അല്ലാഹുവിന്റെ ശത്രുവേ, അല്ലാഹു നിന്നെ അപമാനിച്ചുവല്ലേ?" അബൂജഹൽ പറഞ്ഞു: "അല്ലാഹു എന്നെ അപമാനിക്കുകയോ? പടക്കളത്തിൽ സ്വന്തം ആളുകളാൽ കൊല്ലപ്പെട്ടവനെപ്പോലെയല്ലാതെ മറ്റൊന്നുമല്ല ഞാൻ. ആർക്കാണ് ഇന്നത്തെ വിജയം?" ഇബ്നു മസ്ഊദ്ﷺ പറഞ്ഞു: "അല്ലാഹുവിനും അവന്റെ തിരുദൂതനും. അബൂജഹൽ പറഞ്ഞു: "ഹേ ആട്ടിടയാ, പ്രയാസങ്ങളുടെ ചവിട്ടുപടികളാണ് നീ ചവിട്ടിക്കയറിയിരിക്കുന്നത്." (ഇബ്നു മസ്ഊദ് മക്കയിലെ ആട്ടിടയന്മാരിൽ ഒരാളായിന്നു). ഈ സംസാരത്തിനു ശേഷം ഇബ്നു മസ്ഊദ് അബൂജഹലിന്റെ തലയെടുത്ത് പ്രവാചകന്റെ സന്നിധിയിൽ ഹാജരാക്കി. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, ഇതാ അല്ലാഹുവിന്റെ ശത്രുവയ അബൂജഹലിന്റെ തല." പ്രവാചകൻ ഇങ്ങനെ പ്രതിവചിച്ചു: "മറ്റൊരു ആരാധ്യനില്ലാത്ത വിധം ഏകനായവനല്ലേ അല്ലാഹു?" മൂന്ന് പ്രാവശ്യം അദ്ദേഹം അത് ആവർത്തിച്ച് പറയുകയുണ്ടായി. പിന്നീട് ഇപ്രകാരം മൊഴിഞ്ഞു: "അല്ലാഹുവാണ് ഏറ്റവും വലിയവൻ. വാഗ്ദാനം സത്യമാക്കിത്തരികയും തന്റെ അടിമയെ സഹായിക്കുകയും സഖ്യകക്ഷികളെ ഒന്നടങ്കം നശിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സർവസ്തുതിയും." തുടർന്നദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഈ സമുദായത്തിലെ ഫിർഔനാണ് ഈ കിടക്കുന്നത്."

മുസ്‌ലിംകളുടെ കൂട്ടത്തിൽ നിന്ന് പതിനാലു പേരാണ് ഈ യുദ്ധത്തിൽ ശഹീദായത്. ആറു മുഹാജിറുകളും എട്ടു അൻസ്വാരികളും. മുശ്‌രിക്കുകളുടെ കൂട്ടത്തിൽ നിന്ന് എഴുപത് പേർ വധിക്കപ്പെടുകയും എഴുപതു പേർ തടവുകാരാക്കപ്പെടുകയും ചെയ്തു.

## മദീനയിൽ ആഹ്ലാദത്തിന്റെ പൂത്തിരികൾ

ബദ്റിലെ വിജയവാർത്ത മദീനയിലെത്തിക്കാൻ പ്രവാചകൻ ﷺ അബ്ദുല്ലാഹിബ്നു റവാഹയെയും സൈദുബ്നു ഹാരിഥയെയും ഉത്തരവാദപ്പെടുത്തി. അവർ മദീനയിലേക്ക് പുറപ്പെട്ടു. ജൂതന്മാരും കപടവിശ്വാസികളും മുസ്‌ലിംകൾ അമ്പെ പരാജയപ്പെട്ടുവെന്നും മുഹമ്മദ് നബിﷺ കൊല്ലപ്പെട്ടുവെന്നുമൊക്കെ പ്രചരിപ്പിച്ചിരുന്നു. സൈദ്ﷺവിനെ പ്രവാചകന്റെ ഒട്ടകപ്പുറത്ത് ഒറ്റക്ക് കണ്ടപ്പോൾ 'ഒരു മുനാഫിഖ് ഇതാ, മുഹമ്മദ് കൊല്ലപ്പെട്ടിരിക്കുന്നു, ഇതാ മുഹമ്മദിന്റെ ഒട്ടകം, സൈദ് അതിന്റെ പുറത്തു കയറി തോറ്റോടി വന്നിരിക്കുന്നു' എന്ന് വിളിച്ചു പറയാൻ തുടങ്ങി.

നബിﷺയുടെ രണ്ടു ദൂതരെയും മദീനയിലെ മുസ്‌ലിംകൾ സന്തോഷപൂർവം എതിരേറ്റു. അവർ അവർക്ക് ചുറ്റും കൂടി. അവരിൽ നിന്നും വിജയവാർത്ത അറിഞ്ഞപ്പോൾ മദീനയിൽ ആഹ്ലാദത്തിന്റെ പൂത്തിരികൾ കത്തി. ദിഗന്തങ്ങൾ മുഴങ്ങുമാറ് തഹ്‌ലീലും തക്ബീറും മുഴങ്ങി. മുസ്‌ലിം സൈന്യത്തെ സ്വീകരിക്കാൻ അവർ ബദ്റിന്റെ ഭാഗത്തേക്ക് യാത്രയായി.

മദീനയിൽ ഈ സന്തോഷവാർത്ത എത്തുന്ന സന്ദർഭത്തിലാണ് മുസ്‌ലിംകൾക്ക് ദുഃഖമുണ്ടാക്കിയ ഒരു സംഭവവും ഉണ്ടായത്. പ്രവാചക പുത്രിയായ റുഖിയﷺ മരണപ്പെട്ടത് ആ സന്ദർഭത്തിലായിരുന്നു.അവരുടെ ഖബ്റടക്കം പൂർത്തിയാവുന്ന അവസരത്തിലാണ് മദീനക്കാർ ഈ സന്തോഷവാർത്ത ശ്രവിച്ചത്.


**മുസ്‌ലിം സൈന്യം മടങ്ങുന്നു**

പ്രവാചകൻﷺ മൂന്ന് ദിവസം കഴിഞ്ഞതിനു ശേഷമാണ് ബദ്റിൽ നിന്നും പുറപ്പെട്ടത്. യുദ്ധത്തടവുകാരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. മുദയ്യിഖിനും നാസിയത്തിനുമിടയിലെ ഒരു കുന്നിൽ വെച്ച് യുദ്ധാർജിത സ്വത്തുക്കൾ എല്ലാ മുസ്‌ലിംകൾക്കും സമത്തിൽ വീതിച്ചു കൊടുത്തു. അഞ്ചിലൊന്ന് പ്രവാചകനും എടുത്തു. യുദ്ധത്തടവുകാർക്ക് പുറമെ രണ്ടു യുദ്ധക്കുറ്റവാളികളും കൂട്ടത്തിലുണ്ടായിരുന്നു. നദ്റുബ്നുൽ ഹാരിഥ്, ഉഖ്ബത്തുബ്നുഅബീ മുഈത്ത് എന്നിവരായിരുന്നു അവർ. ●

ഇബ്നു അഹ്മദ് പൂക്കാടഞ്ചേരി
mail@nerpatham.com

ലേഖനം

# നിറഞ്ഞ മനസ്സ്



മനുഷ്യൻ അനേകം ആഗ്രഹങ്ങളുള്ളവനാണ്. എല്ലാ ആശകളും സഫലീകരിക്കപ്പെട്ട് ഇനിയൊന്നും അവശേഷിക്കാത്ത അവസ്ഥ ആർക്കും സംജാതമാകുന്നില്ല. ഈ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി അവൻ കഠിനാധ്വാനം ചെയ്യുന്നു. ഒരാവശ്യം നേടിക്കഴിഞ്ഞാലുടൻ മറ്റൊന്ന് അവന് മുമ്പിൽ പ്രശ്നം സൃഷ്ടിച്ച് കൊണ്ടിരിക്കും. മനുഷ്യനെ നിരന്തരം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിപ്പിക്കുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെ. ഇത് മനുഷ്യ സഹജമായ സ്വഭാവമാണ്. അത് കൊണ്ടുതന്നെ ആഗ്രഹങ്ങളും അഭിലാഷങ്ങളും ഉപേക്ഷിക്കുക എന്നത് പ്രായോഗികമല്ല.

എന്നാൽ ആവശ്യങ്ങളും ആഗ്രഹങ്ങളും മേൽക്കുമേൽ കുമിഞ്ഞ്കൂടുകയും സഫലീകരിക്കപ്പെടുന്നതിലൊന്നും സംതൃപ്തി കണ്ടെത്താൻ സാധിക്കാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ പ്രശ്നമാണ്. അഥവാ ആഗ്രഹങ്ങളും ആവശ്യങ്ങളും മനസ്സിൽ സൂക്ഷിക്കുന്നതോടൊപ്പം ലഭിച്ച അനുഗ്രഹങ്ങളിലും സൗകര്യങ്ങളിലും സംതൃപ്തി പ്രകടിപ്പിക്കാനും നന്ദികാണിക്കാനും നാം സന്നദ്ധരാകേണ്ടിയിരിക്കുന്നു. ചെറുതും വലുതുമായ ഏതുതരം നന്മ ലഭിക്കുമ്പോഴും നന്ദിപറയുന്ന മനസ്സ് നാം പാകപ്പെടുത്തണം. ആവശ്യങ്ങളുടെ ആധിക്യം ലഭിച്ച് കഴിഞ്ഞതിനെ വിസ്മരിക്കാനും നടക്കാനുള്ള ദൂരമോർത്ത് പിന്നിട്ട വഴികളെ നിസ്സാരവത്കരിക്കാനും നാം തയ്യാറായിക്കൂടാ. തനിക്ക് ലഭിച്ച സൗകര്യങ്ങളും നേട്ടങ്ങളും എത്ര നിസ്സാരമാണെങ്കിലും അതിൽ തൃപ്തിയടയുന്ന സമീപനമാണ് വിശ്വാസിയിൽ നിന്നുണ്ടാകേണ്ടത്.

എത്ര ലഭിച്ചാലും പരാതികളും പരിഭവങ്ങളും അവസാനിക്കാത്ത ചിലരെ നമുക്ക് കാണാം. ചുറ്റുപാടുള്ളവരെല്ലാം തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങളിൽ സന്തുഷ്ടരാകുമ്പോഴും ഇവർ നിരാശരായിരിക്കുന്നു! ഒരുവേള മറ്റുള്ളവരുടെ സന്തോഷത്തിൽ അവർ അസൂയ പ്രകടിപ്പിക്കുന്നു. ഇത് ഒരു മാനസിക വൈകല്യമാണ്. ഇത്തരക്കാരുടെ ആഗ്രഹങ്ങൾ വലുതായത് കൊണ്ട് മാത്രമല്ല ഇങ്ങനെ സംഭവിക്കുന്നത്. സഫലീകരിക്കപ്പെട്ടതിനെ സ്മരിച്ച് സന്തോഷം കാണിക്കുന്നതിന് പകരം അടുത്ത ആവശ്യത്തെ ഓർത്ത് അവർ അസഹിഷ്ണുത പ്രകടിപ്പിക്കുന്നു!

(ശേഷം, പേജ്: 32ൽ)

മൂസ സ്വലാഹി, കാര
mail@nerpatham.com





# ബദ്റിലെ ഗുണപാഠം

ഇസ്‌ലാമിക ചരിത്രത്തിൽ അല്ലാഹുവിന്റെ നിശ്ചയപ്രകാരം ഏതാനും യുദ്ധങ്ങൾക്ക് നബിﷺ സ്വഹാബത്തും സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുതുമാണ് ബദ്ർ യുദ്ധം. ശത്രുക്കളിൽ നിന്ന് നബിﷺക്ക് നേരെയുള്ള പരിഹാസവും ആരോപണങ്ങളും അക്രമവും എതിർപ്പുകളും കടുത്ത സാഹചര്യത്തിലാണ് ഈ യുദ്ധത്തിന് അല്ലാഹു അനുമതി നൽകിയത്. മുസ്‌ലിംകൾ വിജയം പുൽകിയ ബദ്ർ യുദ്ധത്തെ 'യൗമുൽ ഫുർക്വാൻ' (സത്യാസത്യവിവേചനത്തിന്റെ ദിവസം) എന്നാണ് ക്വുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: "സത്യാസത്യ വിവേചനത്തിന്റെ ദിവസത്തിൽ നമ്മുടെ ദാസന്റെ മേൽ നാം അവതരിപ്പിച്ചതിലും നിങ്ങൾ വിശ്വസിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ അല്ലാഹു ഏതൊരു കാര്യത്തിനും കഴിവുള്ളവനാകുന്നു"(8:41). "ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം തീർച്ചയായും നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ് എന്ന വചനത്തിലെ (44:16) 'അൽ ബത്ശതുൽ കുബ്‌റാ' (ഏറ്റവും വലിയ പിടുത്തം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബദ്ർ യുദ്ധമാണെന്ന് ഇബ്നു മസ്ഊദ്﵁ അഭിപ്രായപ്പെട്ടതായി കാണാം.

സത്യസന്ധമായും ആത്മാർഥതയോടെയും വിശ്വാസം നിലനിർത്തിയവർക്കാണ് എക്കാലത്തും ശത്രുക്കളിൽ നിന്ന് പരീക്ഷണം നേരിടേണ്ടി വന്നിട്ടുള്ളത്. നബിﷺ പറഞ്ഞു: "ഏറ്റവും കഠിനമായ പരീക്ഷണം പ്രവാചകന്മാർക്കാണ്. പിന്നെ അവരെ പിൻപറ്റിയവർ, പിന്നെ അവരെ പിൻപറ്റിയവർ" (ബുഖാരി). ബദ്റിലേക്ക് പുറപ്പെട്ട നബിﷺക്കും അനുചരന്മാർക്കും ആൾബലവും ആയുധബലവുമല്ല ശക്തിപകർന്നത്. ഇവ രണ്ടും നന്നെ കുറവായിരുന്നു. ആദർശബലമാണ് വിജയത്തിന് തുണയായത്. മുന്നൂറോളം വരുന്ന മുസ്‌ലിം സൈന്യവും ആയിരത്തിലധികം വരുന്ന ശത്രുസൈന്യവും തമ്മിലുണ്ടായ ഏറ്റുമുട്ടലിനെ ഒരു വലിയ ദൃഷ്ടാന്തമായിട്ടാണ് ക്വുർആൻ വിവരിക്കുന്നത്. അല്ലാഹു പറയുന്നു: "(ബദ്റിൽ) ഏറ്റുമുട്ടിയ ആ രണ്ടു വിഭാഗങ്ങളിൽ തീർച്ചയായും നിങ്ങൾക്കൊരു ദൃഷ്ടാന്തമുണ്ട്. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. മറുവിഭാഗമാകട്ടെ സത്യനിഷേധികളും. (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് തന്റെ സഹായം കൊണ്ട് പിൻബലം നൽകുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്" (3:13).

ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്നും സ്വീകാര്യമായ ചരിത്രത്തിൽ നിന്നും ഈ യുദ്ധത്തെ വായിക്കുന്നവർക്ക് ജീവിതത്തിൽ വെളിച്ചമേകുന്ന ധാരാളം ഗുണപാഠങ്ങൾ ഗ്രഹിക്കാൻ കഴിയും. അവയിൽ ചിലത് സൂചിപ്പിക്കാം.

### 1. പ്രാർഥനയും സഹായതേട്ടവും അല്ലാഹുവിനോട് മാത്രം.

ഇവ രണ്ടും ആരാധനയിൽ പ്രധാനപ്പെട്ടവയാണ്. ഏത് അവസ്ഥയിലായിരുന്നാലും ശരി ഒരു സത്യവിശ്വാസി അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട കാര്യങ്ങൾ അവനോട് മാത്രമെ ചോദിക്കാവൂ എന്നതിനും അതിലൂടെ മാത്രമെ ആഗ്രഹ സാഫല്യം സാധ്യമാവുകയുള്ളൂ എന്നതിനുമുള്ള ഏറ്റവും വലിയ തെളിവാണ് ബദ്റിൽ നടന്ന പ്രാർഥനയും സഹായതേട്ടവും സത്യത്തിന്റെ ആളുകൾക്ക് അല്ലാഹു നൽകിയ വിജയവും. അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി" (8:9).

നബിﷺ ക്വിബ്‌ലക്ക് മുന്നിട്ട് രണ്ട് കൈകളും നീട്ടി 'അല്ലാഹുവേ, എനിക്ക് നൽകിയ വാഗ്ദാനം നീ പൂർത്തിയാക്കേണമേ, അല്ലാഹുവേ ഈ ചെറു സംഘത്തെ നീ നശിപ്പിക്കരുത്' എന്നാണ് തേടിയത്. എന്നാൽ ഈ മാതൃക പിൻപറ്റേണ്ടതിനു പകരം നമ്മുടെ നാട്ടിലെ മുസ്‌ലിംകളിൽ അധികവും ഇതിനുവിരുദ്ധമായി പ്രവർത്തിക്കുന്നതാണ് നാം കാണുന്നത്. ജനങ്ങളെ നേർവഴിയിൽ നയിക്കേണ്ട പണ്ഡിതന്മാർ പ്രവാചക മാതൃകക്ക് വിരുദ്ധമായ സന്ദേശമാണ് ജനങ്ങൾക്ക് നൽകുന്നത്. ബദ്റിൽ രക്തസാക്ഷികളായ സ്വഹാബികളുടെ പേരിൽ ഒരു മുസ്‌ലിയാർ എഴുതി വിടുന്നത് കാണുക: "ഏതേതു പ്രശ്നങ്ങളായിരുന്നാലും ശരി, ഐഹികമാകട്ടെ പാരത്രികമാകട്ടെ, ബദ്റീങ്ങളെ വിളിച്ച് സഹായം തേടിയാൽ തീർച്ചയായും സഹായം ലഭിക്കപ്പെടും. ഇസ്‌ലാമിക പ്രമാണങ്ങളിൽ അതിന് മതിയായ രേഖകൾ സ്പഷ്ടമായിരിക്കെ അത് ശിർക്കാണെന്നു പറയുന്നവരുടെ തലക്കാണ് വട്ട്" (ബദ്ർ മൗലിദ് പരിഭാഷയും വിവരണവും, പേജ്: 43). പ്രമാണങ്ങൾ പഠിപ്പിച്ചതിന് വിപരീതം പ്രചരിപ്പിക്കുന്നവർ യാതൊരു രേഖയും ചൂണ്ടിക്കാണിക്കാനില്ലാതെയാണ് ഈ അപകടം നിറഞ്ഞ വാദങ്ങൾ ഉന്നയിക്കുന്നതെന്ന് മനസ്സിലാക്കുക.



### ഭരമേൽപിക്കേണ്ടത് അല്ലാഹുവിൽ മാത്രം

വിശ്വാസികൾ ഏതൊരു നന്മ തീരുമാനിച്ചാലും ഭരമേൽപിക്കേണ്ടത് അല്ലാഹുവിലാണ്. ബദ്റിലേക്ക് പുറപ്പെട്ട നബിﷺയും അനുയായികളും അല്ലാഹുവിൽ മാത്രമാണ് തവക്കുലാക്കിയത് അഥവാ ഭരമേൽപിച്ചത്. ആ ബലം തന്നെയാണ് വിജയത്തിന് ഹേതുവായതും. അല്ലാഹു പറയുന്നു: "...അല്ലാഹു സത്യവിശ്വാസികളുടെ കൂടെ തന്നെയാണ്"(8:19).

ഒരു വിശ്വാസി അല്ലാഹുവിൽ ഭരമേൽപിച്ചാൽ രക്ഷിതാവായി അല്ലാഹുവിനെ അംഗീകരിക്കുക കൂടിയാണ് ചെയ്യുന്നത്. തവക്കുൽ അല്ലാഹുവിൽ മാത്രമായിരിക്കണമെന്ന ഗുണപാഠം ഉൾക്കൊള്ളേണ്ടതിനു പകരം ബദ്ർ ശുഹദാക്കളുടെ മേൽ തവക്കുലാക്കാനാണ് മുസ്‌ലിയാർ പഠിപ്പിക്കുന്നതും വിശ്വസിപ്പിക്കുന്നതും. "ഞങ്ങളുടെ നാഥാ ബദ്ർ ശുഹദാക്കളുടെ ബർക്കത്ത് കൊണ്ട് ഞങ്ങളുടെ ആശകളെ നിറവേറ്റിത്തരേണമേ.. പരീക്ഷണങ്ങളെയും ക്ലേശങ്ങളെയും തടഞ്ഞുവെക്കേണമേ... ആശീർവാദത്തോടെ ഞങ്ങളെ രക്ഷപ്പെടുത്തേണമേ" എന്ന തേട്ടവും (ബദ്ർ മൗലിദ്, പേജ്: 42) മുസ്‌ലിയാർ പഠിപ്പിക്കുന്നുണ്ട്!

ബദ്ർ ശുഹദാക്കളുടെ നാമങ്ങൾ വീടുകളിൽ എഴുതി കെട്ടിത്തൂക്കിയാൽ അതിലൂടെ കാവൽ ലഭിക്കുമെന്ന് കള്ളക്കഥകളിലൂടെ ഇവർ പ്രചരിപ്പിക്കുന്നു. ബദ്ർ മൗലിദിൽ വന്ന ഒരു കഥ ഇങ്ങനെ വായിക്കാം: "ഒരാൾ തന്റെ വീട്ടുവാതിലിന്റെ മേലെ കട്ടിലപ്പടയിൽ ബദ്റീങ്ങളുടെ നാമങ്ങൾ എഴുതിവെച്ച് പരിശുദ്ധ ഹജ്ജ് കർമത്തിനായി പുണ്യമക്കയിലേക്ക് യാത്രതിരിച്ചു. മോഷണ ശ്രമത്തിനിടെ ചില സംസാരവും ആയുധങ്ങളുടെ ചിലമ്പൽ ശബ്ദവും അവർ കേട്ടു. ഉടനെ മോഷ്ടാക്കൾ സ്ഥലം വിട്ടു. രണ്ടാം ദിവസവും മൂന്നാം ദിവസവും മോഷ്ടാക്കൾ പ്രസ്തുത വീട്ടിൽ മോഷണ ശ്രമം നടത്തിയെങ്കിലും ആദ്യ ദിവസത്തെ അനുഭവം ഉണ്ടായതിനാൽ നിരാശയോടെ മടങ്ങേണ്ടി വന്നു. ആൾതാമസമില്ലാത്ത വീട്ടിലെ ഈ അനുഭവം മോഷ്ടാക്കളെ അത്ഭുതപ്പെടുത്തി. മോഷണ ശ്രമം അവർ ഉപേക്ഷിച്ചു. വീട്ടുടമസ്ഥൻ പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ചു വീട്ടിൽ തിരിച്ചെത്തിയപ്പോൾ മോഷ്ടാക്കൾ അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു: 'താങ്കൾ ഹജ്ജിനു പുറപ്പെട്ടപ്പോൾ വീടിന്റെ സംരക്ഷണാർഥം എന്തായിരുന്നു ചെയ്തത്? അതൊന്നു പറഞ്ഞു തരണം.' 'വ

ലാ യഊദുഹു ഹിഫ്ദ്വുഹുമാ വഹുവൽ അലിയ്യുൽ അദ്വീം' എന്ന സൂക്തവും ബദ്‌രീങ്ങളുടെ നാമങ്ങളും എഴുതിവെച്ചതല്ലാതെ വേറെയൊന്നും ഞാൻ ചെയ്തിട്ടില്ലെന്ന് വീട്ടുടമസ്ഥൻ മറുപടി പറഞ്ഞു. ഇതുകേട്ട് മോഷ്ടാവ് പറഞ്ഞു: 'മനസ്സിലായി, സംരക്ഷണ മരുന്ന് ലഭിച്ചു. അല്ലാഹുവിന് സ്തുതി." (സുന്നിഅഫ്കാർ, 2015 ജനുവരി).

ഇങ്ങനെയുള്ള കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് എന്താണ് നേട്ടം? ജനങ്ങൾ കബളിപ്പിക്കപ്പെടുന്നു, ശിർക്കിൽ അകപ്പെടുന്നു എന്നതല്ലേ വാസ്തവം?

**യഥാർഥ സഹായം അല്ലാഹുവിൽ നിന്ന് മാത്രം**

അല്ലാഹുവിന്റെ അടിമകളെ സഹായിക്കുക എന്നത് അല്ലാഹുവിന്റെ ബാധ്യതയത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകും. അല്ലാഹു നൽകുന്ന സഹായത്തിന്റെ അവകാശികളാവാൻ അടിമകൾ ചെയ്യേണ്ടത് അവനെയും സഹായിക്കുക എന്നതാണ്. അതായത് മതത്തിന്റെ സംരക്ഷകരാവുക. അല്ലാഹു പറയുന്നു: "...തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും..." (22:40).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചി നിർത്തുകയും ചെയ്യുന്നതാണ്" (47:7).

ബദ്‌റിൽ മുസ്‌ലിം സൈന്യം ദുർബലമായിരുന്നു. വിശ്വാസത്തിന്റെ കാഠിന്യഫലമായി വ്യത്യസ്ത രീതിയിലുള്ള സഹായങ്ങളാണ് അല്ലാഹുവിൽ നിന്ന് ലഭ്യമായത്. അല്ലാഹു പറയുന്നു: "നിങ്ങൾ ദുർബലമായിരിക്കെ ബദ്‌റിൽ വെച്ച് അല്ലാഹു നങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക നിങ്ങൾ നന്ദിയുള്ളവരായേക്കാം" (3:123). അല്ലാഹു നൽകിയ സഹായങ്ങളെക്കുറിച്ച് ക്വുർആൻ പറഞ്ഞുതരുന്നുണ്ട്:

(എ). മലക്കുകളെ ഇറക്കി സഹായിച്ചു: അല്ലാഹു പറയുന്നു: "(നബിയേ) നിങ്ങളുടെ രക്ഷിതാവ് മൂവായിരം മലക്കുകളെ ഇറക്കിക്കൊണ്ട് നിങ്ങളെ സഹായിക്കുക എന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ എന്ന് സത്യവിശ്വാസികളോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക). (പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:)

**അല്ലാഹു വിലക്കിയ രണ്ട് കാര്യങ്ങളാണിവ. സത്യത്തെ നിരാകരിക്കലും ജനങ്ങളെ ചെറുതായി കാണലുമാണ് അഹങ്കാരം. എല്ലാ കാലത്തും പ്രവാചകന്മാർ പ്രധാനമായും നേരിട്ട പരീക്ഷണം അഹങ്കാരികളിൽ നിന്നാണ്. അഹങ്കാരികൾക്ക് എന്നും നാശം മാത്രമെ ഉണ്ടായിട്ടുള്ളൂ. കർമങ്ങളിൽ നിഷ്കളങ്കത ഇല്ലാതാവലാണ് ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രർത്തിച്ചാൽ ഉണ്ടാകുന്നത്. അത്തരം പ്രവർത്തനങ്ങൾ അല്ലാഹു ആരിൽ നിന്നും സ്വീകരിക്കുകയില്ല. ശത്രുസൈന്യം യുദ്ധത്തിന് പുറപ്പെട്ടത് ഈ രണ്ട് ദുർഗുണങ്ങളും പ്രകടിപ്പിച്ച് കൊണ്ടാണ്. അത് വിശ്വാസികളിൽ നിന്ന് ഉണ്ടാകാൻ പാടില്ലെന്ന് അല്ലാഹുതാക്കീത് നൽകുന്നുമുണ്ട്.**

അതെ, നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽ തന്നെ വന്നെത്തുകയുമാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മലക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്കൊരു സന്തോഷ വാർത്തയായിക്കൊണ്ടും നിങ്ങളുടെ മനസ്സുകൾ സമാധാനപ്പെടുവാൻ വേണ്ടിയും മാത്രമാണ് അല്ലാഹു ആ പിൻബലം നൽകിയത്. (സാക്ഷാൽ) സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നു മാത്രമാകുന്നു" (3:124-126).

(ബി). മുസ്‌ലിം സൈന്യം എണ്ണത്തിൽ കുറവായിരുന്നു. ശത്രുക്കൾ നോക്കിയപ്പോൾ തങ്ങളുടെ ഇരട്ടിയുണ്ടെന്ന് തോന്നിക്കും വിധം മുസ്‌ലിംകളിൽ വർധനയുണ്ടായി. അല്ലാഹു പറയുന്നു: "...(അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്..."(3:13).

(സി). മഴ ഇറക്കി സഹായിച്ചു. അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പക്കൽ നിന്നുള്ള മനഃശാന്തിയുമായി നിങ്ങളെ നിദ്രാമയക്കംകൊണ്ട് ആവരണം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്ങളിൽ നിന്ന് പിശാചിന്റെ ദുർബോധനം നീക്കിക്കളയുന്നതിനും നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും പാദങ്ങൾ ഉറപ്പിച്ച് നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെ മേൽ ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞ് തന്നിരുന്ന സന്ദർഭവും (ഓർക്കുക)" (8:11).

(ഡി). ശത്രുക്കൾക്ക് അല്ലാഹു ഭയം നൽകി. അല്ലാഹു പറയുന്നു: "നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക). ഞാൻ നിങ്ങളുടെ കൂടെയുണ്ട്, അതിനാൽ സത്യവിശ്വാസികളെ നിങ്ങൾ ഉറപ്പിച്ചു നിർത്തുക. സത്യനിഷേധികളുടെ മ

നസ്സുകളിൽ ഞാൻ ഭയം ഇട്ടുകൊടുക്കുന്നതാണ്...” (8:12).

(ഇ). അല്ലാഹു തന്റെ വിജയ വാഗ്ദാനം പൂർത്തിയാക്കി. അല്ലാഹു പറയുന്നു: “സത്യത്തെ സത്യമായി പുലർത്തേണ്ടതിനും അസത്യത്തെ ഫലശൂന്യമാക്കിത്തീർക്കേണ്ടതിനുമത്രെ അത്. ദുഷ്ടന്മാർക്ക് അതെത്ര അനിഷ്ടകരമായാലും ശരി” (8:8).

ദൃഢവിശ്വാസമുള്ളവർക്ക് സത്യത്തിൽ ഉറച്ച് നിൽക്കാൻ തുണയാകുന്ന സഹായം അല്ലാഹുവിൽ നിന്ന് ലഭിക്കും എന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണിത്.

**അഹങ്കാരവും ലോകമാന്യവും ആപത്ത്**

അല്ലാഹു വിലക്കിയ രണ്ട് കാര്യങ്ങളാണിവ. സത്യത്തെ നിരാകരിക്കലും ജനങ്ങളെ ചെറുതായി കാണലുമാണ് അഹങ്കാരം. എല്ലാ കാലത്തും പ്രവാചകന്മാർ പ്രധാനമായും നേരിട്ട പരീക്ഷണം അഹങ്കാരികളിൽ നിന്നാണ്. അഹങ്കാരികൾക്ക് എന്നും നാശം മാത്രമെ ഉണ്ടായിട്ടുള്ളൂ. കർമങ്ങളിൽ നിഷ്കളങ്കത ഇല്ലാതാവലാണ് ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രർത്തിച്ചാൽ ഉണ്ടാകുന്നത്. അത്തരം പ്രവർത്തനങ്ങൾ അല്ലാഹു ആരിൽ നിന്നും സ്വീകരിക്കുകയില്ല. ശത്രുസൈന്യം യുദ്ധത്തിന് പുറപ്പെട്ടത് ഈ രണ്ട് ദുർഗുണങ്ങളും പ്രകടിപ്പിച്ച് കൊണ്ടാണ്. അത് വിശ്വാസികളിൽ നിന്ന് ഉണ്ടാകാൻ പാടില്ലെന്ന് അല്ലാഹു താക്കീത് നൽകുന്നുമുണ്ട്. അല്ലാഹു പറയുന്നു: “ഗർവ്വോട് കൂടിയും ജനങ്ങളെ കാണിക്കാൻ വേണ്ടിയും തങ്ങളുടെ വീടുകളിൽ നിന്ന് ഇറങ്ങിപ്പുറപ്പെട്ടവരെപ്പോലെ നിങ്ങളാകരുത്. അല്ലാഹു അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു” (8:47).

**പിശാച് മനുഷ്യന്റെ മുഖ്യശത്രു തന്നെ**

ശൈത്വാൻ മനുഷ്യന്റെ മുഖ്യശത്രുവാണെന്ന് സംശയലേശമന്യെ അല്ലാഹു ബോധ്യപ്പെടുത്തിത്തന്ന യുദ്ധമാണ് ബദ്ർ. ചീത്ത പ്രവർത്തനങ്ങളിൽ ആകൃഷ്ടതയുണ്ടാക്കി ചതിയിൽ ചാടിക്കുക എന്നതാണ് ശൈത്വാന്റെ കുതന്ത്രം. ശത്രുപക്ഷത്തിന് അവരുടെ പ്രവർത്തനങ്ങളെ ശൈത്വാൻ ഭംഗിയാക്കി തോന്നിച്ചു. അവർ ചതിയിൽ അകപ്പെട്ടു, എന്ന് മാത്രമല്ല അവസാനം ശൈത്വാൻ പിന്തിരിയുകയും ചെയ്തു. അല്ലാഹു പറയുന്നു: “ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും എന്ന് പറഞ്ഞ് കൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടു സംഘങ്ങൾ അന്യോന്യം കണ്ടുമുട്ടിയപ്പോൾ ‘എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല. തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ’ എന്ന് പറഞ്ഞ് കൊണ്ട് അവൻ (പിശാച്) പിന്മാറിക്കളഞ്ഞു” (8;48).

ഓർക്കുക, ഇതു തന്നെയാണ് എല്ലാ ചെയ്തികളിലും പിശാചിന്റെ ശൈലി. മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ അവൻ കിണഞ്ഞു ശ്രമിക്കും. ആത്മാർഥതയില്ലാത്ത വിശ്വാസികളെ അവന് പെട്ടെന്ന് പിഴപ്പിക്കുവാൻ സാധിക്കും. അല്ലാഹുവിനോടേ പ്രാർഥിക്കൂ എന്ന ആദർശം മുറുകെ പിടിച്ചതിന്റെ പേരിൽ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുകയും രക്തസാക്ഷികളാവുകയും ചെയ്തവരെ വിളിച്ച് തേടുന്ന ദുരവസ്ഥയിലേക്ക് മുസ്‌ലിംകൾ എത്തിനിൽക്കുന്നുവെങ്കിൽ അത് പിശാചിന്റെ വിജയമാണ്. പൈശാചികതയെ തോൽപിക്കാൻ കഴിയുന്ന വിശ്വാസ ദാർഢ്യമാണ് നോമ്പുകൊണ്ട് നാം നേടിയെടുക്കേണ്ടത്.

**വിസ്മരിക്കപ്പെടുന്ന ബദ്റിന്റെ സന്ദേശം**

ബദ്റിൽ അടരാടിയ മഹാന്മാരായ സ്വഹാബിമാർ അല്ലാഹുവിന്റെ ഏകത്വത്തെ ലോകത്തിനു മുമ്പിൽ വിളംബരം ചെയ്യുന്നതിനു വേണ്ടിയായിരുന്നു കഠിനമായ ത്യാഗത്തിൽ ഏർപെട്ടത്. അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നതും അവരോട് പ്രാർഥിക്കുന്നതും അവർക്ക് വഴിപാടുകളർപിക്കുന്നതും അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാപാപമായ ശിർക്ക് അഥവാ ബഹുദൈവാരാധനയാണെന്ന് അവർ സമുദായത്തെ പഠിപ്പിച്ചു. പക്ഷേ, കാലചക്രം തിരിഞ്ഞു. അല്ലാഹുവിനോട് മാത്രം നിങ്ങൾ പ്രാർഥിക്കണമെന്നും അവന്റെ സൃഷ്ടികളോട് നിങ്ങൾ പ്രാർഥിക്കരുതെന്നും അവർ പഠിപ്പിച്ചുവെങ്കിൽ അവർ തന്നെ പ്രാർഥിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. ‘അല്ലാഹുവേ രക്ഷിക്കണേ’ എന്ന് പറയുന്നതിന് പകരം ‘ബദ്‌രീങ്ങളേ, കാക്കണേ’ എന്ന് പറയുന്ന അവസ്ഥ. എന്തൊരു വിധിവൈപരീത്യം!!

**ബദ്ർ ദിനവും ആണ്ട് നേർച്ചയും**

ബദ്റിൽ ശുഹദാക്കളായവർ കാണിച്ചു തന്ന പാന്ഥാവിലൂടെ സഞ്ചരിക്കുന്നതിന് പകരം നബിﷺയോ സ്വഹാബിമാരോ ഉത്തമനൂറ്റാണ്ടുകാരോ കാണിച്ചു തരാത്ത ബദ്‌രീങ്ങളുടെ പേരിലുള്ള ആണ്ട് നേർച്ചയും ബദ്ർ ദിന പരിപാടികളും തകർത്താഘോഷിക്കുന്നതിലാണ് പുരോഹിത വർഗത്തിന് താൽപര്യം. പ്രവാചകന്റെ മാതൃകയിലില്ലാത്ത കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുക എന്നതാണ് ബദ്‌രീങ്ങളുടെ യഥാർഥ മാതൃക എന്നത് ഇക്കൂട്ടർ വിസ്മരിക്കുന്നു. ബദ്‌രീങ്ങൾ വെട്ടിത്തെളിയിച്ച സത്യമാർഗത്തിലൂടെ പ്രയാണം നടത്തുവാൻ സർവശക്തൻ നമുക്ക് അനുഗ്രഹം പ്രദാനം ചെയ്യുമാറാകട്ടെ. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# സകാത്തിലൂടെ ധനം ശുദ്ധീകരിക്കുക

സകാത്ത് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ്. ഇബ്നു ഉമർ ﷺ നിവേദനം. നബി ﷺ പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാകുന്നു എന്ന സത്യസാക്ഷ്യ വചനം, നമസ്കാരം മുറപോലെ നിർവഹിക്കൽ, സകാത്ത് നൽകൽ നോമ്പ്, എടുക്കൽ ഹജ്ജ് നിർവഹിക്കൽ, എന്നിവയാണവ" (ബുഖാരി, മുസ്‌ലിം).

വിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ നമസ്കാരവും സകാത്തും ഒരുമിച്ച് പ്രതിപാദിക്കപ്പെട്ടതായി കാണാം.

**സകാത്ത് നൽകുന്നതിന്റെ പ്രാധാന്യം**

അല്ലാഹു പറയുന്നു: "അവരെ ശുദ്ധീകരിക്കുകയും വിശുദ്ധരാക്കുകയും ചെയ്യുന്ന സകാത്ത് നീ അവരുടെ സ്വത്തിൽ നിന്ന് വാങ്ങുകയും അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുക" (തൗബ 103).

"ആളുകളുടെ ധനത്തിൽ നിന്നും നിങ്ങൾക്ക് വളർച്ച ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ നിങ്ങൾ പലിശക്ക് നൽകുന്ന സ്വത്ത് അല്ലാഹുവിന്റെയടുക്കൽ വളരുന്നില്ല. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കി നിങ്ങൾ നൽകുന്ന സകാത്താവട്ടെ, (അത് വളരുന്നു). അങ്ങിനെ നൽകുന്നവരാകുന്നു യഥാർഥത്തിൽ തങ്ങളുടെ സമ്പത്തുകൾ ഇരട്ടിപ്പിക്കുന്നവർ"(റൂം 39).

അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിച്ചതിൽ നിന്നും ഒരു ഈത്തപ്പഴമെങ്കിലും ആരെങ്കിലും ദാനം ചെയ്യുന്നുവെങ്കിൽ അല്ലാഹു തന്റെ വലതുകൈ കൊണ്ട് അത് സ്വീകരിക്കുകയും നിങ്ങൾ നിങ്ങളുടെ കുതിരക്കുട്ടികളെ വളർത്തുന്നതുപോലെ വളർത്തി ഒരു മലയോളം വലുപ്പത്തിലാക്കുകയും ചെയ്യും"(ബുഖാരി, മുസ്‌ലിം).

**സകാത്ത് നൽകാതിരിക്കുന്നതിന്റെ ഗൗരവം**

അല്ലാഹു തന്റെ ഔദാര്യത്തിൽ നിന്നും നൽകിയിട്ടുള്ള സ്വത്തിൽ നിന്ന് ചെലവഴിക്കാതെ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഉത്തമമാകുമെന്ന് വിചാരിക്കേണ്ടതില്ല. അല്ല അതവർക്കു തന്നെ വിനയായി മാറും. അവർ പിശുക്ക് കാണിച്ചിരുന്ന സമ്പത്ത് അന്ത്യനാളിൽ ഒരു മാലയായി (അവരുടെ കഴുത്തുകളിൽ) ചാർത്തപ്പെടും. ആകാശ ഭൂമികളുടെ അനന്തരവകാശം അല്ലാഹുവിനുള്ളതാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുകയും ചെയ്യുന്നു"(ആലുഇംറാൻ 180).

അബൂഹുറയ്റ ﷺ നിവേദനം. നബി ﷺ പറയുകയുണ്ടായി: "ആർക്കെങ്കിലും അല്ലാഹു ധനം നൽകുകയും അയാൾ അതിന്റെ സകാത്ത് നൽകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അന്ത്യ

നാളിൽ ആ സ്വത്ത് ഒരു സർപ്പരൂപം പ്രാപിക്കുകയും അയാളുടെ ശരീരത്തിൽ വരിഞ്ഞു മുറുക്കുകയും കവിളുകളിൽ കൊത്തിക്കൊണ്ട് 'ഞാനാകുന്നു നീ കൂമ്പാരമാക്കി വെച്ചിരുന്ന സമ്പാദ്യ'മെന്ന് പറയുകയും ചെയ്യും. ശേഷം നബിﷺ ഈ ആയത്ത് ഓതിക്കേൾപ്പിക്കുകയും ചെയ്തു: അല്ലാഹു തന്റെ ഔദാര്യത്തിൽ നിന്നും നൽകിയിട്ടുള്ള സ്വത്തിൽ നിന്ന് ചെലവഴിക്കാതെ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഉത്തമമാകുമെന്ന് വിചാരിക്കേണ്ടതില്ല. അല്ല, അതവർക്ക് തന്നെ വിനയായി മാറും. അവർ പിശുക്ക് കാണിച്ചിരുന്ന സമ്പത്ത് അന്ത്യനാളിൽ ഒരു മാലയായി അവർക്ക് ചാർത്തപ്പെടും, ആകാശഭൂമികളുടെ അനന്തരവകാശം അല്ലാഹുവിനുള്ളതാകുന്നു, നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുകയും ചെയ്യുന്നു" (ബുഖാരി).

സ്വർണവും വെള്ളിയും കൂമ്പാരമായി വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരെ (കാത്തിരിക്കുന്ന) കഠോരമായ ശിക്ഷയെക്കുറിച്ച് നീ സന്തോഷവാർത്തയറിയിക്കുക. നരകത്തീയിൽ അവ പഴുപ്പിച്ചെടുത്ത് അവരുടെ മുതുകുകളിലും പാർശ്വങ്ങളിലും നെറ്റികളിലും ചൂടു പിടിപ്പിക്കപ്പെടുന്ന ദിവസം. അവരോട് ഇങ്ങനെ പറയപ്പെടും: ഇതാകുന്നു നിങ്ങൾ നിങ്ങൾക്ക് വേണ്ടി കൂമ്പാരമാക്കി വെച്ചിരുന്ന നിധി. നിങ്ങൾ കൂമ്പാരമാക്കി വെച്ചിരുന്നത് ആസ്വദിച്ചുകൊള്ളുക" (തൗബ 34,35).

അബൂഹുറയ്റ رضي الله عنه നിവേദനം. നബിﷺ പറഞ്ഞു: "സ്വർണത്തിന്റെയും വെള്ളിയുടെയും ഉടമസ്ഥർ അതിൽനിന്നും അർഹമായ സകാത്ത് നൽകുന്നില്ലെങ്കിൽ അന്ത്യദിനത്തിൽ പ്രസ്തുത സമ്പത്തുകൾ കൊണ്ട് തകിടുകളാക്കുന്നതും അവ പഴുപ്പിച്ച് അവരുടെ മുതുകിലും നെറ്റിയിലും ചൂടുപിടിപ്പിക്കുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം വീണ്ടും ചൂടുപിടിപ്പിക്കുന്ന പ്രക്രിയ അവർത്തിച്ച് കൊണ്ടേയിരിക്കും. എഴുപതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിനത്തിൽ അല്ലാഹു തന്റെ അടിമകൾക്കിടയിൽ വിധി തീർപ്പു കൽപ്പിക്കുന്നതു വരെ അതു നീണ്ടു നിൽക്കുകയും ചെയ്യും. അവസാനം വിചാരണക്കു ശേഷം അയാൾ സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കപ്പെടുകയും ചെയ്യും. അതു കേട്ട് ഒരാൾ നബിﷺ യോട് ചോദിച്ചു: 'ഒട്ടകമായിരുന്നു അയാളുടെ സമ്പാദ്യമെങ്കിലോ?' നബിﷺ പറഞ്ഞു: 'ഒട്ടകമാണെങ്കിലും ശരി, വെള്ളം നൽകുന്ന ദിവസം അതിനെ കറന്നെടുക്കുക എന്നതും അതിനോടുള്ള കടമകളിൽ പെട്ടതാണ്. അതയാൾ നിർവഹിച്ചിട്ടില്ലെങ്കിൽ അവയ്ക്ക് വിശാലമായ ഒരു സമതലം വിട്ടുകൊടുക്കുകയും അതിൽ ഒരു ചെറിയ ഒട്ടകക്കുട്ടി പോലും കുറവില്ലാതെ അവയുടെ കുളമ്പുകൾ കൊണ്ട് അയാളെ ചവിട്ടി മെതിക്കുകയും കടിച്ചു പറിക്കുകയും ചെയ്യും. ഒട്ടകങ്ങളെല്ലാം കടന്നു പോയിക്കഴിഞ്ഞാൽ അതിന്റെ ആദ്യം വീണ്ടും മടങ്ങിവന്നുകൊണ്ടിരിക്കും. അമ്പതിനായിരം വർഷം ദൈർഘ്യമുള്ള ഒരു ദിനത്തിൽ ആ പ്രക്രിയ ആവർത്തിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. വിചാരണക്കു ശേഷം അയാളെ സ്വർഗത്തിലേക്കോ നരകത്തിലേക്കോ നയിക്കുകയും ചെയ്യും" (മുസ്‌ലി, അബൂദാവൂദ്).

**സകാത്ത് നൽകാതിരിക്കുന്നതിന്റെ വിധി**

അർഹതയുള്ളവർ സകാത്ത് നൽകൽ നിർബന്ധമാണ്. സകാത്ത് നിർബന്ധമില്ലെന്നു പറയുന്നവൻ ഇസ്‌ലാമിൽ നിന്നു പുറത്തു പോയതായി ഗണിക്കപ്പെടുക പോലും ചെയ്യും! എന്നാൽ സകാത്ത് നിർബന്ധമാണെന്ന വിശ്വാസത്തോടെ അത് നൽകാതിരിക്കുന്നവർ ഇസ്‌ലാമിൽ നിന്നു പുറത്ത് പോവുകയില്ല. അത്തരക്കാരുടെ സമ്പത്തിൽ നിന്നും ബലപ്രയോഗത്തിലൂടെ തന്നെ സകാത്ത് വാങ്ങൽ ഇസ്‌ലാമിക ഭരണാധികാരിയുടെ ബാധ്യതയാണ്. അങ്ങനെ ചെയ്യുമ്പോൾ ശിക്ഷയെന്നോണം അയാളുടെ സ്വത്തിൽ നിന്നും പകുതി പിടിച്ചെടുക്കാവുന്നതുമാണ്.

ബഹസ് ബ്നു ഹകീം رضي الله عنه തന്റെ പിതാമഹനിൽ നിന്നും അദ്ദേഹം നബിﷺ യിൽ നിന്നും ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "മേഞ്ഞു നടക്കുന്ന ഒട്ടകങ്ങൾ നാൽപതെണ്ണം തികഞ്ഞാൽ അതിൽ നിന്ന് രണ്ടാം വയസ്സിലേക്കു കടന്ന ഒരു ഒട്ടകക്കുട്ടിയെ സകാത്തായി നൽകേണ്ടതാണ്. അതിന്റെ കണക്കുകൾക്കിടയിൽ വേർതിരിവു കാണിക്കാൻ പാടില്ല. അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ച് ആരെങ്കിലും അത് നൽകുന്നുവെങ്കിൽ അയാൾക്ക് അതിന്റെ പ്രതിഫലമുണ്ട്. ആരെങ്കിലും അതു നൽകാൻ വിസമ്മതിച്ചാൽ അതു നാം പിടിച്ചെടുക്കുകയും പിഴയെന്നോണം അയാളുടെ പകുതി സ്വത്ത് കൂടി പിടിച്ചെടുക്കുന്നതുമാണ്. മുഹമ്മദിനോ തന്റെ കുടുംബത്തിനോ അതിൽ നിന്നും യാതൊന്നും ഉപയോഗിക്കുവാൻ പാടുള്ളതല്ല" (അബൂദാവൂദ്).

സകാത്ത് നൽകുന്നതിൽനിന്നു വിട്ടു നിൽക്കുന്നവർ ആയുധ ബലമുള്ളവരാണെങ്കിൽ അതു പിടിച്ചെടുക്കാൻ യുദ്ധം വരെ വേണ്ടി വന്നാൽ ആകാവുന്നതാണ് എന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

നബിﷺ പറഞ്ഞു: "ജനങ്ങൾ തൗഹീദ് അംഗീകരിക്കുകയും നമസ്കാരം നിർവഹിക്കുകയും സകാത്ത നൽകുകയും ചെയ്യുന്നതുവരെ അവരോട് യുദ്ധം ചെയ്യാൻ എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു. അത്രയും നിർവഹിക്കാൻ അവർ സന്നദ്ധമായാൽ അവരുടെ സ്വത്തും ശരീരവും വിശുദ്ധമായി ഗണിക്കപ്പെടും. ഇസ്‌ലാം അനുവദിച്ച കാരണം കൂടാതെ അവർക്കെതിരെ യാതൊരു വിധ കയ്യേറ്റവുമുണ്ടാകില്ല. എന്നാൽ അവരെ (മാനസികമാ

ചലനങ്ങൾ

## ജീവിതവിശുദ്ധിയിലൂടെ സ്വർഗപ്രവേശനത്തിന് അർഹത നേടുക: ഹുസൈൻ സലഫി

ദുബായ്: ശാശ്വത സമാധാനത്തിന്റെ ഗേഹമായ സ്വർഗപ്രവേശനത്തിന് അർഹത നേടുന്നതിലാണ് ജീവിതവിജയമെന്നും സ്രഷ്ടാവിന്റെ ഇഷ്ടം നേടുന്നതിലൂടെ മാത്രമെ അത് സാധ്യമാവുകയുള്ളൂവെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് ചെയർമാനും ഷാർജ മസ്ജിദുൽ അസീസിലെ ഖത്വീബുമായ ഹുസൈൻ സലഫി പ്രസ്താവിച്ചു. ദുബായ് ഇന്റർനാഷണൽ ഹോളി ക്വുർആൻ അവാർഡ് കമ്മിറ്റിയുടെ മലയാള പ്രഭാഷണപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിശ്വാസ, കർമ, സാമ്പത്തിക, ലൈംഗിക മേഖലകളിൽ വിശുദ്ധി കാത്തുസൂക്ഷിക്കുകവഴി മാത്രമെ സ്വർഗപ്രവേശനം സാധ്യമാവുകയുള്ളൂ. വിശ്വാസചൂഷകരും ആത്മീയവാണിഭക്കാരും സമൂഹത്തിൽ പിടിമുറുക്കുമ്പോൾ പ്രമാണബദ്ധമായി മതത്തെ മനസ്സിലാക്കുന്നതിലൂടെ മാത്രമെ ഇത്തരം ദുഷ്ടശക്തികളുടെ ചൂഷണത്തിൽനിന്നും സമൂഹം സുരക്ഷിതമാവുകയുള്ളൂ. ഭൗതികവിഭവങ്ങളിൽ മനുഷ്യനെ ഏറെ സ്വാധീനിക്കുന്ന സമ്പത്തിനെ സകാത് അഥവാ നിർബന്ധദാനത്തിലൂടെ ശുദ്ധീകരിക്കുകയും നിഷിദ്ധങ്ങളിൽനിന്ന് മുക്തമാക്കുകയും ചെയ്യേണ്ടതുണ്ട്.

ദൃശ്യമാധ്യമങ്ങളും സോഷ്യൽ മീഡിയകളും പുതുതലമുറയിൽ ചെലുത്തുന്ന അമിത സ്വാധീനം സ്ത്രീപുരുഷ ഇടപെടലുകളുടെ അതിർവരമ്പുകൾ തകർക്കപ്പെടാനും വഴിവിട്ട ലൈംഗികതയുടെ അതിപ്രസരത്തിനു കാരണമാവുകയും ചെയ്തിരിക്കുകയാണ്. സമാധാനത്തിന്റെ ഗേഹമൊരുക്കിയ ദൈവം സുകൃതങ്ങളിലൂടെ അതിനെ പ്രാപിക്കാനും അതിലേക്കുള്ള പ്രവേശനത്തിന് വിഘാതമാവുന്നവയെല്ലാം വർജിക്കാനുമാണ് നമ്മോടാവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഹോളി ക്വുർആൻ അവാർഡ് കമ്മിറ്റി പ്രതിനിധി അബ്ദുൽ അസീസ് അൽ തനാക് ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ അബ്ദുൽ സലാം ആലപ്പുഴ, ജനറൽ കൺവീനർ ശംസുദ്ദീൻ അജ്മാൻ, സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി എന്നിവർ സംസാരിച്ചു. അബൂബക്കർ ഫാറൂഖി പ്രത്യേകം ക്ഷണിതാവായിരുന്നു. അഷ്‌റഫ് പുതുശ്ശേരി നന്ദി പറഞ്ഞു.

## മദ്യനയത്തിലെ മാറ്റം നന്മയിൽനിന്നുള്ള ചുവടുമാറ്റം: ഐ.എസ്.എം

തിരൂർ: സംസ്ഥാനത്ത് തുടർന്നുവരുന്ന മദ്യനയത്തിലെ മാറ്റം നന്മയിൽനിന്ന് തിന്മയിലേക്കുള്ള ചുവടുമാറ്റമാണെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമക് മിഷന്റെ ഭാഗമായി ഐ.എസ്.എം സംഘടിപ്പിച്ച ജില്ല തർബിയത്ത് സംഗമം അഭിപ്രായപ്പെട്ടു.

വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ സംഗമം ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് ഡോ. സി.എം ഷാനവാസ് പറവണ്ണ ആധ്യക്ഷ്യം വഹിച്ചു.

വിസ്ഡം ബുക്സ് പുറത്തിറക്കിയ പുതിയ പുസ്തകങ്ങളുടെ പ്രകാശനം തദ്ദേശ സ്വയംഭരണ മന്ത്രി കെ.ടി ജലീൽ സി. മമ്മുട്ടി എം.എൽ.എക്ക് നൽകി നിർവഹിച്ചു.

വിവിധ സെഷനുകളിലായി ഫൈസൽ മൗലവി പുതുപ്പറമ്പ്, വിസ്ഡം സംസ്ഥാന ജനറൽ കൺവീനർ ടി.കെ അശ്‌റഫ്, സി.പി സലീം, ഹംസ മദീനി, അബ്ദുല്ലത്വീഫ് സുല്ലമി, അബ്ദുറഹ്മാൻ അൻസാരി, കുഞ്ഞാലി മദനി, ഹാരിസ് കായക്കൊടി, മുജാഹിദ് ബാലുശ്ശേരി, ഷബീബ് സ്വലാഹി എന്നിവർ ക്ലാസെടുത്തു.

ഐ.എസ്.എം ജില്ല സെക്രട്ടറി നൗഷാദ് അടിയാട്ടിൽ, ജില്ല പ്രസിഡന്റ് മുനവ്വിർ സ്വലാഹി, ജാഫർ പകര, റാഫി സലഫി ചെമ്പ്ര എന്നിവർ സംസാരിച്ചു.

---

യ നിലപാടുകൾക്കനുസരിച്ച് അന്ത്യനാളിൽ) വിചാരണ ചെയ്യുന്നതും ശിക്ഷ-രക്ഷ നടപടികൾ കൈക്കൊള്ളുന്നതും അല്ലാഹുവായിരിക്കും"(ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ(റ) നിവേദനം. നബി(ﷺ) ഇഹലോകവാസം വെടിയുകയും അബൂബക്ർ(റ) ഭരണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ അറബികളിൽ നിന്ന് ഒരുപാടാളുകൾ മതപരിത്യാഗികളായി മാറുകയുണ്ടായി. (അബൂബക്ർ(റ) അവരോട് യുദ്ധം ചെയ്യാൻ സന്നദ്ധമാവുകയും ചെയ്തു).അതിനെ വിമർശിച്ചുകൊണ്ട് 'ജനങ്ങൾ തൗഹീദ് അംഗീകരിച്ചാൽ അവരോട് യുദ്ധം ചെയ്യാൻ പാടില്ലെന്ന് നബി(ﷺ) പറഞ്ഞിരിക്കെ താങ്കൾ എങ്ങനെയാണ് അവരോട് പോരാടുക' എന്നു ഉമർ(റ) ചോദിച്ചു. അപ്പോൾ അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നമസ്കാരവും സകാത്തും വേർതിരിക്കുന്നവരോട് ഞാൻ യുദ്ധം ചെയ്യുക തന്നെ ചെയ്യും. അവർ നബി(ﷺ)യുടെ കാലഘട്ടത്തിൽ സകാത്തായി നൽകിയിരുന്നത് ഒരു ഒട്ടകക്കുട്ടിയെയായിരുന്നെങ്കിൽ അത് നൽകുന്നതു വരെ ഞാൻ അവരോട് പോരാടും. കാരണം ശരീരത്തിന്റെ മേൽ നമസ്കാരം ബാധ്യതയായ പോലെ സമ്പത്തിൽ നിന്നു സകാത്ത് നൽകലും ബാധ്യതയാണ്.' അതോടെ എനിക്കും അബൂബക്ർ(റ)വിനെ പോലെ ആ കാര്യം ശരിയാണെന്ന് ബോധ്യമായി" (ബുഖാരി, മുസ്‌ലിം).

ഷാഹിന അൻവാരിയ്യ മൊറയൂർ
mail@nerpatham.com

ലേഖനം

# മാതാപിതാക്കളെ വേദനിപ്പിക്കുന്നവരോട്

മാതാപിതാക്കളെ പരിഗണിക്കാത്ത മക്കൾ ഇക്കാലത്ത് നിരവധയാണ്. അവരെ ആദരിക്കുന്നതിനു പകരം അവഹേളിക്കുകയും വാക്കുകൾ കൊണ്ടും പ്രവൃത്തികൾകൊണ്ടും ഉപദ്രവിക്കുകയും ചെയ്യുക മാത്രമല്ല, അവരെ കൊല്ലുവാൻ വരെ മുതിരുന്ന മക്കളുടെ എണ്ണം വർധിച്ച് വരുന്നതായാണ് വർത്തമാന കാല സംഭവങ്ങൾ നമ്മോട് പറയുന്നത്. എന്നാൽ മാതാപിതാക്കളുടെ അതൃപ്തിക്ക് ഇരയാകുന്നത് പോലും വമ്പിച്ച നഷ്ടംവരുത്തുന്നതാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നബിﷺ പറഞ്ഞു: "റബ്ബിന്റെ തൃപ്തി മാതാപിതാക്കളുടെ തൃപ്തിയിലും റബ്ബിന്റെ കോപം മാതാപിതാക്കളുടെ കോപത്തിലുമാകുന്നു" (തുർമുദി)

അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവന്റെ ദൂതനെ നിരുപാധികം അനുസരിക്കുക, മാതാപിതാക്കൾക്ക് നന്മചെയ്യുക; ഇത് ഓരോ മനുഷ്യന്റെയും ബാധ്യതയാണ്. അല്ലാഹുവിന്റെ കൽപന പ്രകാരം അവന്റെ റസൂൽ(സ്വ) പഠിപ്പിക്കുന്ന ഓരോ ബാധ്യതയും നിറവേറ്റേണ്ടവരാണ് മുസ്‌ലിംകൾ. അല്ലാഹു പറയുന്നു: "തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (17: 23,24).

മക്കൾക്ക് വേണ്ടി കഷ്ടപ്പെടുന്നവരും അവരുടെ ഭാവിക്ക് വേണ്ടി അധ്വാനിക്കുന്നവരുമാണ് മാതാപിതാക്കൾ. അവർക്ക് താങ്ങും തണലുമായി അവരുടെ ആയുസ്സും ആരോഗ്യവും അവർ വിനിയോഗിക്കുന്നു. ഒടുവിൽ മക്കളുടെ ആശ്രയവും സഹായവും വേണ്ടി വരുന്ന വാർധക്യത്തിലെത്തുമ്പോൾ സഹായത്തിനായി സ്വന്തം മക്കളെ കിട്ടാതെവന്നാൽ, അവർ തങ്ങളെ അവഗണിച്ചാൽ മാതാപിതാക്കൾക്കുണ്ടാകുന്ന ഹൃദയ വേദന വാക്കുകളിൽ വരക്കാൻ സാധിക്കാത്തതാണ്. ഒരു മാതാവ് സഹിക്കുന്ന വിഷമത്തിന്റെ ആഴം ക്വുർആൻ നമുക്ക് മുമ്പിൽ പരിചയപ്പെടുത്തുന്നുണ്ട്: "മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടു വർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം" (31:14).

മാതാപിതാക്കൾ ഭാരമായി തോന്നുമ്പോൾ അവരെ വൃദ്ധസദനങ്ങളിൽ പാർപ്പിച്ച് ആശ്വാസം കൊള്ളുന്ന മക്കൾ അതിരറ്റ ഔദാര്യം ചെയ്ത ഭാവത്തിലാണ് നടക്കുന്നത്! സങ്കടങ്ങൾ പങ്കുവെക്കാൻ പോലും ആളില്ലാതെ, പലതും മറക്കാൻ ശ്രമിച്ച് ജീവിതമെന്ന വഞ്ചി തുഴഞ്ഞ് എത്രയും പെട്ടെന്ന് മരണമെന്ന കടലിനക്കരെയെത്താൻ അവർ ആശിക്കുകയായിരിക്കും. മക്കൾക്ക് ധാർമിക ബോധം പകർന്നു നൽകുന്നതിൽ ശ്രദ്ധകാണിക്കാതിരുന്നതിൽ അവരുടെ മനസ്സിൽ കുറ്റബോധം നിറയുന്നുണ്ടാകും. ലഭിക്കേണ്ട അറിവ് അന്യമായപ്പോൾ മാതൃ-പിതൃബന്ധങ്ങളുടെ മഹത്ത്വം മക്കൾ തിരിച്ചറിയാതെ പോയി.

അല്ലാഹുവിന്റെ സൃഷ്ടിയാണ് മനുഷ്യരെങ്കിലും അവരുടെ ജനനത്തിന്റെ പ്രത്യക്ഷത്തിലുള്ള കാരണക്കാർ മാതാപിതാക്കളാണല്ലോ. ഇസ്‌ലാം ഈ ബന്ധത്തെ മഹത്തായതായി കാണുന്നു. ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ട, കടമകളും കടപ്പാടുകളുമുള്ള ബന്ധമാണത്. ആ ബന്ധങ്ങളിൻ നിന്നാണ് സത്യത്തിൽ മറ്റു ബന്ധങ്ങളുണ്ടാകുന്നത്. അല്ലാഹു പറയുന്നു: "മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചു കൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക.) തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു" (4:1).

വൃദ്ധരായ മാതാപിതാക്കൾ മക്കൾക്കൊരു കടുത്ത പരീക്ഷണം തന്നെയാണ്. അവരോട് ശുണ്ഠിയെടുത്താൽ എല്ലാം തുലയും. കടുത്ത ക്ഷമ ആവശ്യം തന്നെ. മാതാപിതാക്കളെ ധിക്കരിക്കുകയും അവരെ വേദനിപ്പിക്കുകയും അതുവഴി മാതാപിതാക്കളിൽ നിന്നുള്ള വെറുപ്പ് സമ്പാദിക്കുകയും ചെയ്യുന്നവരെ അല്ലാഹുവിൽ നിന്നുള്ള കഠിനശിക്ഷയാണ് കാത്തിരിക്കുന്നത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം

2

# പ്രവാചകന്മാരുടെ പ്രത്യേകതകൾ

മനുഷ്യൻ മരിച്ച് ക്വബ്‌റടക്കപ്പെട്ടാൽ സാധാരണ മണ്ണായി തീരുമല്ലോ. നമ്മുടെ നാട്ടിൽ മൃതശരീരം പെട്ടെന്ന് ജീർണിക്കും. എല്ലാ സ്ഥലത്തും അങ്ങനെ സംഭവിച്ചുകൊള്ളണമെന്നില്ല. മണ്ണിന്റെ പ്രത്യേകതക്കനുസരിച്ച് കാലതാമസം വരും. സ്വഹീഹായ ഹദീഥിൽ നിന്ന് നമുക്ക് വ്യക്തമാകുന്നത് എല്ലാ മനുഷ്യരുടെയും ശരീരം ജീർണിക്കുമെന്നാണ്; പ്രവാചകന്മാരുടെത് പോലെ അല്ലാഹു പ്രത്യേകമാക്കിയിട്ടില്ലെങ്കിൽ ഒഴികെ. ചിലപ്പോൾ നല്ലവരായ ആളുകളെ അല്ലാഹു ആദരിച്ചുകൊണ്ടും ജീർണിപ്പിക്കാതിരിക്കാം. ജീർണിക്കാത്ത ശരീരമാണെങ്കിൽ അയാൾ നല്ല മനുഷ്യനാണെന്നോ ജീർണിക്കുകയാണെങ്കിൽ അയാൾ ചീത്ത മനുഷ്യനായിരുന്നെന്നോ വിധിയെഴുതാൻ പാടില്ല. നബിമാരുടെ ശരീരം മണ്ണ് തിന്നാത്തത് പോലെ ഔലിയാഉന്റെയും സ്വാലിഹുകളുടെയുമെല്ലാം ശരീരവും മണ്ണ് തിന്നില്ലെന്നു വിധി പറയുന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല. ഏത് മണ്ണിൽ മറവ് ചെയ്യപ്പെട്ടാലും അത് നബിയുടെ ശരീരമാണെങ്കിൽ ആ ശരീരം അങ്ങനെ തന്നെ ഉണ്ടാകും. നബിﷺപറയുന്നത് കാണുക:

"തീർച്ചയായും നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് വെള്ളിയാഴ്ചയാകുന്നു. ആ ദിവസത്തിലാണ് ആദംؑ സൃഷ്ടിക്കപ്പെട്ടത്. (അദ്ദേഹത്തിന്റെ ആത്മാവ്) പിടിക്കപ്പെട്ടതും ആ ദിവസത്തിലാകുന്നു. ആ ദിവസത്തിലാണ് കാഹളത്തിൽ ഊതൽ. ആ ദിവസത്തിലാകുന്നു (എല്ലാവരും) ബോധരഹിതരാവൽ. അതുകൊണ്ട് അന്ന് നിങ്ങൾ എന്റെമേൽ സ്വലാത്ത് വർധിപ്പിക്കുക. നിങ്ങളുടെ സ്വലാത്ത് എനിക്ക് പ്രദർശിപ്പിക്കപ്പെടുന്നുണ്ട്." അനുചരന്മാർ ചോദിച്ചു: "പ്രവാചകരേ! ശരീരം ദ്രവിച്ച് മണ്ണായിക്കഴിഞ്ഞാൽ, ഞങ്ങൾ ചൊല്ലുന്ന സ്വലാത്ത് താങ്കൾക്ക് എങ്ങനെയാണ് പ്രദർശിപ്പിക്കപ്പെടുക?" നബിﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു പ്രവാചകന്മാരുടെ ശരീരങ്ങൾ ഭൂമിക്ക് നിഷിദ്ധമാക്കിയിരിക്കുന്നു" (അബൂദാവൂദ്).

### ക്വബ്‌റുകളിൽ ജീവിച്ചിരിക്കുന്നു

നബിﷺപറഞ്ഞു: "പ്രവാചകന്മാർ അവരുടെ ക്വബ്‌റുകളിൽ ജീവിച്ചിരിക്കുന്നവരാണ്" (സിൽസിലതുൽ അഹാദീഥിസ്സ്വഹീഹ).

ഈ ജീവിതം ഒരിക്കലും ഭൗതികജീവിതം പോലെ തിന്നും കുടിച്ചും ഇണചേർന്നുകൊണ്ടും ഉള്ള ജീവിതമല്ല. തികച്ചും ബർസഖിയായതും ഈ ലോകവുമായി ഒരു ബന്ധവുമില്ലാത്തതുമാണ്. നബിമാർ ക്വബ്‌റുകളിൽ ജീവിച്ചിരിക്കുന്നവരാണല്ലോ; അതിനാൽ നമ്മുടെ പ്രയാസങ്ങൾ കാണാനും അറിയാനും അവർക്ക് സാധിക്കും, അതുകൊണ്ട് അവരോട് നമുക്ക് സഹായം തേടാം എന്ന് വാദിക്കുന്ന ചിലരുണ്ട്. പ്രാർഥന അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നതിൽ ലോക മുസ്‌ലിംകൾക്കിടയിൽ ഒരു അഭിപ്രായ ഭിന്നതയും ഇല്ല. ഇതു സംബന്ധമായി ശൈഖ് നാസ്വിറുദ്ദീനുൽ അൽബാനി(റഹി) പറയുന്നത് കാണുക:

"നീ അറിയുക. പ്രവാചകന്മാർക്കുണ്ടെന്ന് ഈ ഹദീഥ് സ്ഥിരപ്പെടുത്തിയിട്ടുള്ള ജീവിതം നിശ്ചയമായും ബർസഖിയായ ജീവിതമാകുന്നു. ഐഹിക ജീവിതത്തിലെ ഒന്നും ഇല്ല. അതിനാൽ നമുക്കിടയിൽ അറിയപ്പെട്ട യാതൊന്നുകൊണ്ടും സാദൃശ്യപ്പെടുത്താതെ എങ്ങനെയെന്ന് അതിന് ഉദാഹരണം പറയാതെ അതിൽ വിശ്വസിക്കൽ നിർബന്ധമാണ്. ഇത്തരം കാര്യങ്ങളിൽ ഹദീഥിൽ വന്നതുപോലെ വിശ്വസിക്കലാണ് വിശ്വാസികൾ സ്വീകരിക്കേണ്ട നിർബന്ധമായ സമീപനം. (അല്ലാതെ) നബിﷺ ക്വബ്‌റിൽ തിന്നുകയും കുടിക്കുകയും അവിടുത്തെ ഭാര്യമാരുമായി ഇണചേരുകയും ചെയ്യുന്നെന്നു പറഞ്ഞ് നബിﷺയുടെ ക്വബ്‌റിലെ ജീവിതം സാക്ഷാൽ ഐഹിക ജീവിതം പോലെയാണെന്ന് വാദിക്കുന്നതിലേക്ക് കാര്യങ്ങൾ എത്തിച്ച ബിദഇകളെ പോലെ ക്വിയാസുകൊണ്ടോ അഭിപ്രായങ്ങൾകൊണ്ടോ ഒന്നും അതിലേക്ക് കൂട്ടാതെ (ഹദീഥിൽ വന്നതുപോലെ വിശ്വസിക്കണം). നിശ്ച

യമായും ഇത് ബർസഖിയായ ജീവിതമാണ്. അതിന്റെ യാഥാർഥ്യത്തെ കുറിച്ച് അല്ലാഹുവിനല്ലാതെ അറിയുകയില്ല.''

### ഉത്തരം കിട്ടുന്ന പ്രാർഥനകൾ

എല്ലാ പ്രവാചകന്മാർക്കും അല്ലാഹു ഉത്തരം നൽകുമെന്ന് ഉറപ്പു നൽകിയ ഒരു പ്രാർഥനയുണ്ട്. നബിﷺ പറഞ്ഞു:

അബൂഹുറയ്റ(റ) വിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: ''എല്ലാ പ്രവാചകനും ഉത്തരം ലഭിക്കുന്ന ഒരു പ്രാർഥനയുണ്ട്. എന്നാൽ എല്ലാ പ്രവാചകന്മാരും തങ്ങളുടെ പ്രാർഥനകൊണ്ട് ധൃതി കാണിച്ചു (പ്രാർഥിച്ചു എന്നർഥം). ഞാൻ എന്റെ പ്രാർഥന കിയാമത്ത് നാളിൽ എന്റെ ഉമ്മത്തിന് ശുപാർശക്കായി നീക്കി വെച്ചിരിക്കുകയാണ്. എന്റെ സമുദായത്തിൽ നിന്ന് അല്ലാഹുവിൽ യാതൊന്നിനെയും പങ്കു ചേർക്കാതെ മരണപ്പെടുന്നവർക്ക് അല്ലാഹു ഉദ്ദേശിച്ചാൽ അത് ലഭിക്കുന്നതാണ്'' (മുസ്‌ലിം).

ഈ ഹദീഥിൽ നിന്ന് നബിﷺക്ക് നമ്മോട് കാരുണ്യമെത്രയുണ്ടെന്ന് മനസ്സിലാക്കാം. ഈ സമുദായത്തിലെ എല്ലാവരും ഹാജരാകുന്ന മഹ്ശറഃ. ആ സന്ദർഭത്തിലേക്ക് തനിക്ക് ഉത്തരം ലഭിക്കുമെന്ന് ഉറപ്പുള്ള പ്രാർഥന അവിടുന്ന് നമുക്കായി നീട്ടി വെച്ചിരിക്കുന്നു! ജീവിതകാലത്ത് പല പ്രശ്നങ്ങളുമുണ്ടായിട്ടും അത് ഉപയോഗപ്പെടുത്താതെ നമുക്കായി നബിﷺ മാറ്റി വെച്ചു.

### പ്രവാചകന്മാർ സമ്പത്ത് അനന്തരമാക്കി പോകില്ല

അല്ലാഹു പ്രവാചകന്മാരെ ജനങ്ങൾക്ക് മാർഗദർശനം നൽകാൻ വേണ്ടിയാണല്ലോ അയച്ചത്. പ്രവാചകന്മാർ ജനങ്ങളിൽ നിന്ന് വല്ലതും ആഗ്രഹിച്ചിരുന്നില്ല. തങ്ങൾക്കോ തങ്ങളുടെ കുടുംബത്തിനോ സമ്പാദിച്ചുകൂട്ടാനും അവർ ആഗ്രഹിച്ചിരുന്നുമില്ല. അവരുടെ സമ്പത്ത് അവരുടെ കാലശേഷം അനന്തരമായി പിൻതലമുറക്കാർക്ക് നിഷിദ്ധമാക്കപ്പെടുകപോലും ഉണ്ടായി. നബിﷺ തന്നെ ഈ കാര്യം പറഞ്ഞിട്ടുണ്ട്:

''തീർച്ചയായും ഞങ്ങൾ പ്രവാചകന്മാരുടെ സമൂഹം, ഞങ്ങൾ അനന്തരമാക്കപ്പെടുന്നവരല്ല.''

മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: ''തീർച്ചയായും പ്രവാചകന്മാർ ദിർഹമോ ദീനാറോ അനന്തരമാക്കുന്നില്ല. നിശ്ചയമായും അവർ അനന്തരമാക്കി പോകുന്നത് അറിവാണ്'' (തുർമുദി).

പ്രവാചകന്മാർ തങ്ങൾക്ക് വേണ്ടി സമ്പാദിക്കാനായി വന്നവരായിരുന്നെന്നോ അല്ലെങ്കിൽ തങ്ങളുടെ പിൻതലമുറക്ക് വേണ്ടി ഒന്നും ഉപയോഗിക്കാതെ മരണപ്പെട്ടുപോയവരാണെന്നോ പറയുന്നതിൽ നിന്ന് അല്ലാഹു അവരെ സംരക്ഷിച്ചു.

### പ്രവാചകന്മാർ പുരുഷന്മാർ

അല്ലാഹു പ്രവാചകന്മാരായി തെരഞ്ഞെടുത്തിട്ടുള്ളത് പുരുഷന്മാരെ തന്നെയാണ്.

''നിനക്കു മുമ്പ് പുരുഷന്മാരെ (ആളുകളെ)യല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല'' (21:7). അല്ലാഹു പ്രവാചകന്മാരായി പുരുഷന്മാരെ തന്നെ അയച്ചതിലുള്ള യുക്തിപലതാണ്:

1. പ്രവാചകന്മാർക്ക് രഹസ്യമായും പരസ്യമായും ജനങ്ങളെ അഭിമുഖീകരിക്കലും അല്ലാഹുവിലുള്ള പ്രബോധനത്തിനായി തനിച്ച് യാത്ര ചെയ്യലും ആവശ്യമായി വരും. ഇത് സ്ത്രീകൾക്ക് ഒരിക്കലും സാധിക്കില്ലല്ലോ.

2. സ്ത്രീകളുടെ മേൽ പുരുഷനാണല്ലോ നിയന്ത്രണാധികാരമുള്ളത്. നബി സ്ത്രീ ആയാൽ ഭർത്താവിന് അവളുടെ മേൽ അധികാരം കാണിക്കേണ്ടി വരുമല്ലോ. ഒരു നബിയുടെ മേൽ മറ്റുള്ളവർക്ക് അധികാരം ഉണ്ടാകാൻ പാടില്ല.

3. സ്ത്രീകൾക്ക് ദീനും ബുദ്ധിയും പുരുഷനെ അപേക്ഷിച്ച് കുറവാണെന്ന് നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ടിട്ടുണ്ട്. അവൾക്ക് നമസ്കരിക്കാരം, നോമ്പ് തുടങ്ങിയവ ഒഴിവാക്കേണ്ട ദിവസങ്ങൾ ഉണ്ടാകും. അതിനാൽ ആരാധനകൾ കുറവായിരിക്കും. ഇത് ഒരു പ്രവാചകന് ചേർന്നതല്ല.

4. അവർക്ക് പെട്ടെന്ന് സംഭവിക്കുന്ന ആർത്തവവും ഗർഭവും പ്രസവവും പ്രസവരക്തവും കുട്ടിയെ സംരക്ഷിക്കലുമെല്ലാം അവളുടെ ശാരീരത്തിന് വേദനകൾക്കും മറ്റുപ്രയാസങ്ങൾക്കും കാരണമാകുന്നതിനാൽ അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിൽ പ്രയാസം നേരിടും.

ഇതെല്ലാം അല്ലാഹു പുരുഷന്മാരെ മാത്രം പ്രവാചകന്മാരായി തെരഞ്ഞെടുക്കാനുള്ള കാരണങ്ങളാകാം.

### എല്ലാ പ്രവാചകന്മാരുടെയും മതം ഒന്ന്

അല്ലാഹു വ്യത്യസ്ത സമുദായങ്ങളിലേക്കായി അനേകം നബിമാരെ അയച്ചിട്ടുണ്ടെന്ന് നാം മനസ്സിലാക്കി. എല്ലാ പ്രവാചകന്മാരും ജനങ്ങളെ പഠിപ്പിച്ചത് ഒരേ കാര്യമായിരുന്നു. തൗഹീദ്, ശിർക്ക്, പരലോകം, നമസ്കാരം, നോമ്പ്.. തുടങ്ങിയ കാര്യങ്ങളെല്ലാം അവർ പഠിപ്പിച്ചിരുന്നു. എന്നാൽ അനുഷ്ഠാന കാര്യങ്ങളായ നമസ്കാരം, നോമ്പ് തുടങ്ങിയവയിൽ വ്യത്യാസമുണ്ടായിരുന്നെങ്കിലും വിശ്വാസ കാര്യങ്ങളിൽ മാറ്റമുണ്ടായിരുന്നില്ല. മുൻകാലത്തുള്ളവരുടെ നോമ്പ് നമ്മുടെ നോമ്പ് പോലെയായിരുന്നില്ല. അപ്രകാരം നമസ്കാരവും. ക്വുർആൻ പറയുന്നത് കാണുക.

''(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ചതനുസരിച്ച് വിധി കൽപിക്കുക. നിനക്ക് വന്നുകിട്ടിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിപ്പോകരുത്. നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ മാർഗവും നാം നിശ്ചയിച്ചുതന്നിട്ടുണ്ട്...'' (5:48)

എസ്.എ ഐദീദ് തങ്ങൾ
aydeed41@gmail.com

ലേഖനം



# സ്രഷ്ടാവ് സൃഷ്ടികളെ പോലെയല്ല

**മു**ഹമ്മദ് നബിﷺ പ്രബോധനപ്രവർത്തനങ്ങളുമായി ജനങ്ങളെ സമീപിച്ചപ്പോൾ ഭ്രാന്തനെന്നും മാരണക്കാരനെന്നും മറ്റും അവർ ആരോപിച്ചു. മാത്രമല്ല നബിയാണെങ്കിൽ അത് തെളിയിക്കാൻ ദൃഷ്ടാന്തങ്ങൾ തങ്ങൾക്ക് കാണിച്ചു തരണമെന്നും അവർ ആവശ്യപ്പെട്ടിരുന്നു. ഇതര മനുഷ്യരെ പോലെ നബിﷺ ആഹാര പാനീയങ്ങൾ കഴിക്കുന്നതിനെയും അങ്ങാടിയിലൂടെ നടക്കുന്നതിനെയും മറ്റും സംബന്ധിച്ച് അവർ ആശ്ചര്യം പ്രകടിപ്പിച്ചു. ഇങ്ങനെയൊക്കെ ചെയ്യുന്നയാൾ എങ്ങനെയാണ് നബിയാവുക എന്നായിരുന്നു അവരുടെ ചോദ്യം. അല്ലാഹുവിന്റെ ദൂതനാകണമെങ്കിൽ അനുമാനുഷിക കഴിവുകളും അദൃശ്യജ്ഞാനവും ശുപാർശക്കുള്ള അധികാരവും ഒക്കെ വേണമെന്നായിരുന്നു അവരുടെ ധാരണ. ഈ ധാരണ തീർത്തും തെറ്റാണെന്ന് വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറഞ്ഞു: "പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ അദൃശ്യകാര്യം അറിയുന്നവനുമല്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയുന്നില്ല. നിങ്ങളുടെ കണ്ണുകൾ നിസ്സാരമായി കാണുന്നവരെപ്പറ്റി, അവർക്ക് അല്ലാഹു യാതൊരു ഗുണവും നൽകുന്നതേയില്ല എന്നും ഞാൻ പറയുകയില്ല. അല്ലാഹുവാണ് അവരുടെ മനസ്സുകളിലുള്ളതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവൻ. അപ്പോൾ (അവരെക്കുറിച്ച്) പറയുന്ന പക്ഷം തീർച്ചയായും ഞാൻ അക്രമികളിൽ പെട്ടവനായിരിക്കും" (11:31).

1400 വർഷങ്ങൾക്ക് മുമ്പ് അവതീർണമായ ഈ സൂക്തം പാരായണം ചെയ്തുകൊണ്ടിരിക്കുമ്പോഴും മഹാത്മാക്കൾ മരിച്ച് മണ്ണടിഞ്ഞാലും അവർക്ക് കേൾവിയും കാഴ്ചശക്തിയും നഷ്ടപ്പെടുന്നില്ലെന്നും ആര്, എവിടെ നിന്ന്, എപ്പോൾ, ഏത് സമയത്ത് വിളിച്ചാലും അവർ കേൾക്കുമെന്നും ഉത്തരം ചെയ്യുമെന്നും തങ്ങൾക്ക് വേണ്ടി അവർ അല്ലാഹുവിങ്കൽ ശുപാർശ ചെയ്യുമെന്നുമൊക്കെ വിശ്വസിച്ച്കൊണ്ടിരിക്കുന്നവരുണ്ട് നമ്മുടെ നാട്ടിൽ!

"നബിമാരിൽ ഉത്തമരായ എന്റെ യജമാനരായ നബിയേ, അന്ത്യനാളിൽ അങ്ങയുടെ ശുപാർശ ഞങ്ങൾക്ക് കനിഞ്ഞു തരണമേ..ഹാ! അത് നഷ്ടപ്പെട്ടാൽ ഞങ്ങളുടെ ഗതികേട് ഭയങ്കരം തന്നെ" എന്ന് മൻകൂസ് മൗലിദിൽ എഴുതിവെച്ചത് ഭക്തിയോടെ പാടുന്നവരുടെ വിശ്വാസത്തെക്കുറിച്ചൊന്ന് ചിന്തിച്ചുനോക്കുക. അല്ലാഹുവിനോട് ശുപാർശ ചെയ്ത് നരകത്തിൽ നിന്ന് തങ്ങളെ രക്ഷപ്പെടുത്തിത്തരാൻ വരെ നബിﷺക്ക് സാധിക്കുമെന്നാണ് ഇവർ വിശ്വസിച്ച് പോരുന്നത്. ഈ ലോകത്തെ നിയമവ്യവസ്ഥയുമായി താരതമ്യം ചെയ്ത്, കുറ്റവാളിയാണെങ്കിലും പരലോകത്ത് ശുപാർശയിലൂടെ രക്ഷപ്പെടാൻ സാധിക്കുമെന്ന മൂഢധാരയാണ് ഇവർ വെച്ചുപുലർത്തുന്നത്.

തങ്ങളുടെ തെറ്റുകുറ്റങ്ങൾ നേരിട്ട് പറയേണ്ടത് നബിമാരോടൊ ശൈഖുമാരോടൊ ആണ്. അവർ തങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യും, അങ്ങനെ തങ്ങൾ രക്ഷപ്പെടും. ഇതാണ് ഇക്കൂട്ടരുടെ വിശ്വാസം. ഒരു വി.ഐ.പിയുടെ ശുപാർശ കൊണ്ട്, പിടിക്കപ്പെട്ട കുറ്റവാളിയെ

അറസ്റ്റ് രേഖപ്പെടുത്താതെ പൊലീസ് വിട്ടയക്കുന്നത് പോലെ ഏതെങ്കിലും വലിയ്യോ ശൈഖോ നബിയോ അല്ലാഹുവിനോട് ആവശ്യപ്പെട്ടാൽ നരകശിക്ഷയിൽ നിന്ന് അല്ലാഹു അവരെ രക്ഷപ്പെടുത്തുമെന്നാണ് മുസ്ല്യാക്കന്മാർ ജനങ്ങളെ പറഞ്ഞു പഠിപ്പിക്കുന്നത്.

ഇവിടെ പണവും സ്വാധീനവുമുണ്ടെങ്കിൽ പ്രധാനമന്ത്രിയെ വരെ സ്വാധീനിച്ച് കാര്യം നേടിയെടുക്കാം. പണവും സ്വാധീനവും ശുപാർശയും മക്കളും ഭാര്യയും കുടുംബവും സുഹൃത്തുക്കളും ഒന്നും ഉപകാരപ്പെടാത്ത ദിവസമാണ് അന്ത്യനാൾ.

സ്വന്തം പിതൃവ്യനെ പോലും സന്മാർഗത്തിലാക്കാനും സ്വർഗാവകാശിയാക്കാനും കഴിയാത്ത പ്രവാചകൻ ﷺ തങ്ങളുടെ പ്രാർഥന കേൾക്കുമെന്നും ശുപാർശയിലൂടെ സ്വർഗം വാങ്ങിത്തരുമെന്നും വിശ്വസിക്കുന്നതിനെക്കാൾ വലിയ വിഡ്ഢിത്തം വേറെന്തുണ്ട്? അല്ലാഹു പറയുന്നു:

"അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (2:255).

പാപികൾ അല്ലാഹുവിനോട് നേരിട്ട് പ്രാർഥിക്കുന്നതിനെക്കാൾ ഉപകാരപ്രദം മഹാന്മാരെ ഇടയാളന്മാരാക്കി അവരോട് തേടുന്നതാണ് എന്ന് പറയുന്നവർ ഈ ക്വുർആൻ വചനം കാണുക:

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (39:53).

ഇങ്ങനെയുള്ള സ്രഷ്ടാവിനോടാണോ നാം നമ്മുടെ ആഗ്രഹസഫലീകരണത്തിന് തേടേണ്ടത്, അതല്ല അവന്റെ സൃഷ്ടികളോടോ? സ്വന്തം ആത്മാവിനോട് അതിക്രമം കാണിച്ച അടിമകളോട്, എന്നോട് നേരിട്ട് പ്രാർഥിച്ചാൽ സർവ പാവങ്ങളും പൊറുത്തുതരാമെന്നും തന്റെ കാരുണ്യത്തെ പറ്റി ഒട്ടും നിരാശപ്പെടേണ്ടതില്ലന്നും വാഗ്ദാനം ചെയ്യുന്ന അല്ലാഹുവിന് ഇവർ യാതൊരു വിലയും കൽപിക്കാത്തതെന്തേ?

വിവിധ ഭാഷകളിൽ ലോകമെമ്പാടുമുള്ള ജനങ്ങളുടെ പ്രാർഥന അതേനിമിഷം കേൾക്കാനും ഉത്തരം നൽകാനും അല്ലാഹുവിലേക്കെത്തിക്കാനുമുള്ള കഴിവ് പ്രവാചകന്മാർക്കോ മുഹ്‌യിദ്ദീൻ ശൈഖിനോ, രിഫാഈ ശൈഖിനോ നൽകിയിട്ടുണ്ടെന്നതിന് എന്താണ് തെളിവ്? അങ്ങനെ വിശ്വസിക്കുന്നവരുടെ സ്ഥാനം ഇസ്‌ലാമിനകത്തോ പുറത്തോ? ഇവരുടെ വിശ്വാസ പ്രകാരം കൂടുതൽ കഴിവ് അല്ലാഹുവിനോ അതോ മഹാത്മാക്കൾക്കോ? അല്ലാഹുവിനാണെങ്കിൽ പിന്നെ എന്തിന് മഹാത്മാക്കളോട് തേടണം?

അല്ലാഹുവിനെ ഹൗദിൽ ചാടിച്ച, മലക്കുൽ മൗതിന്റെ കുട്ട തട്ടിത്തെറിപ്പിച്ച, കഅ്ബയെക്കൊണ്ട് തന്നെ ത്വവാഫ് ചെയ്യിപ്പിച്ച ശൈഖുമാരുടെ വീരസ്യങ്ങൾ പാടിനടക്കുന്ന ഇവരുടെ കണ്ണിൽ അല്ലാഹു നിസ്സാരൻ തന്നെയല്ലേ? അല്ലാഹുവിൽ ശരണം.

പരമോന്നതനും അഖില ചരാചരങ്ങളെയും സൃഷ്ടിച്ച് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനും പരമകാരുണികനുമായ അല്ലാഹുവിനെ മനസ്സിലാക്കേണ്ടതുപോലെ മനസ്സിലാക്കാത്തതാണ് ഇതിനെല്ലാം കാരണം.

ആവശ്യങ്ങൾ നേടിയെടുക്കാൻ ഈ ലോകത്ത് നാം ആദ്യം സമീപിക്കുക നമ്മോടടുത്ത, നമ്മെ വളരെ പരിചയമുള്ള ഏതെങ്കിലും രാഷ്ടീയക്കാരോടൊ, ഉന്നത വ്യക്തികളോടോ ആയിരിക്കുമല്ലോ. ഇഹലോകത്തിന്റെ കാര്യത്തിൽ കാര്യനിർവഹണത്തിന് അടുപ്പമുള്ളയാളെ സമീപിക്കണമെന്നാണെങ്കിൽ പരലോകത്തിന്റെ കാര്യത്തിലും അങ്ങനെയാകേണ്ടേ? ആരാണ് ഏറ്റവും കൂടുതൽ നമ്മോടടുത്തവൻ? വിശുദ്ധ ക്വുർആൻ പറയുന്നു:

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (2:186).

അല്ലാഹുവിന്റെ ഈ വാഗ്ദാനത്തിൽ വിശ്വാസമുള്ളവർക്കെങ്ങനെ അല്ലാഹുവല്ലാത്തവരിലേക്ക് പ്രാർഥന തിരിക്കാൻ കഴിയും? ആഗ്രഹ സഫലീകരണങ്ങൾക്കായി ജാറങ്ങളും ദർഗകളും കയറിയിറങ്ങുന്നവർ അറിയുന്നുണ്ടോ തങ്ങൾ ചെയ്യുന്നത് സകല കർമങ്ങളും പൊളിഞ്ഞുപോകുന്ന, നരകത്തിലേക്ക് നയിക്കുന്ന, പൊറുക്കപ്പെടാത്ത പാപമാണ് ചെയ്യുന്നതെന്ന്? അല്ലാഹു പറയുന്നത് കാണുക:

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (4:48).

"തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു" (4:116). ●

അശ്റഫ് എകരൂൽ
ashrafekarul@gmail.com





# ആരാധനകൾ ശീലമാകാൻ

ഇസ്‌ലാമിക ജീവിതത്തിൽ സത്യവിശ്വാസത്തിന്റെ സ്ഥായീകരണവും പ്രതിഫലനവുമാണ് ആരാധനകൾ. വിശ്വാസം ആരാധനകൾക്ക് ചൈതന്യവും സൂക്ഷ്മതയും കൃത്യനിഷ്ഠതയും ആത്മാർഥതയും ഉത്പാദിപ്പിച്ചു നൽകുമ്പോൾ ആരാധനകൾ വിശ്വാസത്തിന്നു വെള്ളവും വളവും നൽകി വളർത്തുന്നു. വിശ്വാസമില്ലാത്ത ആരാധനയും ആരാധനയില്ലാത്ത വിശ്വാസവും അപൂർണമാണ്. ഇവിടെയാണ് കുട്ടികളിൽ വിശ്വാസ വളർച്ചക്കുള്ള ചുവടു വെപ്പുകൾ ഉണ്ടാക്കിയെടുക്കുന്നതോടൊപ്പം ആരാധനാകർമങ്ങൾ ജീവിത ശീലങ്ങളുടെ ഭാഗമാക്കി വളർത്തൽ അനിവാര്യമാകുന്നത്. ഈ വഴിയിൽ മാതാപിതാക്കൾക്കും മറ്റ് രക്ഷിതാക്കൾക്കും നല്ല അവബോധവും ക്ഷമയും ആവശ്യമുണ്ട്.

ആരാധനകൾ പഠിപ്പിക്കുക മാത്രമല്ല ഇവിടെ ബാധ്യതയാകുന്നത്, അത് കുട്ടികൾക്കു ഇഷ്ടകരമായ, സ്വയം താൽപര്യമുള്ള ഒരു ജീവിത ശീലമാക്കാൻ വേണ്ടുന്ന രീതിയിൽ നമ്മുടെ ഭാഗത്തു നിന്ന് തുടക്കം മുതലേ അനിവാര്യമായ കാൽവയ്പുകൾ ഉണ്ടാവുകയെന്നതാണ് പ്രധാനമായും വേണ്ടത്. ആരാധനകൾ പഠിപ്പിച്ചെടുക്കുകയെന്നത് മതവിദ്യാഭ്യാസത്തിന്റെ ഭാഗമായി നേടിക്കൂടായ്കയില്ല. എന്നാൽ അത് അവരുടെ നിത്യജീവിത ശീലങ്ങളുടെ അജണ്ടയിലേക്ക് ചേർത്ത് കിട്ടുകയെന്നത് പ്രയാസകരമാണെങ്കിലും പ്രധാനം തന്നെയാണ്. ഇവിടെയാണ് നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കാനുള്ളത്. വളർന്നുകൊണ്ടിരിക്കുന്ന ഒരു വിശ്വാസിയിൽ നിർബന്ധ ബാധ്യതയായിട്ടുള്ള ഇസ്‌ലാമിലെ പ്രധാന ആരാധനാകർമങ്ങൾ നമസ്കാരം, നോമ്പ്, സകാത്, ഹജ്ജ് എന്നിവയാണല്ലോ. ഇതിന്റെ അനിവാര്യത ബോധ്യപ്പെട്ട ഹൃദയത്തിന്റെ പ്രചോദനത്തിൽ നിന്ന് ശീലത്തിന്റെ ഫലകങ്ങളിലേക്ക് ആരാധനകൾ കർമമായി

പരിവർത്തിക്കപ്പെടാൻ നമ്മെ സഹായിക്കാനുള്ളത് പ്രവാചകന്റെ ജീവിത രീതികളും അവ സ്വീകരിച്ച് അനുവർത്തിച്ച സ്വഹാബികളുടെ മാതൃകകളും തന്നെയാണ്. ഏറ്റവും നല്ല ഒരു രണ്ടാം തലമുറ വളർന്നു വരാനും അവരിൽ ആരാധനകൾ ഇഷ്ടപ്പെട്ട ജീവിത ശീലങ്ങളാവാനും അവർ പ്രയോഗിച്ച മാർഗങ്ങൾ തന്നെയാണ് നമുക്കും അവലംബനീയം. അവയെ ഒരു ശിക്ഷണത്തിന്റെ (തർബിയത്) കണ്ണിലൂടെ വിലയിരുത്താനാണ് നാം ശ്രമിക്കുന്നത്. (കർമ ശാസ്ത്ര കണ്ണിലൂടെ അല്ലെന്നർഥം).

**നമസ്കാരം**

അല്ലാഹുവിന്റെ വിശുദ്ധ വചനത്തിൽ നിന്ന് തന്നെ നമുക്ക് തുടങ്ങാം ആ അന്വേഷണം. അല്ലാഹു പറഞ്ഞു:"നിന്റെ കുടുംബത്തോട് നീ നമസ്കരിക്കാൻ കൽപിക്കുകയും, അതിൽ (നമസ്കാരത്തിൽ) നീ ക്ഷമാപൂർവം ഉറച്ചുനിൽക്കുകയും ചെയ്യുക. നിന്നോട് നാം ഉപജീവനം ചോദിക്കുന്നില്ല. നാം നിനക്ക് ഉപജീവനം നൽകുകയാണ് ചെയ്യുന്നത്. ധർമനിഷ്ഠയ്ക്കാകുന്നു ശുഭപര്യവസാനം''(20:132).

രണ്ടു കാര്യങ്ങളാണ് ഈ വചനത്തിലൂടെ അല്ലാഹു പ്രവാചകൻﷺയോട് കൽപിക്കുന്നത്; കുടുംബത്തോട് നമസ്കാരം കൽപിക്കാനും സ്വയം നമസ്കാരത്തിൽ ക്ഷമാപൂർവം ഉറച്ചു നിൽക്കാനും. കേവല കൽപന കൊണ്ട് നമസ്കാരം ശീലമാവില്ലെന്നും അത് കൽപിക്കുന്നവർ അതിൽ വീഴ്ച വരുത്തുന്നില്ലന്നു കൽപിക്കപ്പെട്ടവർക്ക് കൺനിറയെ കാണാൻ കഴിയുമാറ് അതിൽ നിഷ്ഠ പുലത്തുന്നവർ കൂടിയാവണം എന്നുമാണ് ഇതിൽ നിന്ന് നമുക്ക് വായിച്ചെടുക്കാൻ കഴിയുന്നത്. ഇത് തന്നെയാണ് ഒന്നാമത്തെ കാൽവയ്പ്. ക്ഷീണത്തിലും ഉന്മേഷത്തിലും രോഗത്തിലും ആരോഗ്യത്തിലും താമസത്തിലും യാത്രയിലും കൈവിടാതെ നിലനിർത്തുന്ന ഒന്ന് എന്റെ മാതാപിതാക്കളോടൊപ്പം ഉണ്ടെന്ന തിരിച്ചറിവ് ഉണ്ടാകണം. ആ സമയം അവരും അതിൽ പങ്കാളികളാവണമെന്ന രക്ഷിതാക്കളുടെ 'കൽപന' വരുമ്പോൾ അതീവ ഗൗരവത്തിൽ അവർ സ്വാഭാവികമായും അതിലേക്ക് പ്രവേശിച്ചു തുടങ്ങും. എന്നാൽ തിരിച്ചാവുമ്പോൾ കേവല 'കല്പന'യുടെ ശബ്ദ തരംഗങ്ങൾക്ക് പ്രതിധ്വനി പ്രതീക്ഷിക്കുന്നതിൽ അർഥമില്ല. നമസ്കാരം മുറതെറ്റാതെ ഗൗരവത്തിൽ നിലനിർത്തുന്ന രക്ഷിതാക്കൾക്കാണ് മക്കളിൽ ആ ശീലം എളുപ്പം വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ എന്നർഥം. അതില്ലാത്തിടത്തോളം കാലം മദ്റസകളെയും അധ്യാപകരെയും പഴിപറയുന്നതിൽ കാര്യമില്ല.

കുട്ടിക്കാലം മുതലേ നമസ്കാരത്തിൽ മക്കളെ രക്ഷിതാക്കൾ കൂടെ കൂട്ടലാണ് നമസ്കാരം ശീലിപ്പിക്കാനുള്ള ഒരു വഴി. നബിﷺ പറഞ്ഞു: "കുട്ടിക്ക് അവന്റെ ഇടതിൽ നിന്ന് വലത് ഭാഗം (വേർതിരിച്ചു) അറിഞ്ഞാൽ (പ്രായമായാൽ) അവനോടു നിങ്ങൾ നമസ്കാരത്തെ കൽപിച്ചു കൊള്ളുവിൻ"(മജ്മഉസ്സവാഇദ് 1/299). അഥവാ കുഞ്ഞു പ്രായം മുതൽക്ക് തന്നെ അവർ നമസ്കാരത്തിൽ പങ്കാളികളായി തുടങ്ങണമെന്ന്. എന്നാൽ നിർബന്ധമായും ഏഴ് വയസ്സാകുമ്പോഴാണ് അവരോടു നമസ്കാരം കൽപിക്കേണ്ടതും നമസ്കാരത്തിന്റെ നിയമങ്ങളും രൂപങ്ങളും പഠിപ്പിച്ചു തുടങ്ങേണ്ടതും. നാം ധാരാളം കേട്ട് ശീലിച്ച നബിവചനമാണല്ലോ ഏഴു വയസ്സായാൽ കുട്ടികളോട് നമസ്കാരം കൊണ്ട് കൽപിക്കണമെന്നും പത്തു വയസ്സായാൽ (അതിൽ വീഴ്ച വരുത്തിയാൽ) അടിക്കണം (അബൂദാവൂദ്) എന്നുമുള്ളത്. എന്നാൽ ഇമാം തിർമിദി ഉദ്ധരിക്കുന്ന സ്വഹീഹായ ഹദീഥിൽ കൽപിക്കുക എന്ന പദത്തിന്റെ സ്ഥാനത്ത് പഠിപ്പിക്കുക എന്നാണുള്ളത്. ഒരു കുട്ടിക്ക് ഏഴ് വയസ്സായാൽ തന്നെ അവനെ നമസ്കാരം പഠിപ്പിക്കണമെന്നർഥം.

നബിﷺയും അനുചരന്മാരായ രക്ഷിതാക്കളും മക്കളെ നേരിട്ട് നമസ്കാരത്തിന്റെ രൂപവും വുദൂഇന്റെ രൂപവും അവയുടെ മര്യാദകളും പ്രാർഥനകളും യഥാവിധി പഠിപ്പിക്കുകയും ശീലിപ്പിക്കുകയും ചെയ്തിരുന്നതായി നമുക്ക് ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും.

ഇമാം ഹസൻ ഇബ്ൻ അലിؓക്ക് വിത്ർ നമസ്കാരത്തിൽ ചൊല്ലാനുള്ള പ്രാർഥന നബിﷺ പഠിപ്പിച്ചതായി ഇമാം തിർമിദിയും നസാഈയും ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം. നബിﷺയുടെ പത്നിയായ ഉമ്മുസലമയുടെ വീട്ടിൽ അവരുടെ ബന്ധുക്കളിൽ പെട്ട ഒരു കുട്ടി വരികയും അന്ന് നമസ്കരിക്കുന്ന സമയം സുജൂദിൽ പോകുമ്പോൾ (മണ്ണ് നെറ്റിയിലും മൂക്കിലും പതിയാതിരിക്കാൻ) നിലത്ത് ഊതുകയും ചെയ്തു. അപ്പോൾ അവർ പറഞ്ഞു: അങ്ങനെ ചെയ്യരുത്. നബിﷺ ഞങ്ങളുടെ കൂട്ടത്തിലെ ഒരു കുട്ടിയോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; 'ഓ റബാഹ്! നിന്റെ മുഖത്ത് മണ്ണായിക്കൊള്ളട്ടെ' (എന്നാലും നിലത്ത് ഊതരുത്). നമസ്കാരത്തിന് നബിയുടെ കൂടെ അണികളായി നിൽക്കുമ്പോൾ നബിﷺ കുട്ടികളുടെ സ്ഥാനം നിർണയിച്ചു കൊടുത്തിരുന്നു. വിവേകമുള്ള മുതിർന്നവർ മുന്നിലും അവർക്ക് പിന്നിൽ കുട്ടികളും അവർക്ക് പിന്നിൽ സ്ത്രീകളും എന്ന ക്രമം നബിﷺ പഠിപ്പിച്ചു.

ഇമാം മുസ്‌ലിം ഇബ്നു മസഊദ്ؓവിൽ നിന്ന് ഉദ്ധരിക്കുന്നു: നബിﷺ നമസ്കാരത്തിന്റെ തുടക്കത്തിൽ ഞങ്ങളുടെ തോളുകളിൽ തട്ടി ഇങ്ങനെ പറയാറുണ്ടായിരുന്നു: 'നേരെചൊവ്വേ നിൽക്കുക, അണികൾ ഭിന്നിക്കരുത്. അപ്പോൾ നിങ്ങളുടെ ഹൃദയം ഭിന്നിക്കും. വിവരവും വിവേകവും ഉള്ളവർ എന്റെ തൊട്ടു പിന്നിൽ നിൽക്കട്ടെ. അതിന്റെ പിന്നിൽ മറ്റുള്ളവരും(കുട്ടികൾ) അതിന്റെ പിന്നിൽ മറ്റുള്ളവരും (സ്ത്രീകൾ)."

ഇപ്രകാരം നബിﷺയും സ്വഹാബികളും കുട്ടികളെ നമസ്കാരത്തിൽ പങ്കാളികളാക്കുകയും അവർക്കാവശ്യമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിൽ ശ്രദ്ധ പുലർത്തുകയും ചെയ്തിരുന്നു. അതിലൂടെ അവർക്ക് നമസ്കാരം ഇഷ്ടമുള്ളതും പ്രധാനപ്പെട്ടതും ശീലവും ആയിത്തീർന്നു. ആ പാത തന്നെയാണ് നമ്മളും പിന്തുടരേണ്ടത്.


**(തുടരും)**

(പേജ് 17ൽ നിന്ന് തുടർച്ച)

വർഷങ്ങളായി ഓലഷെഡ്ഡിൽ കഴിഞ്ഞിരുന്ന ഒരു കുടുംബത്തിന് നാട്ടിലെ സന്മനസ്സുള്ളവരെല്ലാം ചേർന്ന് ഒരു ചെറിയ വീട് നിർമിച്ച് നൽകി എന്നിരിക്കട്ടെ, അത് ആ കുടുംബനാഥന് ഏറെ കാലങ്ങളായുള്ള സ്വപ്നത്തിന്റെ സാക്ഷാത്കാരവും വലിയൊരു ആശ്വാസവുമാണ്. എന്നാൽ അയാളുടെ മനസ്സ് അസ്വസ്ഥമാണ്. മുമ്പ് കുടിലിൽ കഴിഞ്ഞിരുന്ന അതേ മനോഗതിയാണയാൾക്ക് ഇപ്പോഴും ഉള്ളത്. അന്ന് വീടിന്റെ അഭാവമാണ് അയാളെ അലട്ടിയിരുന്നെങ്കിൽ ഇന്ന് വീടിന്റെ വിശാലതക്കുറവും സൗകര്യമില്ലായ്മയും മറ്റുള്ളവർക്കുള്ള സൗകര്യപ്രദമായ സൗന്ദര്യമുള്ള വീടുമാണ് അയാളെ വേട്ടയാടുന്നത്. അയാളുടെ മനസ്സ് നിറയുന്നില്ല. ഇത്തരം ധാരാളം ആളുകളെ സമൂഹത്തിൽ നമുക്ക് കാണാം. പ്രവാചകൻﷺ പറഞ്ഞു: "ആദം സന്തതിക്ക് സ്വർണത്താലുള്ള ഒരു താഴ്വര ഉണ്ടായാൽ രണ്ടെണ്ണമുണ്ടായിരുന്നെങ്കിൽ എന്നവൻ ആഗ്രഹിക്കും. മണ്ണല്ലാതെ അവന്റെ വായനിറക്കുകയില്ല" (ബുഖാരി-6439).

വാട്സാപ്പിലൂടെ പ്രചരിച്ച ഒരു സാങ്കൽപിക കഥ ഏറെ ഗുണപാഠമുൾക്കൊള്ളുന്നതാകയാൽ ഇവിടെ കുറിക്കട്ടെ: "ഒരാൾ ദിനേന രണ്ട് പാത്രത്തിൽ വെള്ളം ചുമന്ന് ഒരു വഴിയിലൂടെ നടക്കാറുണ്ടായിരുന്നു. ക്രമേണ അതിലൊരു പാത്രത്തിന് ദ്വാരം വീണു. അയാൾ ആ ദ്വാരം തുണി ഉപയോഗിച്ച് അടച്ചു. എന്നാലും വെള്ളം ആ ദ്വാരം വഴി താഴേക്ക് ഒഴുകിക്കൊണ്ടിരുന്നു. അയാൾക്കതിൽ വിഷമമൊന്നും തോന്നിയിരുന്നില്ല. എന്നാൽ ഇതേ ചൊല്ലി രണ്ട് പാത്രങ്ങളും തമ്മിൽ തർക്കിച്ചുകൊണ്ടിരുന്നു. കാലങ്ങൾ പിന്നിട്ടു. അയാൾ ദ്വാരം വീണ പാത്രം ഒഴിവാക്കാൻ തയ്യാറായില്ല. ഉടമക്ക് എന്നെക്കൊണ്ട് യാതൊരു നേട്ടവുമില്ല എന്നോർത്ത് ദ്വാരം വീണ പാത്രം നിരാശനായി. ഉടമ ദീർഘദൂരം സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്തേക്കെത്തുമ്പോഴേക്ക് തന്നിലുള്ള മുഴുവൻ വെള്ളവും വഴിയിൽ തീർന്ന് പോവുന്നു. എന്നാൽ മറ്റേ പാത്രമാകട്ടെ തന്റെ യജമാനനോടുള്ള ബാധ്യത യഥാവിധം നിറവേറ്റുന്നു. ഇതിന്റെ പേരിൽ ദ്വാരമുള്ള പാത്രത്തെ മറ്റേ പാത്രം പരിഹസിച്ച് കൊണ്ടിരിക്കുന്നു.

ദ്വാരമുള്ള പാത്രം അത്യന്തം വ്യസനിച്ച് ജമാനനോട് തന്റെ സങ്കടം പറയുന്നു. യജമാനൻ പറഞ്ഞു: വിഷമിക്കേണ്ട.



നിങ്ങൾ രണ്ടുപേരും ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കുന്നുണ്ട്. ദ്വാരമില്ലാത്ത പാത്രത്തിലുള്ള വെള്ളം ഞാൻ വീട്ടിലെത്തിച്ച് എന്റെ ആവശ്യങ്ങൾ നിർവഹിക്കുന്നുവെന്നത് യാഥാർഥ്യമാണ്. എന്നാൽ നിന്നെക്കൊണ്ട് എനിക്കുണ്ടായ പ്രയോജനം മറ്റേപാത്രം കൊണ്ട് എനിക്കുലഭിക്കുന്നില്ല. ഇത് കേട്ട പാത്രം അത്ഭുതപ്പെട്ടു. തന്നെക്കൊണ്ട് എന്തുനേട്ടമാണ് യജമാനന് ഉണ്ടായത്? ഇന്നേവരെ തനിക്ക് തന്നിലുള്ള വെള്ളം ലക്ഷ്യസ്ഥാനത്തെത്തിക്കാൻ സാധിച്ചിട്ടില്ല. പാത്രം തന്റെ സംശയം ഉടമസ്ഥനോട് പ്രകടിപ്പിക്കുന്നു. അത് ബോധ്യപ്പെടുത്താൻ രണ്ട് പാത്രങ്ങളെയും കൂട്ടി ഉടമ നിത്യവും സഞ്ചരിക്കുന്ന വഴിയിലെത്തി. വഴിയുടെ ഒരു ഭാഗത്ത് മാത്രം മനോഹരമായ ചെടികൾ പച്ചപിടിച്ച് നിറഞ്ഞുനിൽക്കുന്നതായി അവർ കണ്ടു. ദ്വാരമില്ലാത്ത പാത്രത്തിന്റെ ഭാഗത്താകട്ടെ, പുല്ലുകൾ പോലും മുളച്ചിട്ടില്ല. ഇത് രണ്ടും കാണിച്ച് കൊടുത്തശേഷം ഉടമ പറഞ്ഞു: ദ്വാരമുള്ള പാത്രത്തിന് ചെയ്യാൻ സാധിച്ച ജോലി ദ്വാരമില്ലാത്ത പാത്രത്തിന് ചെയ്യാൻ സാധിച്ചില്ല. തിരിച്ചും അങ്ങനെത്തന്നെ. രണ്ട് പാത്രങ്ങളും തുല്യമായ സേവനം ചെയ്തിട്ടുണ്ട്. ആരും മറ്റൊരാളെ പരിഹസിക്കേണ്ടതില്ല. ഒരാളുടെ നന്മ കണ്ടെത്താൻ കഴിയുക എന്നതാണ് ഏറ്റവും വലിയ കഴിവ്. അതല്ലാതെ ഒരാളിലുള്ള ന്യൂനതമാത്രം പർവതീകരിച്ച് അയാളെ താറടിക്കലല്ല. എന്നാൽ മാത്രമെ നന്ദിയുള്ള ഹൃദയം രൂപപ്പെടുകയുള്ളൂ."

നന്ദികാണിക്കാൻ സാധിക്കുക നിറഞ്ഞ മനസ്സുള്ളവർക്ക് മാത്രമാണ്. ലഭിച്ചതിലുള്ള സംതൃപ്തി മൂലം സായൂജ്യമടഞ്ഞവരുടെ ഹൃദയം ഒരിക്കലും ശൂന്യമാ

വുകയില്ല. എത്ര ചെറിയ അനുഗ്രഹം കിട്ടിയാലും അവരുടെ മനസ്സിൽ അത് നിറയും. സന്തോഷത്താൽ അവർ പ്രസന്നവദനരാകും. അവർക്ക് പരാതികളും പരിഭവങ്ങളും കുറവായിരിക്കും. മറ്റുള്ളവരോട് അസൂയയോ വിദ്വേഷമോ വെച്ച്പുലർത്തുകയില്ല. വിഷലിപ്തമായ ചിന്തകൾക്ക് അവർ മനസ്സിൽ സ്ഥാനം നൽകുകയില്ല. ഇത്തരം ആളുകൾക്ക് മാത്രമെ മനസ്സറിഞ്ഞ് നന്ദി പറയാൻ സാധിക്കുകയുള്ളൂ.

നന്ദിയുള്ള ഹൃദയത്തിന്റെ ഉടമയിൽ നിന്നും ധാരാളം സദ്ഗുണങ്ങൾ പുറത്തേക്ക് വരും. സ്നേഹം, അനുകമ്പ, ദയ, കാരുണ്യം, ബഹുമാനം, സഹായമനസ്ഥിതി തുടങ്ങിയവ. എന്നാൽ നന്ദിയില്ലാത്ത ഹൃദയത്തിൽ നിന്നാകട്ടെ അസൂയ, പക, വിദ്വേഷം തുടങ്ങിയ മാനുഷികവിരുദ്ധ വികാരങ്ങളാണ് ഉടലെടുക്കുക. മറ്റാരെങ്കിലും തനിക്ക് ചെയുതന്ന ചെറുതോ വലുതോ ആയ ഉപകാരങ്ങളെ നന്ദിപൂർവം സ്മരിക്കുന്ന വ്യക്തി സമൂഹത്തിന് നന്മചെയ്യുക എന്നത് തന്റെകൂടി ബാധ്യതയായി മനസ്സിലാക്കുന്നു. വ്യക്തികളോ സംഘടനകളോ സമൂഹമോ ചെയ്തുതന്ന സേവനത്തിന് പ്രത്യുപകാരം ചെയ്തുകൊടുക്കാനുള്ള തന്റെ ബാധ്യതയെക്കുറിച്ച് അവൻ സദാ ബോധവാനായിരിക്കും. കാരുണ്യവും സമസൃഷ്ടി സ്നേഹവും അവന്റെ മനസ്സിൽ നിറഞ്ഞ് നിൽക്കും. ഒരുപ്രവാചക വചനം ശ്രദ്ധിക്കുക: ജാബിറുബ്നു അബ്ദുല്ല ﵁ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: “ആർക്കെങ്കിലും വല്ല ദാനവും ലഭിക്കുകയും അതുമുഖേന അവന്റെ കാര്യം സാധിക്കുകയും ചെയ്താൽ അവൻ അതിന് പ്രത്യുപകാരം ചെയ്യട്ടെ. കാര്യം നടന്നില്ലെങ്കിൽ അവൻ അതിൽ സന്തോഷം പ്രകടിപ്പിക്കട്ടെ. ആരെങ്കിലും സന്തോഷം പ്രകടിപ്പിച്ചാൽ അവൻ നന്ദി പ്രകടിപ്പിച്ചു. മറച്ചുവെച്ചാൽ അവൻ നന്ദികേട് കാണിച്ചു” (അബൂദാവൂദ്-4815, തിർമിദി-2034).

ദിനേന ഒരുപാട് പേരുടെ സൽപ്രവർത്തനങ്ങളുടെ ഫലം നേരിട്ടും അല്ലാതെയും അനുഭവിക്കുന്നവരാണ് നാം. നമ്മുടെ പ്രിയപ്പെട്ട മാതാപിതാക്കൾ, നമുക്ക് വിദ്യപകർന്ന് തരുന്ന ഗുരുനാഥന്മാർ, എന്തിനും ഏതിനും വിളിപ്പുറത്തെത്തുന്ന അയൽവാസികൾ, കുടുംബക്കാർ, നടന്ന് ക്ഷീണിക്കുന്ന ഘട്ടങ്ങളിൽ നമുക്ക് ലിഫ്റ്റ് തരുന്നവർ, വഴിയറിയാതെ പ്രയാസപ്പെടുന്ന സന്ദർഭങ്ങളിൽ വഴികാണിച്ച് തരുന്ന സുമനസ്സുകൾ, ദാഹിച്ച് വലയുമ്പോൾ കുടിനീര് നൽകുന്നവർ, ഏതെങ്കിലും സ്ഥലത്ത് ചെന്ന് തിരിച്ച് വരാൻ പണമില്ലാതെ ഒരൊറ്റ രൂപ നാണയത്തിന്റെ പോലും മൂല്യം തിരിച്ചറിയുന്ന സന്ദിഗ്ധ ഘട്ടങ്ങളിൽ പണം തന്ന് സഹായിക്കുന്നവർ, രക്തം നൽകി ജീവൻ രക്ഷിക്കുന്നവർ, ഏതെങ്കിലും മേഖലയിൽ അടിതെറ്റിയാൽ കൈത്താങ്ങേകുന്നവർ...എണ്ണിയാലൊടുങ്ങില്ല സമൂഹം നമുക്ക് ചെയ്തു തരുന്ന സേവനങ്ങൾ. ഇതിനൊന്നും നന്ദി പറയാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അതൊരു വലിയ നഷ്ടമാണ്. സഹസൃഷ്ടികളോട് നന്ദികാണിക്കാത്തവർക്ക് ലോകൈകനാഥനായ അല്ലാഹുവിനോട് നന്ദി പറയാൻ സാധിക്കുകയില്ല. അബൂഹുറയ്റ ﵁ നിവേദനം: പ്രവാചകൻ ﷺ പറഞ്ഞു: “ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോട് നന്ദി കാണിക്കുകയില്ല” (അബൂദാവൂദ്-4813, തിർമിദി-1954).

സ്രഷ്ടവായ അല്ലാഹുവിനോട് നന്ദി കാണിക്കുക എന്നത് ആരാധനയാണ്. നന്ദികേട് കാണിക്കലാകട്ടെ ആരാധനയെ നിരാകരിക്കലും. ആത്മാർഥമായി നന്ദികാണിക്കുന്ന അടിമകളുണ്ടാകുന്നത് കാരുണ്യവാനായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെപ്പറ്റി ബോധ്യപ്പെടുമ്പോഴാണ്. നാം ശ്വസിക്കുന്ന വായുവും കുടിക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവുമെല്ലാം ഈ ലോകത്ത് അല്ലാഹു സംവിധാനിച്ചത് നമ്മോടുള്ള അളവറ്റ കാരുണ്യം മൂലമാണ്. അനസ് ബ്നു മാലിക് ﵁ റിപ്പോർട്ട് ചെയ്യുന്ന ഒരു പ്രവാചക വചനം ഇപ്രകാരമാണ്: “അടിമ ഓരോ ഉരുള ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്തുതിക്കുന്നത് അവന് ഇഷ്ടമാണ്. അല്ലെങ്കിൽ ഓരോ ഇറക്ക് വെള്ളം കുടിക്കുമ്പോഴും അല്ലാഹുവിനെ സ്തുതിക്കുന്നത് അവനിഷ്ടമാണ്” (മുസ്ലിം-7108).

അല്ലാഹു പറയുന്നു: “ആകയാൽ എന്നെ നിങ്ങൾ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട് നിങ്ങൾ നന്ദികാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്” (2/152).

എത്രകിട്ടിയാലും വയറ്നിറയാത്ത, മനം നിറയാത്ത, കടമകളെയും കടപ്പാടുകളെയും കുറിച്ച് ബോധമില്ലാത്ത, നന്ദികാണിക്കാനുള്ള മനസ്സില്ലാത്തവരിൽ നിന്നും സമൂഹം വലുതായൊന്നും പ്രതീക്ഷിക്കുന്നില്ല. യാതൊരു ഉപകാരവും ചെയ്യാനുള്ള സന്നദ്ധത അത്തരക്കാരിൽ നിന്ന് ഉണ്ടാവുകയില്ല. അവന്റെ സഹജീവികളാവട്ടെ അതിൽ കവിഞ്ഞൊന്നും അവനിൽ നിന്നും പ്രതീക്ഷിക്കുന്നുമില്ല. ചുറ്റുപാടിലുമുള്ള ഒരാൾക്കും യാതൊരു ഉപകാരവും ചെയ്യില്ല. എന്ന് മാത്രമല്ല, അവർക്കുണ്ടാകുന്ന ഏതൊരു നന്മയിലും നേട്ടത്തിലും അവൻ കൂടുതൽ അസ്വസ്ഥനാകുന്നു. സ്വന്തം പരിമിതികളിലും ന്യൂനതകളിലും ബന്ധിതമായ മനസ്സിനെ സ്വതന്ത്രമാക്കാതെ സ്വയം ബന്ധിച്ച് നടക്കുന്നവരാണ് ഇത്തരക്കാർ. എന്നാൽ സന്മനസ്സിന്റെ ഉടമകളാവട്ടെ നന്മകളെ കുറിച്ച് മാത്രം ചിന്തിക്കാനും അവയിൽ സംതൃപ്തമാവാനും അത് നൽകിയവനോടും അതിന് കാരണമായവരോടും ഹൃദയം നിറഞ്ഞ നന്ദിയുള്ളവരായിരിക്കും. അത് മനസ്സിലൊതുക്കാതെ പ്രകടിപ്പിക്കാനും അവർ പ്രതിജ്ഞാബദ്ധരായിരിക്കും. ●



അബൂ മുഫീദ്
mail@nerpatham.com

കവിത

# കറുത്തമാനവും വെളുത്ത പ്രതീക്ഷകളും

നമ്മെ കാണുമ്പോൾ ആരെങ്കിലും
മുഖം കറുപ്പിച്ചാൽ
നമ്മുടെ മുഖവും കറുക്കാറുണ്ട്.
വെളുത്ത മുഖവുമായി
നമ്മെ നോക്കുന്നവരെ കാണുമ്പോൾ
നമ്മുടെ മുഖവും വെളുക്കും.
എന്നാൽ മാനത്തിന്റെ മുഖം
വെളുത്താലാണ്
നമ്മുടെ മുഖം കറുക്കുക!
മാനത്തിന്റെ മുഖം കറുത്താൽ
നമ്മുടെ മുഖം വെളുക്കും!
കാരണം,
മുഖം കറുപ്പിച്ച് നിൽക്കുന്ന മാനം
നനവാർന്ന പ്രതീക്ഷകൾ നൽകുന്നു.
മിന്നലിന്റെ മൂർച്ചയേറിയ വാളുകളും
ഇടിനാദത്തിന്റെ പടഹധ്വനിയുമായി
അനന്തകോടി മഴനൂൽ സൈന്യം
വിണ്ണിൽനിന്ന് മണ്ണിലേക്ക് കുതിക്കും
വാപൊളിച്ച് ചത്തു കിടക്കുന്ന
ഭൂമിയുടെ വായിലേക്കവ
ഒഴുകിയിറങ്ങി ജീവൻ നൽകും
മലകൾക്കുള്ളിൽ മറഞ്ഞിരിക്കുന്ന
നദികളെയും പുഴകളെയും
വലിച്ചു പുറത്തേക്കിടും
നടന്നു ശീലിച്ച വഴികളിലൂടെ
അവയെ ആട്ടിപ്പായിക്കും
കിണറുകളുടെയും കുളങ്ങളുടെയും
ദാഹവും വിശപ്പുമകറ്റും
നുരുമ്പിയ ചേലയഴിച്ചുമാറ്റി
ഭൂമിയെ പച്ചപ്പട്ടണിയിക്കും
മിന്നലിന്റെ വാളുകൊണ്ട്
ചിലരുടെ തലവെട്ടുമെങ്കിലും
മറ്റുചിലരെ ആർത്തലച്ചുള്ള വരവിൽ
കൂടെ കൊണ്ടുപോകുമെങ്കിലും
ജീവന്റെയാധാരമായ,
അടുക്കളകളെയും കുളിമുറികളെയും
ത്രസിപ്പിച്ചു നിർത്തുന്ന
അമൃതജലം നൽകുന്ന,
മഴനൂലുകളെ
പ്രണയിക്കാതിരിക്കാൻ
ആർക്കുമാകില്ല!
അതെ,
കറുത്ത മാനം നൽകുന്നത്
വെളുത്ത പ്രതീക്ഷകളാണ്.

# അവതരിപ്പിക്കുന്നു കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ ക്ലിക്ക് ചെയ്യുക.
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 10 June 2017

Reg NO: KL/CT/225/2016-18
Price: ₹10/-

www.micc.in | miccindia



# ഹൃദയങ്ങളാൽ
## ഞങ്ങൾ അറിയപ്പെടുന്നു

METROMED INTERNATIONAL CARDIAC CENTRE | MICC all about heart

**A to Z in Cardiology**

പതിനായിരങ്ങളുടെ ഹൃദയങ്ങളിലെ മുറിവുണക്കി ഹൃദയ പരിചരണത്തിന്റെ പര്യായമായി മാറിയ മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്ററിൽ നിങ്ങളർപ്പിച്ച വിശ്വാസത്തിന് ഒരായിരം നന്ദി

• ഉത്തര കേരളത്തിലെ ആദ്യത്തെ ഹൃദയ മാറ്റിവെക്കൽ ശസ്ത്രക്രിയാ കേന്ദ്രം •
• മലബാറിലെ ആദ്യത്തെ 3D മാപ്പിംഗ് ഇലക്ട്രോ ഫിസിയോളജി ലാബ് •
• അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ •
• പ്രഗത്ഭരായ ഡോക്ടേഴ്സ് •
• ഏറ്റവും മികച്ച ചികിത്സാന്തരീക്ഷം •
• ലോകത്തിലെ ഏറ്റവും ചെറിയ പേസ്മേക്കറായ 'മൈക്ര' ഇംപ്ലാന്റേഷൻ •

trueberry.in

METROMED INTERNATIONAL CARDIAC CENTRE. Near HiLite Mall, Thondayad Bypass Road, Calicut Kerala - 673014.
Email: info@micc.in | Ph: 0495 6615555, 9048665555